www.yespressbooks.com

# YES PRESS BOOKS CATALOGUE

2022

# YPB HOME LIBRARY SCHEME



# വീട്ടിൽ ഒരു ലൈബ്രറി

## One Year Scheme

അംഗത്വഫീ – 300 രൂപ
സമ്മാനം – 300 രൂപയുടെ പുസ്തകങ്ങൾ
കിഴിവ് – 20% ഓരോ വാങ്ങലിനും
കാലാവധി – ഒരു വർഷം
തപാൽ ചിലവ് – സൗജന്യം*

## Two Year Scheme

അംഗത്വഫീ – 500 രൂപ
സമ്മാനം – 750 രൂപയുടെ പുസ്തകങ്ങൾ
കിഴിവ് – 25% ഓരോ വാങ്ങലിനും
കാലാവധി – രണ്ടുവർഷം
തപാൽ ചിലവ് – സൗജന്യം*

## Five Year Scheme

അംഗത്വഫീ – 1000 രൂപ
സമ്മാനം – 1600 രൂപയുടെ പുസ്തകങ്ങൾ
കിഴിവ് – 30% ഓരോ വാങ്ങലിനും
കാലാവധി – അഞ്ച് വർഷം
തപാൽ ചിലവ് – സൗജന്യം*



- സമ്മാനപുസ്തകങ്ങൾ യെസ്പ്രസ് ബുക്സിന്റെ 300 ലേറെ ടൈറ്റിലുകളിൽ നിന്നും തെരെഞ്ഞെടുക്കാം
- പദ്ധതിപ്രകാരമുള്ള കിഴിവ് യെസ്പ്രസ് ബുക്സിന്റെ പുസ്തകങ്ങൾക്ക് മാത്രം
- മറ്റു പ്രസാധകരുടെ പുസ്തകങ്ങൾക്ക് അതാത് കാലത്ത് നിശ്ചയിക്കുന്ന കിഴിവ് മാത്രം
- മുന്നൂറ് രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് മാത്രം തപാൽ ചിലവ് സൗജന്യം.

YES PRESS BOOKS, PB NO. 17, OUSHADHI JN., COURT ROAD, PERUMBAVOOR, ERNAKULAM - 683542
LAND LINE : 0484 259 1051, 0484 2929051 , CELL : 90485 88887, 99477 73887
Email : yespresbooks@gmail.com Website : www.yespressbooks.com

SCAN & PAY

**G Pay & Phone Pe**
99477 73887
[YES PRESS BOOKS]

BANK TRANSFER

YES PRESS BOOKS
A/C NO. : 32850200000194
BANK OF BARODA, PERUMBAVOOR
IFSC : BARB0PERMBA

**യെസ്പ്രസ് ബുക്സ്**

# കാറ്റലോഗ്

www.yespressbooks.com

2015 സെപ്റ്റംബർ മാസമാണ് യെസ്പ്രസ് ബുക്സ് പുസ്തകപ്രസാധന രംഗത്തേക്ക് കടന്നുവരുന്നത്. ആറുവർഷം പിന്നിടുമ്പോൾ മുന്നൂറിലേറെ പുസ്തകങ്ങൾ മലയാളത്തിന് സമർപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. അവയിൽ പലതിനും പല പതിപ്പുകൾ വന്നു.


യെസ്പ്രസ് ബുക്സിന്റെ 2022 ഓഗസ്റ്റ് മാസം വരെയുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ ഈ കാറ്റലോഗിലുണ്ട്. കേരളത്തിലെ ഗ്രന്ഥശാല, സ്ക്കൂൾ, കോളേജ് അധികൃതർ ഉൾപ്പെടുന്ന വായനാലോകത്തിന് ഞങ്ങളെ പരിചയപ്പെടാൻ ഇത് സഹായകരമാകും.

ഇക്കാലമത്രയും നിങ്ങളേവരും ഞങ്ങൾക്ക് തന്ന സ്നേഹവാത്സല്യങ്ങൾക്ക് നന്ദി പറയുന്നു. തുടർന്നും നിങ്ങൾ ഓരോരുത്തരുടേയും അനുഗ്രഹവും കരുതലും ഞങ്ങൾ ആഗ്രഹിക്കുന്നു.

**സുരേഷ് കീഴില്ലം**
ചീഫ് എഡിറ്റർ
യെസ്പ്രസ് ബുക്സ്


**യെസ്പ്രസ് ബുക്സ്,**
പി.ബി നമ്പർ 17, ഔഷധി ജംഗ്ഷൻ, കോർട്ട് റോഡ്,
പെരുമ്പാവൂർ - 683542
Land No. 0484 2591051, 0484 2929051
Mob No. 9048588887, 9142577778, 997773887
E-mail: yespresbooks@gmail.com
Website : www.yespressbooks.com
Our GSTIN : 32BWAPS3670P1Z3

## നോവൽ




### അഗ്നിശിഖരങ്ങളിൽ കൂടൊരുക്കുമ്പോൾ

(നോവൽ) സദാനന്ദൻ ക്രാരിയേലി

വില – 190/-

സദാനന്ദൻ ക്രാരിയേലിയുടെ 'അഗ്നിശിഖരങ്ങളിൽ കൂടൊരുക്കുമ്പോൾ' എന്ന നോവലിലെ ഓരോ കഥാപാത്രങ്ങളും വ്യക്തിത്വവും ഉറപ്പുമുള്ളവരാണ്. ജീവിത ദുഃഖങ്ങളുടെ അഗ്നിശിഖരങ്ങളിലാണ് അവരും കൂടൊരുക്കിയിരിക്കുന്നത്.

-മനോജ് വെങ്ങോല






### അന്നാമ്മച്ചേടത്തി അമേരിക്കയിൽ

(നോവൽ) എബ്രഹാം മുത്തോലത്ത്

വില – 160/-

'ഡോളർ' എന്ന മലയാളചലച്ചിത്രത്തിന് ആധാരമായ നോവൽ. 'അന്നാമ്മച്ചേടത്തി അമേരിക്കയിൽ' കേവലം ഒരു ഹാസ്യനോവലല്ല, മനുഷ്യജീവിതത്തെ അതിസൂക്ഷ്മമായി, അതേസമയം നർമ്മരസത്തോടെ പകർത്തുന്ന സരളമായ ആഖ്യാനമാണ്.






### അവർ അനന്തരം (രണ്ടാം പതിപ്പ്)

(നോവൽ) ജോസഫ് ഓടക്കാലി

വില – 110/-

പെൺമനസ്സുകളുടെ ഭാവതരളതകളെ അവതരിപ്പിക്കുന്ന രണ്ട് ചെറുനോവലുകൾ. അർത്ഥഗർഭമായ മൗനത്തിലേക്ക് ആണ്ടുപോകുന്ന കഥാപാത്രങ്ങൾ. സ്വത്വബോധത്തിന്റെ പുതുതലങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന വായനാനുഭവം.






### ആമ്പാറച്ചെരുവിലെ അത്ഭുതവധം

(നോവൽ) കെ. കെ. കർത്ത

വില – 110/-

ഗ്രാമീണഅന്തരീക്ഷത്തിൽ നടക്കുന്ന അതിക്രൂരമായ കൊലപാതകവും കൊള്ളയും. സമർത്ഥനായ കുറ്റാന്വേഷകന്റെ രംഗപ്രവേശം. അന്വേഷണം അന്താരാഷ്ട്രതലത്തിലേക്ക് വികസിക്കുന്നത് ഗ്രന്ഥകാരൻ ചടുലമായി ആവിഷ്ക്കരിക്കുന്നു.



## നോവൽ




### ആഴക്കടൽ ചുവന്നപ്പോൾ

(നോവൽ) ചന്ദ്രൻ ആലപ്പാട്ട്

വില – 150/-



ആഴക്കടലിൽ ജീവൻ പണയംവച്ച് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ കഥ. കടലിന്റെ മാത്രമല്ല, കണ്ണീരിന്റേയും ഉപ്പുണ്ട് ഈ നോവലിൽ. ലളിതമായ രീതിയിൽ എഴുതപ്പെട്ട ഈ നോവൽ ഒറ്റയിരുപ്പിൽ വായിച്ചുതീർക്കാം.




### ഉറങ്ങാത്ത കണ്ണുകൾ

(നോവൽ) ബിജു അരീക്കൽ

വില – 100/-



എഴുത്തുകാരനോടൊപ്പം നിൽക്കുന്നൊരു മന:ശാസ്ത്രജ്ഞനേയും നോവലിസ്റ്റിൽ ദർശിക്കാനാകും. അനാവശ്യവിവരണമോ, പദപ്രയോഗങ്ങളോ, സമൂഹത്തെ വിഷലിപ്തമാക്കുന്ന ആശയങ്ങളോ ഒന്നും തന്നെയില്ലാത്ത ഈ നോവൽ നല്ലൊരു വായന സമ്മാനിക്കുന്നു.

-ശ്രീജ വാര്യർ




### എന്റെ ഭൂമിയമ്മയ്ക്ക്

(നോവൽ) ഈശ്വരദാസ്

വില – 100/-



ആർഷഭാരത സംസ്കാരത്തിന്റെ ലക്ഷ്യമായ വിശ്വമാനവികതയാണ് നോവലിന്റെ പ്രമേയം. ദ്വാപരയുഗാന്ത്യത്തിൽ നിന്ന് ആരംഭിക്കുന്ന നോവൽ കലിയുഗത്തിൽ സംഭവിച്ചുകൊണ്ടിരുന്ന രാഷ്ട്രീയ അപജയങ്ങളിലൂടെ കടന്നുപോകുന്നു.

-അനിൽ എഴുത്തച്ഛൻ




### എയ്ഡ്സിന്റെ ഇരകൾ

(നോവൽ) പി. എൻ. മണി

വില – 150/-



എയ്ഡ്സ് വൈറസ് ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് എങ്ങനെയെല്ലാം പകരുന്നുവെന്ന് മനസ്സിലാക്കി അത്തരം സന്ദർഭങ്ങളിൽ നിന്നകന്നു നിൽക്കാൻ നമ്മെ സഹായിക്കുന്ന നോവൽ.

## നോവൽ




### ഒന്നും പറയാതെ


(നോവൽ) ദിനേശ് മുട്ടം

**വില – 100/-**



കറുത്തനായ പുരുഷൻ ദുർബലയായ സാധു പെൺകുട്ടിയുടെ പ്രതികാരാഗ്നിയിൽ വെന്തെരിയുന്ന കഥയാണ് 'ഒന്നും പറയാതെ' എന്ന നോവലിന്റെ പ്രമേയം. പ്രണയവും വിരഹവും ആകുലതകളും കലർത്തി വായനാസുഖം പകരുന്ന ആഖ്യാനം.

–ജോളി കളത്തിൽ




### ഒരു പെൺകുട്ടി മാത്രമുള്ള വീട്

(നോവൽ) സ്വാമിയാൻ

**വില – 100/-**



പ്രതിദിനം അരാഷ്ട്രീയവത്കരിക്കപ്പെടുന്ന ഒരു ലോകത്ത്, ഒരു കാലത്ത് എഴുത്തുകാരന്റെ ദൗത്യം ലോകത്തെ, കാലത്തെ കൺതുറന്നു കാണുക എന്നതാണ്. കണ്ടകാഴ്ചകൾ സത്യസന്ധമായി അടയാളപ്പെടുത്തുക എന്നതാണ്. അതാണ് എഴുത്തുകാരന്റെ രാഷ്ട്രീയം. ആ രാഷ്ട്രീയദൗത്യം സ്വാമിയാൻ കൃത്യമായി നിർവ്വഹിച്ചിരിക്കുന്നു.

–സുരേഷ് കീഴില്ലം




### ഒരു സി.ബി.ഐ കഥ

(നോവൽ) ഡേവിഡ് ജോസഫ്

**വില – 140/-**



ത്രസിപ്പിക്കുന്ന കഥാസന്ദർഭങ്ങളിലൂടെ കടന്നുപോകുന്ന കുറ്റാന്വേഷണ നോവൽ. ഇന്റലിജൻസ് ഓഫീസറായി പ്രവർത്തിച്ച ഡേവിഡ് ജോസഫ് എന്ന എഴുത്തുകാരന്റെ സൂക്ഷ്മബുദ്ധിയും ഭാവനാവിലാസവും ഈ നോവലിൽ ഉടനീളം കാണാം. ഒറ്റയിരുപ്പിൽ വായിച്ചു തീർക്കാവുന്ന നോവൽ.




### ഒറ്റയാൾ (രണ്ടാം പതിപ്പ്)

(നോവൽ) പി. സുഷമ

**വില – 110/-**



പി. സുഷമയെ ഒരു കഥപറച്ചിലുകാരിയായി വിശേഷിപ്പിക്കാനാണ് ഞാൻ താൽപര്യപ്പെടുന്നത്. കഥ പറയാനുപയോഗിക്കുന്ന ഭാഷ ലളിതമാണ്. സാങ്കേതികത്വത്തിന്റെ ഗിമ്മിക്കുകളില്ലാതെ നേരെചൊവ്വേ കഥ പറയുന്ന രീതിയാണ് നോവലിൽ. റിയലിസവും റൊമാന്റിസവും ഇഴ പിരിച്ചുചേർത്ത കഥാകഥനശൈലി.

–റീജ ജോസ്

# നോവൽ




## ഒറ്റമഴപ്പെയ്ത്ത്

(നോവൽ) ശ്യാമപാർവ്വതി

വില – 380/-

കഥയുടേയും ജീവിതത്തിന്റേയും അതിർവരമ്പുകൾ ഇല്ലാതാകുന്ന കൃതികളിൽ മനുഷ്യഭാവങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്തിരിക്കും. 'ഒറ്റമഴപ്പെയ്ത്ത്' എന്ന നോവൽ ഇങ്ങനെയാണ്. എല്ലാ സാമൂഹ്യസങ്കൽപ്പങ്ങളേയും വെല്ലുവിളിച്ച് മുന്നോട്ടുപോകുന്ന ഒരു സ്ത്രീയുടെ ജീവിതകഥയാണിത്. ഒരായിരം ജീവിതമഴത്തുള്ളികളുടെ നിലക്കാത്ത ഉറവകൾ നമുക്കതിൽ കാണാം. ഒപ്പം ആവേശം കൊള്ളിക്കുന്ന ഭാഷയും വാങ്മയചിത്രങ്ങളും.

-ഡോ. മിഥുൻ കെ. എസ്.






## കറുപ്പും വെളുപ്പും

(നോവൽ) രാമകൃഷ്ണൻ കൈപ്പട്ടൂർ

വില – 140/-

തനിക്കുചുറ്റുമുള്ള സമൂഹത്തേയും ചരിത്രത്തേയും രാഷ്ട്രീയത്തേയും മുൻനിർത്തി വരും വരായ്കകളെ വിശദമായി പ്രതിപാദിച്ചുകൊണ്ട് വായനക്കാരന് ചിന്തിക്കാൻ അവസരമൊരുക്കുകയാണ് രാമകൃഷ്ണൻ കൈപ്പട്ടൂർ 'കറുപ്പും വെളുപ്പും' എന്ന കൃതിയിലൂടെ.

-രവിത ഹരിദാസ്






## കായൽ പറഞ്ഞ കഥ

(നോവൽ) അഡ്വ. ഡോ. കെ. സി. സുരേഷ്

വില – 160/-

മലയാളസാഹിത്യത്തിന് കുട്ടനാട് അപരിചിതമായ സ്ഥലരാശിയല്ല. പക്ഷെ കായലോളങ്ങൾ എക്കാലവും തിരതല്ലുന്നത് പുതിയപുതിയ കഥകളുമായാണ് എന്ന് ഒരിക്കൽക്കൂടി നമ്മെ ബോധ്യപ്പെടുത്തുകയാണ് അഡ്വ. ഡോ. കെ. സി. സുരേഷ്.






## ജോളി ഓർക്കസ്ട്ര

(നോവൽ) രാമകൃഷ്ണൻ കൈപ്പട്ടൂർ

വില – 100/-

രാമകൃഷ്ണൻ എന്റെ ഏറ്റവും ഇന്റിമേറ്റായ സുഹൃത്താണ്. ഈ നോവലിലെ സെന്റിമെന്റലായ ടച്ചുകളാണ് എന്നെ ഏറെ ആകർഷിച്ചത്. വായിക്കാൻ ധാരാളമുണ്ട്. രാമകൃഷ്ണന്റെ രചനയുടെ അഗാധതലങ്ങൾ അറിയാൻ വേണ്ടി ഇത് വായിക്കണം.

-സുധാകർ മംഗളോദയം



# നോവൽ




## തീപ്പാളങ്ങൾ

(നോവൽ) ജോൺസൺ ഇരിങ്ങോൾ

**വില – 220/-**



ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന ഈ നോവൽ സവർണ്ണബോധത്തെ നിശിതമായി വിമർശിക്കുന്നു. കൂടാതെ നനഞ്ഞുകത്തുന്ന മനുഷ്യരുടെ സഞ്ചാരദിശയും കഥാകാരൻ വരച്ചുകാട്ടുന്നുണ്ട്. ഇതിലെ ഓരോകഥാപാത്രങ്ങളും ഓരോ തീപ്പാളങ്ങൾ തന്നെയാണ്.

**-തസ്മിൻ ഷിഹാബ്**




## തീണ്ടാപ്പാട്

(നോവൽ) മുടക്കാരിൻ

**വില – 500/-**



തീണ്ടാപ്പാടിന്റെ രാഷ്ട്രീയം പ്രമേയമായി വരുന്ന ബൃഹദാഖ്യാനം. പറയസമുദായത്തിന്റെ ദാരുണമായ ജീവിതം പശ്ചാത്തലമായി എഴുതപ്പെട്ട ഈ നോവലിൽ ജാതിമതപേക്കൂത്തുകൾ മാനുഷികതയുടെ നേരിയ ചലനങ്ങൾ പോലും റദ്ദാക്കിക്കളയുന്നത് നാം കാണുന്നു. ദേശചരിത്രങ്ങൾ, മിത്തുകൾ, അധസ്ഥിതർ അതിജീവനത്തിനായി രൂപപ്പെടുത്തിയെടുത്ത ഭാഷ, അനുഷ്ഠാനങ്ങൾ, ആഭിചാരങ്ങൾ, രാഷ്ട്രീയം എന്നിവയെല്ലാം ഇതിലുണ്ട്.




## ദേവത

(നോവൽ) കെ. കെ. കർത്ത

**വില – 110/-**



വായനക്കാരനെ അത്ഭുതപരതന്ത്രനാക്കിക്കൊണ്ട് നോവലിന്റെ ഒഴുക്കിനൊപ്പം സമർത്ഥമായിത്തന്നെ കൈപിടിച്ചുകൊണ്ടുപോകുന്നതിൽ കഥാകാരൻ ഒട്ടൊന്നുമല്ല വിജയിച്ചിരിക്കുന്നത്. പ്രമേയാവിഷ്കാരത്തിന്റെ അനവദ്യചാരുത ഈ നോവലിലെമ്പാടും ഒളിമിന്നിത്തെളിഞ്ഞു കിടക്കുന്നുണ്ട്.

**-സേതു എം നായർ കരിപ്പോൾ**




## ദി ഡ്രീംവാക്കർ

(നോവൽ) റോയ് തോമസ്

**വില – 120/-**



'പാർവ്വതിയുടെ കയ്യിലിരുന്ന റാന്തൽ വിളക്കിന്റെ തീ ആളിക്കത്തി. വിളക്കിന് സമീപം തീ പടർന്നു. അവളുടെ തൊട്ടരികിൽ കത്തിക്കരിഞ്ഞ ഒരു മനുഷ്യരൂപം. അതിന്റെ ശരീരത്തിൽ നിന്ന് വെന്ത മാംസങ്ങൾ അടർന്നുവീഴുന്നു. കാർമേഘത്തിന്റെ വിടവിൽ ഏതോ ഭീകരരൂപം.' ഉദ്വേഗഭരിതമായ നോവൽ.

# നോവൽ




## THE SILENT PENDULUM (ENGLISH)

(NOVEL) ABRAHAM UTHUPPU

Price - 380/-



Inspite of continuous panting, we quickened our pace in aghast, but soon a streak of relief and hope sprout in our fear-stricken eyes, as we saw a glimmer of hope ahead. We were sure of it for a man. So, we doubled our speed to catch up with him. Indeed, we felt a flavour of elixir within us. If not met the unknown pedestrian, we would only have to live in the fear of indiscretion. But now, the appalling part of the midnight story is yet to happen.



## ദി ട്രയൽ

(നോവൽ) അഡ്വ.ഡോ.കെ.സി. സുരേഷ്

വില - 110/-



രണ്ടുസ്ത്രീകളടക്കം അഞ്ചുപേരെ ചുറ്റികയ്ക്ക് അടിച്ച് കൊലപ്പെടുത്തുന്നു. അതിൽ ഒരാൾ സ്വന്തം പിതാവ്. മറ്റൊരാൾ സ്വന്തം ഭാര്യ. കൊലയ്ക്കു ശേഷം മൃതദേഹങ്ങൾ പെട്രോളൊഴിച്ച് കത്തിച്ച് ചുട്ടെടുത്ത മാംസം ഭക്ഷിക്കുന്നു. നാടിനെ നടുക്കിയ അപൂർവ്വങ്ങളിൽ അപൂർവ്വവും ദാരുണവുമായ കൂട്ടക്കൊല.
- ത്രസിപ്പിക്കുന്ന കുറ്റാന്വേഷണനോവൽ




## നളിനീദേവി

(നോവൽ) ജോൺ വെമ്പിള്ളി

വില - 100/-



സ്ത്രീമനസ്സിന്റെ ആഴങ്ങൾ തേടുന്ന ചെറുനോവൽ. കാല്പനികമായ ഭാഷ. ഋജുവായ ആഖ്യാനം. സദാ സങ്കടം തളംകെട്ടിക്കിടക്കുന്ന, ദുരന്ത പര്യവസായിയായ ഈ കൃതി ഒറ്റയിരുപ്പിൽ വായിച്ചു തീർക്കാം. വായനയ്ക്കുശേഷവും നളിനീദേവിയെന്ന നിസ്സഹായയായ കഥാപാത്രം നമ്മോടൊപ്പമുണ്ടാകും.




## നാലാം വാതിൽ

(നോവൽ) ജോർജ്ജ് മുകളത്ത്

വില - 80/-



ആയുർവേദത്തേയും ആധ്യാത്മികതയേയും കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു ജീവിതശൈലിക്കേ ഇനി നിലനിൽപ്പുണ്ടാകൂ എന്ന സന്ദേശം 'നാലാം വാതിൽ' പകർന്നുതരുന്നു. വർത്തമാനകാല ജീവിതപശ്ചാത്തലത്തിൽ ഏവരും വായിച്ചിരിക്കേണ്ട ഒരു ജീവിതാഖ്യാനമാണ് ഈ നോവൽ.

-ഡോ. എം. കൃഷ്ണൻ നമ്പൂതിരി

## നോവൽ




### നാട്ടിടവഴിയിലെ നന്മമരത്തണൽ


(നോവൽ) സാബു കെ. വി. എസ്

വില – 150/-



നർമ്മവും ആക്ഷേപവും തുല്യമായ അളവുകളിൽ സംയോജിപ്പിച്ച് വായനക്കാരന്റെ മനസിനെ വ്യത്യസ്ഥമായ ഒരു വായനാനുഭവത്തിലേക്ക് കൊണ്ടുപോകുന്നുണ്ട് ഈ നോവൽ.

**-ജോൺസൻ എസ്തപ്പാൻ**




### നിഴൽക്കൂത്ത്

(നോവൽ) ജോൺസൺ ഇരിങ്ങോൾ

വില – 80/-



മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം ജീവിതങ്ങളെ കശക്കി എറിയുന്നതിന്റെ നേർക്കാഴ്ചയാണ് ഈ നോവൽ. വിവിധ തലങ്ങളിൽപെട്ട മനുഷ്യർ, മദ്യപാനമെന്ന വിപത്തിന് ഇരയായി പൊലിഞ്ഞുതീരുന്നത് നമുക്കിവിടെ കാണാം. സമൂഹത്തോട് അങ്ങേയറ്റം പ്രതിബദ്ധത പുലർത്തുന്ന ഒരെഴുത്തുകാരന്റെ രംഗപ്രവേശമാണ് നിഴൽക്കൂത്ത്.




### പറയാൻ ബാക്കിവച്ചത്


(നോവൽ) ഹരിദാസ് എയ്യാൽ

വില – 100/-



കവിതകളിലൂടെയും കഥകളിലൂടെയും മലയാളി വായനക്കാർക്ക് പരിചിതനായ ഹരിദാസിന്റെ ഈ നോവൽ പ്രമേയത്തിന്റെ ലാളിത്യം കൊണ്ടും ഭാഷയുടെ സുതാര്യതകൊണ്ടും ഏറെ മനോഹരമാണ്. ഋജുവായ ആഖ്യാനശൈലിയാണ് ഹരിദാസിന്റെ കഥകളുടെ സവിശേഷത.

**-ടി.ഡി. രാമകൃഷ്ണൻ**




### പാഠം ഒന്ന് എന്റെ അമ്മ

(നോവൽ) റസിയ പയ്യോളി

വില – 250/-



നോവലുകളുടെ മുഖച്ഛായ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിപ്പോൾ. നോവലിലെ പഴയ സങ്കേതങ്ങളെല്ലാം മാറിക്കഴിഞ്ഞു. വായനക്കാരന്റെ അഭിരുചിയിലും മാറ്റം വന്നിരിക്കുന്നു. ആ സാഹചര്യത്തിലാണ് ഗ്രാമീണശൈലിയിൽ കഥപറയുന്ന നാലുനോവലുകളുടെ ഈ സമാഹാരം.

**-പി. ആർ. നാഥൻ**

# നോവൽ




## പ്രത്യേകതകളുടെ കൂടാരം (രണ്ടാം പതിപ്പ്)

(നോവൽ) വയലറ്റ്

വില – 80/-

പ്രത്യേകതകളുടെ കൂടാരം. വളരെ മനോഹരമായ ഇടങ്ങൾ സൃഷ്ടിക്കാനും ആഹ്ളാദിക്കാനും പറ്റുന്ന ഒരു പേര്. നാം ശ്രമിച്ചാൽ ഇത് യാഥാർത്ഥ്യമാക്കാൻ എളുപ്പം കഴിയും. നാമൊന്ന് മനസുവച്ചാൽ,നാമൊന്ന് ചിന്തിച്ചാൽ, നമ്മുടെ കൈപ്പിടിയിലൊതുക്കാൻ പറ്റുന്ന ഒരു ഭാവനയാണ് പ്രത്യേകതകളുടെ കൂടാരം.

-നിലമ്പൂർ ഐഷ






## ഭദ്രായനം

(നോവൽ) പൈ സ്വാമി

വില – 600/-

മന്ത്രവാദകഥകളാൽ സമൃദ്ധമാണ് മലയാളക്കര. എങ്കിലും മലയാളസാഹിത്യത്തിൽ ലക്ഷണമൊത്ത മന്ത്രവാദകഥകൾ നന്നേ കുറവാണ്. ആ കുറവ് പരിഹരിക്കാൻ 'ഭദ്രായനം' എന്ന മാന്ത്രിക നോവലിന് സാധിച്ചിരിക്കുന്നു.

-മാടമ്പ് കുഞ്ഞുക്കുട്ടൻ






## ഭ്രാന്തനെന്നു വിളിക്കരുത്

(നോവൽ) സരുൺ പുൽപ്പള്ളി

വില – 60/-

'ഭ്രാന്തനെന്നു വിളിക്കരുത്' എന്ന നോവലിനെ പ്രാദേശികത അടയാളപ്പെടുത്തിയ കൃതിയെന്ന രീതിയിൽ വായിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. വയനാടൻ പ്രകൃതിയും താളവും ഈ നോവലിൽ അങ്ങനെ അടയാളപ്പെട്ടുകിടക്കുന്നുണ്ട്. അതിനിടയിലൂടെയാണ് ഇതിലെ കഥാപാത്രങ്ങൾ പ്രണയാതുരമായി സഞ്ചരിക്കുന്നത്.

-ബെന്യാമിൻ






## ഭാര്യയ്ക്കെതിരെ അന്വേഷണം

(നോവൽ) ഡേവിഡ് ജോസഫ്

വില – 130/-

ജിജ്ഞാസാഭരിതമാണ് 'ഭാര്യയ്ക്കെതിരെ അന്വേഷണം' എന്ന നോവൽ. അസാധാരണവും അവിശ്വസനീയവുമായ ചില കേസുകൾ പോലീസിന്റെ മുൻപിൽ എത്തും. ഇത് അത്തരത്തിൽ ഉള്ള ഒരു കേസാണ്. ഉദ്വേഗജനകമായ കുറ്റാന്വേഷണഘട്ടങ്ങളിലൂടെ വികസിക്കുന്ന ആഖ്യാനം.



## നോവൽ




### മഞ്ഞക്കൂരി
(നോവൽ) പീറ്റർ പാലക്കുഴി

വില – 150/-

പീറ്റർ പാലക്കുഴിയുടെ 'മഞ്ഞക്കൂരി' എന്ന നോവൽ കാട് വിഷയമാകുന്ന ഒന്നാണ്. അദൃശ്യമായ ഒരു കാണാച്ചരടുപോലെ, കാതോർത്താൽ കേൾക്കുന്ന സംഗീതം പോലെ കാട് ഈ നോവലിൽ ഊടും പാവുമാകുന്നു.

-ജോസഫ് ഓടക്കാലി






### മഞ്ഞിലുറഞ്ഞ പ്രണയധാര
(നോവൽ) അഡ്വ. പി. അലി

വില – 170/-

മഞ്ഞുപുതച്ച കാശ്മീർ മലനിരകളും രാജസ്ഥാൻ മരുഭൂമിയും മലയാളത്തിന്റെ ഹരിതാഭയും ഉൾപ്പെട്ട ഇന്ത്യയുടെ വൈവിദ്ധ്യങ്ങളിലൂടെ ഒരു യാത്ര. യാത്രയ്ക്കിടയിൽ ഇതൾ വിരിയുന്ന മനോഹരമായ പ്രണയകഥ. ധീരജവാൻമാരുടെ രക്തം തിളപ്പിക്കുന്ന യുദ്ധാനുഭവങ്ങൾ. വായനയുടെ വ്യത്യസ്താനുഭവങ്ങൾ സമ്മാനിക്കുന്ന നോവൽ.







### മൃഗഭോജികൾ
(നോവൽ) പോൾ ആത്തുങ്കൽ

വില – 150/-

കൊടുംകാട്ടിൽ കയറി ആനവേട്ടയിലേർപ്പെടുന്ന ഒരു സംഘത്തിന്റെ ത്രസിപ്പിക്കുന്ന അനുഭവങ്ങൾ. ഒടുവിൽ ഒന്നും നേടാനാവാതെ ജീവിതസത്യങ്ങളുടെ മുന്നിൽ പകച്ചുനിൽക്കുകയും വിടാതെ പിൻതുടരുന്ന ദുരന്തങ്ങളിൽപ്പെട്ട് തകർന്നുപോവുകയും ചെയ്യുന്ന ചില മനുഷ്യരുടെ പച്ചയായ ജീവിതചിത്രീകരണം.








### ലൗ ജിഹാദ്
(നോവൽ) എൻ. എ പരീത്

വില – 230/-

മധ്യതിരുവിതാംകൂറിലേയും മലബാറിലേയും മുസ്ലീം സമുദായത്തിന്റെ ജീവിതം പ്രമേയമാക്കിയ നോവൽ. ഇരുപ്രദേശങ്ങളിലേയും ഭാഷയുടേയും സംസ്കാരത്തിന്റേയും വ്യത്യസ്തതകൾ ഇവിടെ ആവിഷ്ക്കരിക്കപ്പെടുന്നു. അതിനൊക്കെപുറമേ ജാതിമതങ്ങൾക്കപ്പുറം മനുഷ്യനന്മയെ ഈ കൃതി ഉത്ഘോഷിക്കുന്നു.



## നോവൽ




### രാധേയം

(നോവൽ) രാമചന്ദ്രൻ സൂര്യഗായത്രി

വില – 180/-



ജീവിതദിശാപർവ്വങ്ങളിൽ കാലത്തിന്റെ അശനിപാതങ്ങളേറ്റ് പ്രതീക്ഷകൾ നഷ്ടപ്പെട്ടവരുടെ കഥ. ജീവിതത്തെ അതിന്റെ സമഗ്രതയോടെ, ഗഹനതയോടെ അനാവൃതമാക്കുന്ന നോവൽ.




### വിവേകാശ്രമം

(നോവൽ) അനിൽ ബാവു

വില – 150/-



ഇരുണ്ടകാലത്തെ സംബന്ധിച്ച ഉത്കണ്ഠകളാണ് 'വിവേകാശ്രമം' എന്ന നോവലിലൂടെ അനിൽ ബാവു പങ്കുവയ്ക്കുന്നത്. വിദ്യാഭ്യാസവും വികസനവും അഭിവൃദ്ധിപ്പെടുന്നു എന്ന് നാം നിരന്തരം അഭിമാനിക്കുമ്പോഴും ലോകവും കാലവും വിവേകരഹിതമായി തീരുന്നതിന്റെ ആകുലതകൾ ഈ രചനയിലുടനീളമുണ്ട്.




### ശിലാലിഖിതങ്ങൾ

(നോവൽ) മുടക്കാരിൻ

വില – 180/-



രവിയെന്ന ശില്പിയുടെ കലാപരവും കർമ്മപരവുമായ അന്വേഷണങ്ങളുടെ ചുരുക്കെഴുത്താണ് 'ശിലാലിഖിതങ്ങളെ'ന്ന നോവൽ. ശിലയിൽനിന്ന് ശില്പത്തെയെന്നപോലെ അയാൾ തന്റെ തലമുറയുടെ മുദ്രകളെ മറക്കപ്പെട്ട/ മറയ്ക്കപ്പെട്ട ചരിത്രത്തിൽനിന്ന് വേർതിരിച്ചെടുക്കുകയാണ്.

–എം. ആർ. രേണുകുമാർ




### ശ്രാവണ പൗർണ്ണമി

(നോവൽ) വാസു അരീക്കോട്

വില – 80/-



മുഖ്യകഥാപാത്രമായ ഉണ്ണി അഭിമുഖീകരിക്കുന്ന നന്മയുടെ തുരുത്തുകളെ പരിചയപ്പെടുത്തിക്കൊണ്ടാണ് കഥയുടെ പറച്ചിൽ. യാത്രയിൽ തുണയ്ക്കാരുമില്ലാത്ത അവസ്ഥയിൽ ഒരു ചെറുപ്പക്കാരൻ ഒറ്റപ്പെട്ടുപോകുമോ എന്ന അങ്കലാപ്പ് വായനക്കാരിൽ സൃഷ്ടിക്കുന്ന നോവൽ.

# നോവൽ




## സ്പർശം (രണ്ടാം പതിപ്പ്)


(നോവൽ) **കെ. സൗജത്ത്**

**വില – 330/-**



ഒഴുക്കിനെതിരെ മാത്രം നീന്താൻ വിധിക്കപ്പെട്ടപ്പോഴും വിധിയോട് ഒട്ടും കലമ്പിക്കാതെ സമരസപ്പെട്ട് മുന്നേറിയ സൗജത്തിന്റെ ജീവിതത്തിന്റെ ഒരു പുനരാവിഷ്കാരമാണ് ഈ നോവൽ.

**-ജോളി കളത്തിൽ**




## സ്നേഹപ്രഭ

(നോവൽ) **എൻ. പി. മുരളീധരൻ**

**വില – 260/-**



സ്നേഹപ്രഭയുടെ മുഖ്യപ്രമേയം പ്രണയമാണെന്നു പറയാം. എന്നാൽ പതിവു പ്രണയമല്ലാതാനും. ജീവിതത്തോടുള്ള പ്രണയം, വ്യക്തികൾ തമ്മിലുള്ള പ്രണയം, പ്രൊഫഷനോടുള്ള പ്രണയം ഇതൊക്കെ ഈ നോവലിൽ കടന്നുവരുന്നുണ്ട്. വായനക്കാർക്ക് പിടിതരാത്ത രീതിയിലാണ് നോവലിന്റെ ഗതി.

**-ഡോ. ആർ. വി. എം. ദിവാകരൻ**




## സിംഹളൻ

(നോവൽ) **ജോസഫ് ഓടക്കാലി**

**വില – 160/-**



സിംഹളൻ എന്ന് വിളിക്കപ്പെടുന്ന സി. ഗോപാലൻ എന്ന പച്ചമനുഷ്യന്റെ ജീവിതകഥ. നാട്ടുകാർക്ക് ഭക്ഷണം വച്ച് വിളമ്പുന്ന നൂറുശതമാനം വിപ്ലവകാരിയായ അതിനേക്കാളേറെ വിശ്വാസിയായ സി. ഗോപാലൻ കാലദേശങ്ങൾക്കതീതമായ കഥാപാത്രമായി ഈ ചെറുകൃതിയിൽ പകർന്നാടുന്നു.




## സ്നേഹായനം

(നോവൽ) **ഉണ്ണികൃഷ്ണൻ പുലരി**

**വില – 160/-**



നോവലിസ്റ്റായ ഉണ്ണികൃഷ്ണൻ പുലരി സൃഷ്ടിക്കുന്ന സാങ്കൽപികലോകം യഥാർത്ഥമാണെന്ന് തോന്നുന്നതിന് വേണ്ടി അദ്ദേഹം പല ഘടകങ്ങളുടേയും സഹായം തേടുന്നു. കേസരി ബാലകൃഷ്ണപിള്ള ഇതിവൃത്തം, കഥാപാത്രങ്ങൾ, വർണ്ണന, സംഭാഷണം എന്നീ നോവൽ ഘടകങ്ങളെപ്പറ്റി പറയുന്നുണ്ട്. കേസരിയുടെ ചിന്താഗതിക്കനുസരിച്ചാണ് ഉണ്ണികൃഷ്ണൻ പുലരി നോവൽരചന നിർവ്വഹിച്ചിട്ടുള്ളത്.

**-ഡോ. തോളൂർ ശശിധരൻ**

## നോവൽ




### സ്വർണ്ണനാരുകളുടെ ബന്ധനം

(നോവൽ) നിർമ്മല സുദർശനൻ

**വില – 180/-**



നാളികേരത്തിന്റെ പച്ചത്തൊണ്ടിൽ നിന്ന് നെയ്തെടുക്കുന്ന സ്വർണ്ണനാരുകളിൽ സ്വയം ബന്ധിതരാകുന്ന നിസ്സഹായരായ മനുഷ്യർ. രണ്ടു വർഷത്തെ ജീവിതാനുഭവങ്ങളുടെ ചുരുൾ നിവരുന്ന ഒരു ജനസമൂഹത്തിന്റെ അരനൂറ്റാണ്ടിലേറെ നീണ്ടുപോകുന്ന കഥയാണ് ഈ നോവൽ. ലളിതവും അപൂർവ്വസുന്ദരവുമായ രചനാരീതി.

**-പ്രൊഫ. ആർ. പി. രമണൻ**

## കഥകൾ




### അവസാനത്തെ ബസ്

(കഥകൾ) റീജ ജോസ്

**വില – 100/-**



പരിഹാസ്യമായ പൊരുത്തപ്പെടലുകൾ ദൂഷണമായി മാറ്റുന്ന മാനസികാവസ്ഥയെ റീജ ജോസിന്റെ പല കഥകളും ആകുലതയോടെ നോക്കുന്നുണ്ട്, അരികുകളിൽ ജീവിച്ചുതീരുന്ന സ്ത്രീ ജീവിതങ്ങളിൽ വേദനിക്കുന്നുണ്ട്, അതിനുമേൽ കറുത്ത പരിഹാസം ചൊരിയുന്നുമുണ്ട്. ഈ സമാഹാരത്തിലെ ഒമ്പത് കഥകളിൽ ഏഴും സ്ത്രീയുടെ വീക്ഷണകോണിലൂടെയാണ് ഇതൾ വിരിയുന്നത്.

**-ജോഷി ഡോൺബോസ്കോ**




### അപാരതയിൽ തിരക്കോളുകൾ

(കഥകൾ) വിജയൻ മടപ്പള്ളി

**വില – 60/-**



കഥാഖ്യാനത്തിൽ തന്റേതായ ശൈലി അടയാളപ്പെടുത്തുന്ന കഥകളാണ് ഈ സമാഹാരത്തിലുള്ളത്. ഒരു കഥ നേരിട്ട് പറഞ്ഞുപോകുന്നതിന് പകരം കഥാശയത്തിന്റെ വൈകാരിക തീവ്രത അനുവാചകനെ അനുഭവിപ്പിക്കുകയാണ് വിജയൻ. പുതുമഴയിൽ വീണുകിട്ടുന്ന ആലിപ്പഴം പോലെ ഹൃദ്യമായ കഥകൾ.

**-പ്രൊഫ. കടത്തനാട്ട് നാരായണൻ**




### ആകാശക്കേക്കുള്ള ദൂരം (മൂന്നാം പതിപ്പ്)

(കഥകൾ) സുരേഷ് കീഴില്ലം

**വില – 90/-**



എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള ദൂരം കുറയ്ക്കുന്ന കഥകൾ.

**-പായിപ്ര രാധാകൃഷ്ണൻ**

കഥയുടെ ജീവിതാകാശത്തെ തിരിച്ചറിയാൻ സഹായിക്കുന്ന 'ആകാശത്തേക്കുള്ള ദൂരം' കഥ ഇഷ്ടപ്പെടുന്നവർന്നവർക്ക് ഹൃദയത്തോട് ചേർത്തു വയ്ക്കാവുന്ന ഒരു പുസ്തകം തന്നെ.

**-കടാതി ഷാജി**

# കഥകൾ




## അങ്കമാലി പുണ്യാളൻ

(കഥകൾ) രവിത ഹരിദാസ്

വില - 100/-

ക്ഷണദ്യുതി സ്വഭാവമുള്ള കഥകളാണ് ഇവയിലേറെയും. ചെറുവരികളിൽ ഒളിപ്പിച്ച മൗനമാണ് അവയുടെ വാചാലത. പ്രഹരശേഷിയാകട്ടെ തീവ്രം. പ്രാന്തവൽകൃത ജനതയെന്നു നിസംശയം പറയാവുന്ന സ്ത്രീകളുടെ അനന്തമായ സഹനങ്ങളുടേയും ബലിപീഠത്തിൽ നിന്ന് എഴുന്നേറ്റോടാനാകാതെ കുതറുന്നവരുടെ മനോവ്യാപാരങ്ങളുടേയും സമാഹാരമാണ് ഈ കഥകൾ.

-മനോജ് വെങ്ങോല






## ആടും അങ്ങാടി വാണിഭവും

(കഥകൾ) തുളസി കേരളശ്ശേരി

വില - 70/-

കഥയുടെ വിചിത്രവും ദുഃഖാത്മകവും ആഴമേറിയതുമായ ആഖ്യാനരൂപങ്ങളിലൂടെ ജീവിതം വായിച്ചെടുക്കാൻ തുളസി കേരളശ്ശേരിയുടെ കാമ്പുള്ള കഥകൾ സഹായകമാണ്.

-മുണ്ടൂർ സേതുമാധവൻ






## ഇരുട്ടുകൊണ്ടൊരു തുലാഭാരം

(കഥകൾ) എസ്. ബി. പണിക്കർ

വില - 160/-

നിത്യജീവിതവ്യവഹാരങ്ങളാണ് എസ്.ബി. പണിക്കരുടെ കഥകൾക്കാധാരം. അതിൽ കൗമാരത്തിന്റെ കുതൂഹലങ്ങളും യൗവ്വനത്തിന്റെ മധുരവും വാർദ്ധക്യത്തിന്റെ തിരിച്ചറിവുകളുമുണ്ട്. ലാളിത്യവും സൗകുമാര്യവുമുള്ള ഭാഷയും ആസ്വാദനക്ഷമമായ ആഖ്യാനവും ഈ കഥകളുടെ പ്രത്യേകതകളാണ്.






## ഉച്ചമരം

(കഥകൾ) റിസ്‌വാന ഹബീബ്

വില - 100/-

റിസ്‌വാന ഹബീബിന്റെ 'ഉച്ചമരം' എന്ന കഥാസമാഹാരത്തിലെ കഥകൾ വളരെ സാധാരണ അനുഭവങ്ങളേയും കാഴ്ചകളേയും അക്ഷരങ്ങളുടെ ഇഷ്ടികകൾ ക്രമത്തിൽ ചേർത്തു വച്ച് കഥകളുടെ ശിൽപങ്ങൾ നിർമ്മിക്കുകയാണ്.

-റഹ്മാൻ കിടങ്ങയം



## കഥകൾ

### ഒറ്റമരം
(കഥകൾ) സുരേഷ് തമ്മാനിമറ്റം

വില – 180/-



ഭയാനകമായ മന്ദസ്മിതങ്ങളെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിപോലെ, കഥകൾ കാലത്തെ നിർവചിയ്ക്കാൻ ശ്രമിക്കുന്നു. വ്യക്തവും കൃത്യവുമായ വാക്കുകൾ ഉപയോഗിച്ച്, തീക്ഷ്ണമായ ജീവിത ബോധ്യങ്ങളെ അടയാളപ്പെടുത്താൻ യത്നിക്കുന്ന കഥകളാണ് ഈ കഥാസമാഹാരത്തിൽ.

–മനോജ് വെങ്ങോല



### ഒരു നക്ഷത്രത്തിന്റെ തീർത്ഥയാത്ര
(കഥകൾ) അമ്പാടി

വില – 80/-




പ്രസന്നവും പ്രഭാതരളവുമാണ് അമ്പാടിയുടെ കഥകൾ. 'ഒരു നക്ഷത്രത്തിന്റെ തീർത്ഥയാത്ര' വായിച്ച് അടച്ചുവയ്ക്കുമ്പോൾ ശാസ്ത്രകൗതുകമുള്ള ഈ കഥാകാരിക്കും മലയാളനാട്ടിൽ തനതിടമുണ്ടെന്ന് തിരിച്ചറിയുന്നു. വായനയുടെ തീർത്ഥയാത്രയ്ക്ക് പാഥേയമാവട്ടെ ഈ കൃതി.

–പ്രൊഫ. കെ. ശശികുമാർ



### ഒരു കഥയുടെ സഞ്ചാരപഥം
(കഥകൾ) സുജയ നമ്പ്യാർ

വില – 60/-




സുജയയുടെ കഥകൾ പുതിയ കാലത്തിന്റെ നാരകീയതകൾക്ക് നേരെയുള്ള നിശബ്ദപ്രതിരോധമാണ്. അവ ഭാഷയുടെ കസർത്തുകൾ പ്രദർശിപ്പിക്കുന്നില്ല. അതിപരിചിത നിമിഷങ്ങളെ അതീവലളിതമായ ഭാഷയിൽ ചേർത്തുവയ്ക്കുന്നു. ആശയങ്ങൾ പുതിയ ആകാശം തേടുന്ന, കൊടുങ്കാറ്റുകളെ പ്രതീക്ഷിക്കുന്ന ചിന്തകൾ ആകുന്നില്ല, പകരം അഗാധതയിൽ മറ്റേതിനോ കാതോർത്തു കിടക്കുന്ന വേരുകളാകുന്നു.

–മനോജ് വെങ്ങോല



### ഒരു ചെറുകഥയുടെ ആത്മകഥ
(കഥകൾ) എൻ. നാഗേന്ദ്രൻ

വില – 60/-




കൃത്രിമമായ ഗഹനതയൊന്നും കലർത്താതെ, തികഞ്ഞ ലാളിത്യത്തോടെ ആഖ്യാനം ചെയ്തുപോകുന്ന കഥ. അതിനുപാധിയായി വരുന്ന കഥാപാത്രങ്ങൾ ഓർമ്മയിൽ സ്ഥാനം പിടിക്കുന്നു. നിത്യജീവിതത്തിൽ വാസ്തവ സ്ഥിതി പലപ്പോഴും നമുക്ക് പിടികിട്ടാതെ പോകുന്നു എന്ന വാസ്തവം കഥയിലൂടെ തെളിഞ്ഞുവരികയും ചെയ്യുന്നു.

–എം. കെ. സാനു



## കഥകൾ




### ഒരു മീശയുടെ ജനനം
(കഥകൾ) എസ് ബി പണിക്കർ

വില – 130/-



സാഹിത്യം സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതാവണം. ഇവിടെ ഓരോ കഥയും ആ ധർമ്മം നിർവഹിക്കുന്നുണ്ട്. മലയാളഭാഷയ്ക്ക് ഇത്രയും ഒഴുക്കും സാരസ്യവും സൗന്ദര്യവുമുണ്ടെന്ന് എസ്.ബി. പണിക്കരുടെ ഈ കഥകൾ വായിക്കുമ്പോൾ നാം ചിന്തിച്ചുപോകുന്നു. ഭിന്നരുചിർഹി ലോക: എന്ന തത്ത്വമനുസരിച്ച് സമാഹാരത്തിലെ കഥകൾ വ്യത്യസ്തരുചികളായ അനുവാചകരെ തൃപ്തിപ്പെടുത്തും.

-രവി പുലിയന്നൂർ




### ഒരു പരേതന്റെ ആത്മഗതം
(കഥകൾ) രാമചന്ദ്രൻ സൂര്യഗായത്രി

വില – 70/-



മനുഷ്യബന്ധങ്ങളുടെ ശക്തിസൗന്ദര്യങ്ങളാണ് രാമചന്ദ്രന്റെ കഥകളുടെ കാതൽ. അവ നമ്മെ വേദനിപ്പിക്കുകയും അസ്വസ്ഥരാക്കുകയും ചെയ്യുന്നു. കാലത്തിന്റെ അനന്തഗതിയിൽ മുറിവേറ്റവരും വീണുപോയവരും അണിനിരക്കുന്ന വലിയൊരു ഘോഷയാത്ര ഇക്കഥകളിൽ കാണാം.

–ഡോ. ജോബിൻ ചാമക്കാല




### ഒരു രാത്രിയുടെ അന്ത്യം
(കഥകൾ) സതീദേവി വാര്യർ

വില – 120/-



പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ ജീവിതം പ്രമേയമാക്കുന്ന പത്ത് കഥകൾ. സാധാരണക്കാരായ മനുഷ്യരുടെ ജീവിതമാണ് ഓരോ കഥകളിലും. പക്ഷെ, സംഭവബഹുലമാണ് അവ. അവയിൽ പലതും നമ്മെ അമ്പരിപ്പിക്കും. പല കഥാസന്ദർഭങ്ങളും മറക്കാൻ കഴിയാതെ നമ്മെ സദാ പിൻതുടരും.




### ഓർമ്മച്ചെപ്പ് തുറന്നപ്പോൾ
(കഥകൾ) ഹാഫിസ അസീസ് കടവത്ത്

വില – 90/-



ജീവിതാനുഭവങ്ങളുടെ കലവറയിലെ നിറക്കൂട്ടുകളെ പകർത്തിവെയ്ക്കുന്ന ആഖ്യാനങ്ങളാണ് ഹാഫിസ അസീസ് കടവത്തിന്റെ ഓരോ കഥകളും. നാലഞ്ചു ദശകങ്ങൾക്കു മുമ്പ് ഉത്തരകേരളത്തിലെ മുസ്ലീം സമുദായകുടുംബങ്ങൾ പാർത്തിരുന്ന ഗ്രാമങ്ങളിലെ പച്ചയായ ജീവിതവും പ്രകൃതിയും മണ്ണും മരങ്ങളും ചില്ലകളിലെ കിളിയൊച്ചകളും കാറ്റിലെ ശലഭച്ചിറകടിയും കുസുമസൗരഭ്യവുമാണ് ഈ കഥകളുടെ ജീവൻ.

-ക്യാപ്റ്റൻ ബിനോയ് വരകിൽ

## കഥകൾ




### എന്റെ ചങ്കാണ്

(കഥകൾ) ഡിനോ അന്നവെളിസ്

**വില - 60/-**



കാരുണ്യം നിറഞ്ഞ കണ്ണുകൾ കൊണ്ടാണ് ഈ കഥാകാരൻ ലോകത്തെ കാണുന്നത്. അതുകൊണ്ടുതന്നെ ഡിനോയുടെ ഓരോ കഥയും അത്രയേറെ ഉദാരതയോടെ നന്മയും സ്നേഹവും പ്രസരിപ്പിക്കുന്നു.




### കഥവിളയുമിടം (രണ്ടാംപതിപ്പ്)


(കഥകൾ) പ്രജിത്ത് പനയൂർ

**വില - 80/-**



ഉദ്വേഗത്തിന്റെ മുൾമുനയിലൂടെ ആയിരത്തൊന്നു രാത്രികൾ കഥ പറഞ്ഞുപറഞ്ഞ് അതിനെ അതിജീവനത്തിന്റെ കലയാക്കിയ ഷെഹരസാദിന്റെ പരമ്പരയാണ് ഓരോ കഥപറച്ചിലുകാരുടേയും. ഈ കഥാകാരനും ആ വഴി തന്നെ തിരഞ്ഞെടുത്തിരിക്കുന്നു. മരണമല്ല മരണത്തിനു മുൻപുള്ള പിടച്ചിലാണ് ജീവിതമെന്ന് സമർത്ഥിക്കുന്നു.

-മനോജ് വെങ്ങോല




### കണ്ണാടിയില്ലാത്ത ലോകം

(കഥകൾ) കെ. മുരളീധരൻ

**വില - 70/-**



കഥകളിൽനിന്നും കഥാപാത്രങ്ങൾ പുറത്തുകടക്കുകയും യാഥാർത്ഥ്യത്തിലേക്ക് വായനക്കാരെ നയിക്കുകയും ചെയ്യുന്നു എന്നതാണ് ഈ കഥകളുടെ പ്രത്യേകത. നിതാന്തമായ യാത്രകളാണ് ഈ കഥകളിലുട നീളം. നടപ്പുലോകത്തുനിന്ന് കുതറിമാറി ദൂരേക്കു ചരിക്കുന്ന കഥാപാത്രങ്ങൾ ഓരോരുത്തരും സവിശേഷമായ വ്യക്തിത്വം സൂക്ഷിക്കുന്നു. അവരാരും വ്യവസ്ഥിതികളോട് സന്ധിചെയ്യാൻ തയ്യാറല്ല. മൂർച്ചയുള്ള നർമ്മം പല കഥകളുടേയും അടിയൊഴുക്കായുണ്ട്.

-സുരേഷ് കീഴില്ലം




### കഥയില്ലാകഥകൾ

(കഥകൾ) ശ്രീജ വാര്യർ

**വില - 80/-**



വിവിധ സാഹിത്യമത്സരങ്ങളിൽ സമ്മാനിതങ്ങളായ കഥകൾ. എല്ലാ കഥകളിലും സ്ത്രീയാണ് കേന്ദ്രകഥാപാത്രം. സ്ത്രീജീവിതങ്ങളുടെ ആഴങ്ങൾ അന്വേഷിക്കുന്ന ഈ കഥകളോരോന്നും നമ്മെ വല്ലാതെ പൊള്ളിക്കും.

# കഥകൾ





## കരുണാമയനായ ഞാൻ
(കഥകൾ) എസ് ബി പണിക്കർ

വില – 150/-

എസ്.ബി പണിക്കർക്ക് ജീവിതത്തെകുറിച്ച് കൃത്യമായ ഒരു ദർശനമുണ്ട്. ഓരോ കഥയിലും സുഖവും ദുഖവും ന്യായവും വേദാന്തവും നിയമവും സംസ്കാരവും ഹാസ്യവും ചരിത്രവും വിജ്ഞാനവും ചികിത്സാശാസ്ത്രവും മനശാസ്ത്രവും എല്ലാം വരുന്നുണ്ട്. അപ്പോൾ മനുഷ്യജീവിതമായി കഥയായി. ഈ സമാഹാരത്ത ിലെ ഓരോകഥയും വിരൽചൂണ്ടുന്നത് നമ്മെത്തന്നെയാണ്.

–കരിങ്കുന്നം ജോസഫ്







## കാക്കപ്പൂവ്
(കഥകൾ) ഡോ. സരസ്വതി ശർമ്മ

വില – 80/-

സ്ത്രീമനസ്സിന്റെ സങ്കീർണ്ണതകൾ തേടുന്ന കഥകൾ. സമകാലികമായ ഉത്കണ്ഠകൾ ഇതിലെ ഓരോ രചനകളും പങ്കുവെയ്ക്കുന്നു. പുതുതലമുറ അവഗണിക്കുന്ന വൃദ്ധജനങ്ങൾ സമൂഹത്തിന് എങ്ങനെ അനിവാര്യമാകുന്നുവെന്ന അന്വേഷണവും പുതിയകാല മാധ്യമങ്ങളുടെ നിരർത്ഥകതയും കഥാപരമായി ചർച്ചചെയ്യപ്പെടുന്നു.






## കാട്ടുതേനീച്ചകൾ
(കഥകൾ) ശാരിക എസ്

വില – 80/-

ഒരു കന്നി എഴുത്തുകാരിയുടെ കഥകളിൽ പ്രതീക്ഷിക്കാത്ത വൈവിദ്ധ്യമാണ് ഈ സമാഹാരത്തിൽ നിങ്ങളെ കാത്തിരിക്കുന്നത്. സ്ത്രീയുടെ ഇടങ്ങൾ കൃത്യമായി അടയാളപ്പെടുത്തുന്ന രചനകൾ എന്ന നിലയ്ക്ക്, സമകാല സാഹചര്യത്തിൽ ഈ കഥകൾ ഏറെ പ്രസക്തമാണ്. മലയാള കഥാലോകത്തെ പെണ്ണെഴുത്തിന്റെ തുടർച്ചയായി 'കാട്ടുതേനീച്ചകളും' ചരിത്രത്തിലുണ്ടാവും.






## കറുത്തചന്ദ്രൻ വെളുത്തചന്ദ്രൻ
(കഥകൾ) ടി.കെ. ശങ്കരനാരായണൻ

വില – 150/-

ജ്യോതിഷത്തിന്റെ സത്യാസത്യങ്ങളെ സംബന്ധിച്ച സംവാദങ്ങൾ എക്കാലവും സജീവമാണ്. അതേ സമയം സയൻസ് ആന്റ് ടെക്നോളജിയുടെ പ്രതാപകാലത്തും ഗ്രഹനിലകൾ സംബന്ധിച്ച അന്വേഷണങ്ങളും കൗതുകങ്ങളും ഉത്കണ്ഠകളും മാനവസമൂഹത്തോടൊപ്പമുണ്ട്. ഈ കഥകൾ വ്യത്യസ്തമായ വായനാനുഭവം സമ്മാനിക്കും.



## കഥകൾ





### ഖാസിനഗറിലെ രാക്കാഴ്ചകൾ

(കഥകൾ) കെ എം സലീം പത്തനാപുരം

വില – 100/-



ഗ്രാമീണനന്മകളുടെ കഥകൾ. ജാതിമതചിന്തകൾക്കതീതമായി പരസ്പരം സ്നേഹിക്കുന്ന കഥാപാത്രങ്ങൾ. നല്ല ലോകവും കാലവും സ്വപ്നം കാണുന്ന കഥാസന്ദർഭങ്ങൾ.




### ഗോസേവ


(കഥകൾ) മുഹാജിർ കരുളായ്

വില – 60/-



ജീവിതത്തിലെ വ്യത്യസ്തഭാവങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് അതിൽ നിന്ന് ചികഞ്ഞെടുത്ത വിഷയം കൃത്യമായി അവതരിപ്പിക്കാനുള്ള ഭാഷയും ഒതുക്കവും ഈ കഥാകൃത്തിനുണ്ട്. ഈ കഥകളാകട്ടെ, നന്മയുടെ പക്ഷത്തുനിന്നുകൊണ്ടുള്ള ഒരു പോരാട്ടമാണ്. അപ്രതീക്ഷിതങ്ങളായ ആഘാതങ്ങളാണ് ഓരോ കഥയും വായനക്കാരന് നൽകുന്നത്.

**-രാജൻ കരുവാരക്കുണ്ട്**




### ഗുരുവായൂർ പാസഞ്ചർ

(കഥകൾ) ദേവദത്ത് ഷാജി

വില – 50/-



ഈ കഥകളിൽ വിപരീതാവസ്ഥകളിൽ അകപ്പെട്ടുപോയ മനുഷ്യരോടുള്ള സഹാനുഭൂതിയുടെ ഒരു അന്തർധാര തെളിനീരുപോലെ അനുഭവവേദ്യമാകുന്നു. ഭ്രമാത്മകതയുടെ തന്ത്രം വിദഗ്ധമായി പ്രയോജനപ്പെടുത്താൻ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്. ഒട്ടുംതന്നെ കൃത്രിമത്വമില്ലാത്ത ലളിതമായ ഭാഷ വായനാസുഖം നൽകുന്നു. അതിവാചാലതയുടെ ആർഭാടങ്ങളില്ലാതെ കഥ പറയാൻ ദേവദത്തിന് കഴിയും.

**-വൈശാഖൻ**




### ചാരുകസേര

(കഥകൾ) തോമസ് ചേർത്തല

വില – 50/-



നിത്യജീവിതത്തിൽ നിന്നടർത്തിയെടുത്തവയാണ് തോമസ് ചേർത്തലയുടെ ഓരോ കഥയും.തീതൈലം വിഴുങ്ങിയതുപോലെ വിങ്ങുന്ന ജീവിതസന്ദർഭങ്ങളിലേക്കാണ് തോമസ് കടന്നുചെല്ലുന്നത്. വാർദ്ധക്യവും അനാഥത്വവും ഒറ്റപ്പെടലും ചതിയും നിസ്സഹാതയും നിറഞ്ഞ ഈ ജീവിതസന്ദർഭങ്ങൾ നമ്മുടെയെല്ലാം ജീവിതത്തിലുണ്ടാവുന്ന അവസ്ഥയാണ്.

**– ഹരിദാസ് വളമംഗലം**

## കഥകൾ




### ജാനകി
(കഥകൾ) ഹരിദാസ് പി. ജി.

വില – 100/-

അതിദീർഘമായ വിരസകഥകൾ പടച്ചുവിടുന്നത് നാട്ടുനടപ്പായിരിക്കുന്ന കഥയുടെ ഊഷരകാലത്താണ് ചെറുതും മർമ്മവേധിയുമായ കഥാകൗതുകങ്ങൾ ഹരിദാസ് ആവിഷ്കരിക്കുന്നത്. വൈവിദ്ധ്യമാർന്ന ജീവിതവഴികളിലൂടെയാണ് ഈ കഥാകാരന്റെ സഞ്ചാരം. ഒറ്റയിരിപ്പിന് വായിക്കാൻ പ്രേരിപ്പിക്കുന്ന പാരായണക്ഷമതയുള്ള കഥകൾ.

-പായിപ്ര രാധാകൃഷ്ണൻ






### ജീവിതം വായിക്കുന്ന കഥകൾ
(കഥകൾ) എഡിറ്റർ. കടാതി ഷാജി

വില – 80/-

ജീവിതത്തിന്റെ അർത്ഥം തേടി ഓരോ എഴുത്തുകാരനും നടത്തുന്ന അന്വേഷണത്തിൽ തെളിഞ്ഞുവരുന്ന കാഴ്ചകളാണ് കഥയനുഭവം. അത് സമസ്തഭാവങ്ങളേയും സാക്ഷ്യപ്പെടുത്തുന്നു. പന്ത്രണ്ട് എഴുത്തുകാർ വായിച്ചെടുത്ത ജീവിതങ്ങൾ... ജീവിതം വായിക്കുന്ന കഥകൾ.






### ഡൈനസോറിയ (രണ്ടാംപതിപ്പ്)
(കഥകൾ) സുരേഷ് കീഴില്ലം

വില – 80/-

കലാകൗമുദി കഥാപുരസ്കാരം നേടിയ 'പീറ്റർ ദി ഗ്രേറ്റ്' ഉൾപ്പെടെ 'അഹല്യ അപ്പാർട്ട്മെന്റ്സ്,' 'ഗരുഡൻ പറവ,' 'ഡൈനസോറിയ,' 'ഒരേ പുഴ' തുടങ്ങിയ വൈവിദ്ധ്യമാർന്ന 18 കഥകൾ.







### തേങ്ങുന്ന ഹൃദയങ്ങൾ
(കഥകൾ) മിനി കൈതാരം

വില – 120/-

മലയാളത്തിന് നിരവധി എഴുത്തുകാരെ സംഭാവന ചെയ്ത നാടാണ് വടക്കൻ പറവൂർ. പറവൂരിൽ നിന്നും ഒരു പുതിയ കഥാകാരികൂടി ഇപ്പോൾ അരങ്ങത്തേക്ക് വരികയാണ്. മിനി കൈതാരം രചിച്ച പതിനഞ്ച് ചെറുകഥകളുടെ സമാഹാരമാണ് 'തേങ്ങുന്ന ഹൃദയങ്ങൾ.'

-സിപ്പി പള്ളിപ്പുറം



## കഥകൾ




### ദൂത്ത്സാഗറിലെ ദൂൾപോഡ്
(കഥകൾ) ഇടപ്പോൺ അജികുമാർ

വില – 100/-



ഒരൊറ്റവരിയെ, അല്ലെങ്കിൽ സൂചനയെ കഥയാക്കി മാറ്റുന്ന മാന്ത്രികദണ്ഡ് ഈ പുസ്തകത്തിലെ കഥകളിൽ കാണാം. ഈ കഥകൾക്ക് ഒരു പൊതുസ്വഭാവം അരിച്ചെടുക്കുക ബുദ്ധിമുട്ടാണ്. ഓരോ കഥയ്ക്കും വ്യത്യസ്തമായ ഭാവങ്ങളും വ്യത്യസ്ത താളങ്ങളുമാണ്. ഒരു പക്ഷേ ഈ കഥകളെ വായനക്കാർക്ക് പ്രിയങ്കരമാക്കുന്നതും ഈ അനന്യതയാകാം.

–സുരേഷ് എം. ജി




### നിശാഗന്ധികളുടെ പകൽ
(കഥകൾ) അനൂബ് കടുങ്ങല്ലൂർ

വില – 80/-



നഷ്ടപ്പെട്ടുപോകുന്ന നന്മകളേക്കുറിച്ചുള്ള ആധി എഴുത്തുകാരനെ ആർദ്രതയുള്ളവനാക്കുന്ന നീരുറവകളാണ്. ഈ സമാഹാരത്തിലെ കഥകൾ നന്മയും സ്നേഹവും കരുണയും നിറഞ്ഞതാണ്. പുതിയകാലത്ത് തീർച്ചയായും വായിക്കപ്പെടേണ്ടവ, ചർച്ച ചെയ്യപ്പെടേണ്ടവ.

–ബാബു പള്ളാശ്ശേരി




### പതിനാലാം സ്ഥലം
(കഥകൾ) ജോസഫ് ഓടക്കാലി

വില – 110/-



ആകാംക്ഷയും ഉദ്വേഗവും പ്രോജ്ജ്വലിപ്പിച്ച് വായനക്കാരിൽ ആശ്ചര്യം ജനിപ്പിക്കുന്ന ആഖ്യാനം. കുറ്റാന്വേഷണപരമോ മനഃശാസ്ത്രപരമോ ആയ കഥകളെന്ന പ്രതീതി സൃഷ്ടിക്കുന്നതും നോവലോ നാടകമോ ആയി രൂപാന്തരപ്പെടുത്തുവാൻ കഴിയുന്ന ബീജം പേറുന്നതുമാണ് ഈ സമാഹാരത്തിലെ എല്ലാ കഥകളും. അത്രയേറെ വിശാലമായ ക്യാൻവാസാണ് ഓരോന്നിനും. കൈത്തഴക്കം വന്ന കഥാകൃത്തിനെയാണ് ഈ പുസ്തകത്തിൽ കാണാൻ കഴിയുന്നത്.

–കെ. രവിക്കുട്ടൻ




### പലനിറപ്പകലുകൾ
(കഥകൾ) എഡിറ്റർ. ജോളി കളത്തിൽ


വില – 260/-



സരസ്വതി അമ്മയുടേയും ലളിതാബിക അന്തർജ്ജനത്തിന്റേയും മാധവിക്കുട്ടിയുടേയും പിന്മുറക്കാർ. മറയ്ക്കുടയ്ക്കുള്ളിലെ മഹാനരകങ്ങളിൽ നിന്ന് തൊഴിൽ കേന്ദ്രങ്ങളിലേക്ക് മാർച്ച് ചെയ്തവർ, മുലചെത്തി, കല്ലുമാലപൊട്ടിച്ച് കറുപ്പിന്റെ വീറോടെ ഉയർന്നുവന്ന നീലിമാർ, ന്റുപ്പാപ്പാടെ ആന വെറും കുയ്യാനയെന്നു തിരിച്ചറിഞ്ഞ് ഭാഷയുടേയും വൈജ്ഞാനികതയുടേയും കൈപിടിച്ച് മുന്നോട്ടുവന്നവർ... ഇവരിലൂടെയൊക്കെ പകർന്നു പകർന്നു വന്ന സ്വാതന്ത്ര്യബോധത്തിന്റെ തിരികളാണ് ഈ എഴുത്തുകാരികളുടേയും ഊർജ്ജസ്രോതസ്.

–ഡോ. ഖദീജ മുംതാസ്

# കഥകൾ




## പരാജിതന്റെ സുവിശേഷം

(കഥകൾ) സുരേഷ് തമ്മാനിമറ്റം

വില – 130/-



യഥാതഥമായ ജീവിതനിരീക്ഷണങ്ങളിൽ നിന്നും ആഴത്തിലുള്ള മനനങ്ങളിൽ കൂടിയുമാണ് ഓരോ കഥയും രൂപപ്പെടുന്നത്, രൂപപ്പെടേണ്ടത്. അത്തരം കഥകളിൽ അവയുടെ അടിയൊഴുക്കായി ആത്മാവായി അലിഞ്ഞുചേർന്ന യാഥാർത്ഥ്യമായി രാഷ്ട്രീയം സംഭവിക്കുക സ്വാഭാവികമാണ്. ഈ സ്വാഭാവിക രാഷ്ട്രീയം സുരേഷിന്റെ ഓരോ കഥയിലും ഉണ്ട്.

**-സുരേഷ് കീഴില്ലം**




## പറയപ്പതി (മൂന്നാം പതിപ്പ്)

(കഥകൾ) മനോജ് വെങ്ങോല

വില – 160/-



വായനക്കാരന്റെ മനസിനെ പ്രക്ഷുബ്ധതയുടെ ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന കൗശലം നിറഞ്ഞ പ്രതിപാദനം. സംവേദനതലങ്ങളിൽ കലാപമുയർത്തുന്ന പുതുകഥയുടെ ഉഷ്ണപ്രവാഹം. നാവിൽ ശൂലം തറച്ച കാവടിയാട്ടക്കാരനെപ്പോലെ കാലം കഥയ്ക്കൊപ്പം നടക്കുന്നു. ഹൃദയത്തിന്റെ തടവറയിൽ ഏകാന്തവാസമനുഭവിക്കുന്നവരുടെ അപാര മുഴക്കമാർന്ന മൗനമാകുന്നു ഈ ഒൻപത് കഥകൾ.




## പാതി പെയ്ത നിലാവ്

(കഥകൾ) റൂബി നിലമ്പൂർ

വില – 80-



മലയാളകഥയുടെ സജീവമായ വർത്തമാന ദിശയിലേക്കാണ് റൂബി നിലമ്പൂർ എന്ന കന്നിയങ്കക്കാരി ഇവിടെ കുറേ കഥകളുമായി ചുവടുവയ്ക്കുന്നത്. പൊള്ളുന്ന ജീവിതാവസ്ഥകളേപ്പോലും എഴുത്തിന്റെ ലാളിത്യം കൊണ്ട് വിശുദ്ധമാക്കുന്ന ആഖ്യാനരീതിയാണ് റൂബിയുടേത്.

**-റഹ്മാൻ കിടങ്ങയം**




## പാറ്റേൺലോക്ക് (രണ്ടാം പതിപ്പ്)

(കഥകൾ) കെ. എസ്. രതീഷ്

വില – 170/-



കേരളീയത, പാരമ്പര്യം, ധാർമ്മികമൂല്യം എന്നിങ്ങനെ മധ്യവർഗ്ഗ മലയാളി ഊതിപ്പെരുപ്പിച്ച് സാന്ദർഭികമായി സ്വയം ചാർത്തുന്ന അലങ്കാരങ്ങളെല്ലാം ദുർഗന്ധം വമിക്കുന്ന ദുരിതജീവിതങ്ങളുടെ നട്ടെല്ലിൽ ചവുട്ടി കെട്ടിപ്പടുത്ത പെരുംനുണകളാണെന്ന് 'പാറ്റേൺലോക്കി'ലെ ഓരോ കഥയും വിളിച്ചുപറയുന്നു.

**-ഡോ. സീമ ജെറോം**

## കഥകൾ

### പിതൃത്വ സർട്ടിഫിക്കറ്റ്

(കഥകൾ) സിജു രാജാക്കാട്

വില - 100/-




കെട്ടുപോയ കാലത്തെയും ലോകത്തെയും പുനഃക്രമീകരിക്കാൻ ശ്രമിക്കുന്ന കഥകൾ. കഥയെഴുതുക എന്നത് രാഷ്ട്രീയ പ്രവർത്തനം തന്നെയായി കാണുന്ന ഒരു എഴുത്തുകാരന്റെ കാഴ്ചപ്പാടുകൾ. പൊൻകുന്നം വർക്കി സ്മാരക കഥാപുരസ്കാരം നേടിയ 'പിതൃത്വ സർട്ടിഫിക്കറ്റ്' ഉൾപ്പെടെയുള്ള പതിനഞ്ചു കഥകളുടെ സമാഹാരം.



### പുകതീനി മാലാഖ

(കഥകൾ) ക്യാപ്റ്റൻ ബിനോയ് വരകിൽ

വില - 100/-




കരിമ്പുകയ്ക്കുള്ളിൽ മാരകവിഷം ചുഴറ്റിയടിക്കുന്ന കൊടുങ്കാറ്റിന്റെ ഇരമ്പൽ കേട്ട് സ്വസ്ഥമായി ഉറങ്ങാൻ കഴിയാത്ത ഒരാൾ എഴുതിത്തുടങ്ങുമ്പോൾ, രാത്രിയിൽ സൂര്യനുദിച്ചാലെന്നപോലെ പരമസത്യങ്ങളുടെ ഇടനാഴികളിൽ പൊയ്മുഖങ്ങളുടെ പലായനവും കലപിലയും മാത്രം. നിഷ്ക്കളങ്കതയുടെ എത്രയെങ്കിലും ദൃഷ്ടാന്തങ്ങളുമായി ഈ കഥാകാരൻ നിൽക്കുന്നു.

-പി.കെ. ഗോപി



### പ്രണയത്തിന്റെ പുസ്തകം

(കഥകൾ) ഫിനോസ് ചാന്ദിരകത്ത്

വില - 200/-




തീവ്രമായ പ്രണയാനുഭവങ്ങൾ പങ്കുവയ്ക്കുന്ന പത്തൊൻപത് കഥകൾ. ഇവ പ്രണയ സാഫല്യങ്ങളുടേത് മാത്രമല്ല, പ്രണയ നഷ്ടങ്ങളുടേതും അതുവഴിയുണ്ടാക്കുന്ന ഹൃദയം പൊട്ടുന്ന സങ്കടങ്ങളുടേയും കൂടി കഥകളാണ്.



### ബാല ഒരു പൂമൊട്ട്

(കഥകൾ) സീന സുഗുണൻ

വില - 80/-





പെൺജന്മം പുണ്യജന്മം എന്നാണ് ചൊല്ല്. പക്ഷേ ഓരോ പെൺജന്മവും താണ്ടേണ്ടിവരുന്ന സഹനങ്ങളുടെ വലിയ മണലാരണ്യങ്ങളുണ്ട്. 'ബാല ഒരു പൂമൊട്ട്' പെൺജന്മങ്ങളുടെ കണ്ണീരുപ്പ് ചുവയ്ക്കുന്ന ഒമ്പത് കഥകളുടെ സമാഹാരം. കൃത്രിമമായ അലങ്കാരങ്ങളോ വളച്ചുകെട്ടലുകളോ ഇല്ലാത്ത ആത്മാർത്ഥമായ രചനാശൈലി.

-ഡോ. ഗീത സുരാജ്



## കഥകൾ




### ഭയം
(കഥകൾ) കടാതി ഷാജി

വില – 60/-



ആനുകാലികങ്ങളിലെ പ്രത്യേകിച്ച് സമാന്തര പ്രസിദ്ധീകരണങ്ങളിലെ നിറസാന്നിദ്ധ്യമായിരുന്ന കടാതിഷാജി എഴുതിയ ഏറുപടക്കത്തിന്റെ സ്ഫോടകശേഷിയുള്ള അമ്പതൊന്ന് മിനിക്കഥകൾ.



### മലമുകളിലെ ദേവി
(കഥകൾ) എ. കെ. ശശി വെട്ടിക്കവല

വില – 70/-



സമയം കണ്ടെത്താൻ കഴിയാത്തവർക്കായി കഥാകൃത്ത് തന്റെ ആശയങ്ങൾ കൊച്ചുകൊച്ചു കഥകളായാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിൽ പലതും ഉൾക്കാഴ്ചയിൽ ചെറുതീപ്പൊരികൾ ഉതിർക്കുന്നവയുമാണ്.




### മറവിക്കും മുന്നേ
(കഥകൾ) ലൈല മൊയ്തു

വില – 50/-



നിശ്ശബ്ദമായിരിക്കുവാൻ നിങ്ങൾക്കെന്തവകാശം എന്ന വലിയ ചോദ്യത്തിന്റെ മറുപടിയാണീ പുസ്തകം. മൗനത്തിന്റെ ശബ്ദം മരണമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അനീതികളോടും അധിനിവേശങ്ങളോടും അസഹിഷ്ണുതയോടും പ്രതികരിക്കുകയാണ് ഓരോ കഥകളും.




### മത്സ്യഗന്ധി
(കഥകൾ) സുനിൽകുമാർ എം. ജി.

വില – 80/-



ജീവിതസംഘർഷങ്ങളും പ്രതിസന്ധികളും അറിയാതെ വന്നുചേരുന്ന ദുരവസ്ഥകളും പറഞ്ഞു ഫലിപ്പിക്കുകയാണ് സുനിൽകുമാർ. കഥകളുടെ ഒടുവിൽ ചില അപ്രതീക്ഷിത പരിണാമങ്ങൾ കൊണ്ടുവന്ന് വായനക്കാരെ വികാരത്ഭുതത്തിൽ എത്തിക്കാനും ശ്രമിക്കുന്നു. ഇതൊരു കഥാരീതിയാണ്. തർക്കമില്ല. അനായാസം വായിച്ചുപോകും.

–ബാലചന്ദ്രൻ വടക്കേടത്ത്

## കഥകൾ




### മിഡിൽ എയ്ജ് ബ്ലൂസ്
(കഥകൾ) സന്തോഷ്കുമാർ പി. എ

വില – 70/-

എഴുത്തുകാരന്റെ ഭിന്നവ്യക്തിത്വങ്ങൾ നിഴലും വെളിച്ചവുമായി ഇണചേർന്ന് സംഭവിക്കുന്ന വിസ്മയങ്ങളാണ് ഈ സമാഹാരത്തിലെ ഓരോ കഥയും. ജീവിതം പോലെ ദുരൂഹമാണ് ഈ കഥകളുടെ വഴികൾ, അനിശ്ചിതവും. പക്ഷെ, ഈ വഴികളിലൂടെയുള്ള സഞ്ചാരം തീർച്ചയായും നമ്മെ പുത്തൻ വായനാനുഭവങ്ങളിലേക്കാണ് എത്തിക്കുക.

–സുരേഷ് കീഴില്ലം






### മുലക്കരം
(കഥകൾ) സോമൻ ചെമ്പ്രേത്ത്

വില – 130/-

നിത്യജീവിതത്തിൽ നിരന്തരമായി കഥകൊണ്ട് ഇടപെടുന്ന കഥാകാരനാണ് സോമൻ. ലൈംഗികതയുടെ വൈവിധ്യങ്ങൾ മറനീക്കി പുറത്തുവരുന്നകാലത്ത് ചുറ്റുപാടുകളെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരു കഥാകാരന് ഇത്തരം കഥകൾ എഴുതാതിരിക്കാനാവില്ല. കഥാപ്രമേയത്തിനും രചനാരീതിയ്ക്കും പുതിയ ആകാശങ്ങൾ തേടുകയാണ് കഥാകൃത്ത്. ഭ്രമാത്മകത ഒട്ടുമില്ലാത്ത റിയലിസംകൊണ്ട് സമ്പന്നമായ കഥകൾ.

–പി സുരേന്ദ്രൻ






### യാതായാതം
(കഥകൾ) കൃഷ്ണൻ കാവിൽ

വില – 100/-

ഇതിവൃത്തഘടനയിലും ആഖ്യാനശൈലിയിലും കൃഷ്ണൻ പുലർത്തുന്ന ഒട്ടും വാചാലമല്ലാത്ത വ്യംഗഭംഗി നമ്മുടെ കഥാസാഹിത്യത്തിൽ പൊതുവെയില്ല. ചെറുതും സുന്ദരമെന്ന് അദ്ദേഹം ഈ കൊച്ചുകഥകളിലൂടെ ബോധ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സ്ഥാനം സാഹിത്യത്തിൽ ഉറച്ചുകഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം.

–എൻ. കെ. ദേശം






### രതിയും ചിരിയും
(കഥകൾ) ജി. ചന്ദ്രബാബു

വില – 120/-

രതിയും ചിരിയും. രണ്ടും ആരോഗ്യത്തിന് വളരെ ഉത്തമമാണെന്ന് വിദഗ്ദ്ധർ കണ്ടെത്തിയിട്ടുള്ളതാണ്. രതിയും ചിരിയും മുഖ്യപ്രമേയമായി വരുന്ന കഥകൾ.ഈ കഥകൾ ചിരിപ്പിക്കുക മാത്രമല്ല ചിന്തിപ്പിക്കുകയും ചെയ്യും.



## കഥകൾ




### രണ്ടുമന്ത്രങ്ങൾ
(കഥകൾ) ഫരീദ് ജാസ്

**വില – 50/-**



കണ്ടതും കേട്ടതും അനുഭവിച്ചതുമായ ലോകത്തെ വച്ചുകൊണ്ട് കാണാത്തതും കേൾക്കാത്തതും അറിയാത്തതുമായ ഒരു ലോകം സൃഷ്ടിക്കുന്നവനാണ് മികച്ച കഥാകാരൻ. ഫരീദ് ജാസ് ഇതിൽ നിന്ന് വ്യത്യസ്തനല്ല. തനിക്ക് പരിചിതമായ ജീവിതാനുഭവങ്ങളിൽ മുങ്ങിത്തപ്പിക്കിട്ടുന്ന സ്മൃതിമുത്തുകളാണ് 'രണ്ടു മന്ത്രങ്ങളി'ൽ.

–പായിപ്ര രാധാകൃഷ്ണൻ




### രുദ്രാഭിഷേകം (രണ്ടാം പതിപ്പ്)
(കഥകൾ) ജോളി കളത്തിൽ

**വില – 80-**



ജീവിതത്തിന്റെ സൂക്ഷ്മഭാവങ്ങൾക്ക് മാനവികതയുടെ ചാരുത ചാർത്തുന്ന കഥകൾ. മനുഷ്യപക്ഷം പിടിച്ചെഴുതിയ കഥകളിൽ നിറയുന്നൊരു സ്ത്രീയുണ്ട്. കാലത്തിന്റെ കനലുകളിൽ ചവിട്ടി നിൽക്കുന്നൊരു പെണ്ണ്. അവളുടെ ധ്വനിസാന്ദ്രവും നിഗൂഢസ്പർശവുമുള്ള കഥകളാണിവ.

–ഡോ. എം. രാജീവ്കുമാർ




### റുബിക്സ് ക്യൂബ്
(കഥകൾ) കെ ലാൽ

**വില – 80/-**



സൂര്യൻ കടലിൽ നിന്ന് ജലമെടുത്ത് മഴയാക്കി നമുക്ക് തിരിച്ചുനൽകുമ്പോൾ ഉപ്പുവെള്ളത്തെ ശുദ്ധജലമാക്കി ഉദാത്തീകരിക്കുന്നുണ്ട്. അതുപോലെയാണ് കെ. ലാലിന്റെ 'റുബിക്സ് ക്യൂബി'ലെ കഥകളും. കഥ പറഞ്ഞുപോകുന്നതിനോടൊപ്പം ചില വരികൾകൊണ്ട് നമ്മളേയും അതുവഴി സമൂഹത്തേയും ശുദ്ധീകരിക്കാൻ നടത്തുന്ന ശ്രമം എടുത്തുപറയേണ്ടതാണ്.

–ജോളി കളത്തിൽ




### വഴി തേടുന്നവരുടെ മാനിഫെസ്റ്റോ
(കഥകൾ) കുഞ്ഞിമുഹമ്മദ് അഞ്ചച്ചവിടി

**വില – 70/-**



'വഴി തേടുന്നവരുടെ മാനിഫെസ്റ്റോ' അടിസ്ഥാനപരമായി ഒരു രാഷ്ട്രീയകഥയാണ്. എന്നാൽ, രാഷ്ട്രീയ ദർശനങ്ങൾ നേർക്കാഴ്ചകളായിട്ടില്ല, മറിച്ച് അലിഗറിയായിട്ടാണ് കഥയിലേക്ക് കടന്നുവരുന്നത്. സംഘത്തെ കുറിച്ച് എഴുതുമ്പോഴും മൗനത്തിന്റെ ഒത്തിരി ഇടങ്ങൾ കഥയിലുണ്ട്. ശക്തമായ ഭാഷയും ബിംബഘടനയും ഈ കഥയുടെ പ്രത്യേകതയാണ്.

–പി. സുരേന്ദ്രൻ

## കഥകൾ




### വിൽക്കാനുണ്ട് ചില ഹൃദയരാഗങ്ങൾ കൂടി
(കഥകൾ) ഹരിദാസ് നീലഞ്ചേരി

വില – 80/-



പാരായണക്ഷമമാണ് ഓരോ കഥകളും. ഇവ നമ്മുടെ ജീവിതത്തിന്റെ പ്രതിബിംബമായി അനുഭവപ്പെടും. പുതിയകാലത്ത് മനുഷ്യൻ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ കറുത്തഹാസ്യത്തിന്റെ നിറക്കൂട്ടിൽ കഥാകൃത്ത് ഇവിടെ ചിത്രീകരിക്കുന്നു. സമകാലിക ജീവിതത്തെ അഭിസംബോധന ചെയ്യുന്ന പന്ത്രണ്ട് കഥകൾ.




### വെയിൽ വിളിക്കുന്നു (രണ്ടാംപതിപ്പ്)
(കഥകൾ) മനോജ് വെങ്ങോല

വില – 80/-



നൂറുനൂറുവഴികൾ തുറന്നുപോകാൻ കഴിയുന്നവയാണ് ഈ പുസ്തകത്തിലെ ഓരോ കഥകളും. വായനയിലൂടെ, ജീവിതാപഗ്രഥനത്തിലൂടെ, അതിസാഹസികമായ മാനസിക സഞ്ചാരങ്ങളിലൂടെ ഓരോ കഥയും സമഗ്രജീവിതത്തിന്റെ ഊർജ്ജമാണ് അടക്കിവച്ചിട്ടുള്ളത്. ദൈവം ഈ എഴുത്തുകാരന്റെ കൈപിടിച്ച് സൂര്യന്റെ മുഖത്ത് ഒരു മഴവില്ല് വരച്ചുതീർത്തിരിക്കുന്നു.

-സുരേഷ് കീഴില്ലം





### വൈശാഖസന്ധ്യ
(കഥകൾ) കെ. വിജയം

വില – 90/-



വായനയ്ക്ക് ഒരു പുസ്തകം കയ്യിലെടുക്കുമ്പോൾ, പ്രത്യേകിച്ച് ചെറുകഥകളാണെങ്കിൽ വായനക്കാരെ പിടിച്ചിരുത്തുന്ന പ്രധാനഘടകം ഭാഷ തന്നെയാണ്. അതുപോലെ തന്നെ പ്രധാനമാണ് എഴുതുന്ന വിഷയങ്ങളുടെ വ്യത്യസ്തത. ഇതുരണ്ടും ഒത്തിണങ്ങിയ കഥകളാണ് കെ വിജയത്തിന്റെ 'വൈശാഖസന്ധ്യ' എന്ന ഈ കഥാസമാഹാരത്തിലുള്ളത്.

-ജോളി കളത്തിൽ




### ശംഖിനി
(കഥകൾ) കെ. കെ. കുമാരൻ

വില – 50/-



വ്യത്യസ്ഥമായ കഥാവിഷയങ്ങൾ തിരഞ്ഞെടുത്തുകൊണ്ട് മുന്നേറുന്നവയാണ് 'ശംഖിനി'യിലെ കഥകൾ. കൃത്രിമത്വങ്ങളൊന്നുമില്ലാതെ നിഗൂഢമായ കഥാപാത്രങ്ങളില്ലാതെ സാധാരണരീതിയിൽ സാധാരണക്കാരന്റെ കഥപറച്ചിലുകളാണ്, സാധാരണ കഥാപാത്രങ്ങളാണ് ഈ പുസ്തകത്തിലുള്ളത്.

-രവിത ഹരിദാസ്

# കഥകൾ




## ശിഖിരങ്ങൾ തേടുന്ന വവ്വാലുകൾ

(നോവൽ) അഡ്വ. ഡോ. കെ. സി. സുരേഷ്

വില - 140/-

നിയമത്തിന്റെ തിരക്കടലിൽ മുങ്ങിത്തപ്പി മുത്തും പവിഴവും ശേഖരിക്കുന്ന അതി വിദഗ്ധൻ മാത്രമല്ല, അവയ്ക്കൊക്കെ കാന്തിയും മൂല്യവുംകൂടി പ്രദർശിപ്പിക്കുന്ന കരവിരുതിന്റെ ഉടമയും കൂടിയാണ് ഈ അഭിഭാഷകൻ. അഡ്വ. ഡോ. കെ.സി. സുരേഷ് അവതരിപ്പിക്കുന്ന നിയമ കഥാപാത്രങ്ങൾ ജീവനുള്ളവയാണ് നിയമത്തിന്റെ അന്തസത്ത മനസ്സിലെത്തിക്കുന്ന വിദഗ്ധ പ്രക്രിയകളാണ് ഈ ചെറുകഥകൾ.

**-ജസ്റ്റിസ് കെ. സുകുമാരൻ**






## സമയപരിധി നൂറുമീറ്റർ


(കഥകൾ) രാജി

വില - 80/-

ചൊൽത്തിളക്കമുള്ളവയാണ് ഈ തുടക്കാരിയുടെ കഥകൾ. ഭാഷയിലും പ്രതിപാദനത്തിലും ലാളിത്യം. സ്വന്തം മനസ്സിന്റെ ഉൾക്കളങ്ങളിലേക്ക് ആഴ്ന്നിറങ്ങാനെന്നതുപോലെ അന്യന്റെ അന്തർധാരയിലേക്ക് കൂടുവിട്ട് കൂടുമാറാനും ഈ കഥാകാരിക്ക് സാധിക്കുന്നു.

**-പി പി കെ പൊതുവാൾ**






## സ്കൂളകം

(കഥകൾ) ലൈല മൊയ്തു

വില - 70/-

അധ്യാപനജീവിതത്തിൽ നിന്നും കിട്ടിയ അനുഭവച്ചീളുകൾക്ക് മഷി പുരട്ടിയതാണ് ലൈല ടീച്ചറുടെ 'സ്ക്കൂളകം' എന്ന ഈ സൃഷ്ടി. അക്ഷരങ്ങളെ ആയുധമാക്കി, വാക്കുകളെ അടർത്തി, പിളർത്തി അനുഭവങ്ങളിലൂടെ സഞ്ചരിക്കുന്നതാണ് ഓരോ കഥയും.

**-റുക്സാന ടി പി**






## സിദ്ധാർത്ഥിന്റെ അമ്മ

(കഥകൾ) എ. കെ. ശശി വെട്ടിക്കവല

വില - 70/-

പുതുമകൾക്കുവേണ്ടി കൃത്രിമത്വങ്ങളെ കൂട്ടുപിടിക്കാതെ ലളിതമായ പദപ്രയോഗത്തിലൂടെ കഥ പറയുകയാണ് 'സിദ്ധാർത്ഥിന്റെ അമ്മ' എന്ന ഈ സമാഹാരത്തിലൂടെ എ.കെ ശശി വെട്ടിക്കവല. ഭാരരഹിതമാണ് ഇതിലെ ഓരോ കഥകളും. പരിചിതത്വത്തിന്റെ മേഖലകളിൽനിന്നും കണ്ടെടുത്ത കൊച്ചു കൊച്ചു ആശയങ്ങളാണ് കഥാതന്തുക്കൾ.

**-ജോളി കളത്തിൽ**



## കഥകൾ




### സെൻട്രൽ ലൈബ്രറിയിലെ സുഹൃത്ത് (മൂന്നാം പതിപ്പ്)
(കഥകൾ) വിമൽബാബു പി.

വില – 280/-



വിമൽ നിശ്ചയമായും ഒരു കഥ പറച്ചിലുകാരനാണ്. ഏതു ബഹളങ്ങളിൽ കുരുങ്ങിക്കിടക്കുകയാണെങ്കിലും നിങ്ങളുടെ ശ്രദ്ധയെ പിടിച്ചെടുത്തുകൊണ്ട് കഥയിലേക്ക് പ്രതിഷ്ഠിക്കാനുള്ള അസാമാന്യമായ കഴിവ് വിമൽ ബാബുവിനുണ്ട്. ഈ അക്ഷരങ്ങളിലൂടെ കടന്നുപോകുമ്പോൾ ശരിക്കും ഞാൻ സ്ഥലജലഭ്രമത്തിൽപ്പെട്ടുപോയി. തുടങ്ങിയാൽ തീരാതെ നിങ്ങൾ ഇതിന്റെ വായന അവസാനിപ്പിക്കില്ല എന്നത് എന്റെ ഉറപ്പ്.

–ബെന്യാമിൻ




*Out of Stock*

### സ്വർണ്ണനിറമുള്ള വെയിൽ
(കഥകൾ) കെ. ആർ. അനൂപ്

വില – 80/-



അരികുവത്കരിക്കപ്പെടുന്നവരെ അടയാളപ്പെടുത്തുന്നവയാണ് കെ ആർ അനൂപിന്റെ കഥകൾ. ആ നിലയ്ക്ക് ഈ സമാഹാരത്തിലെ മിക്കവാറും കഥകളും സ്ത്രീപക്ഷത്താണ്. സ്നേഹത്തിന്റെ മഹാകാശമാണ് ഈ എഴുത്തുകാരന്റെ ദർശനം. മലയാള ചെറുകഥയുടെ വരുംകാലങ്ങളിൽ തനതുസംഭാവനകളുമായി ഈ യുവകഥാകൃത്ത് മുന്നോട്ടുപോവുക തന്നെ ചെയ്യും.

## കവിതകൾ




### അഗ്നിനക്ഷത്രങ്ങൾ
(കവിതകൾ) കോടിക്കുളം സുകുമാരൻ

വില – 100/-



പത്രദൃശ്യമാധ്യമങ്ങളിലൂടെ ജനശ്രദ്ധയിൽ വന്ന സംഭവങ്ങളെ ഓർമ്മിപ്പിക്കുന്ന കവിതകൾ ഈ സമാഹാരത്തിലുണ്ട്. വർത്തമാനകാല സാമൂഹ്യാവസ്ഥകളോട് സഫലമായി പ്രതികരിക്കുന്ന കവിയാണ് ശ്രീ. കോടിക്കുളം സുകുമാരൻ.

–ഡോ. ജോഷി വർഗ്ഗീസ്





### അധിനിവേശം
(കവിതകൾ) വത്സൻ വലിയപുല്ലാര

വില – 80/-



വികസനം വരുമ്പോൾ ഇടം നഷ്ടപ്പെടുന്നവരെ പറ്റിയുള്ള വിലാപങ്ങളാണ് ഈ കവിതകളിൽ. അവർ പാർത്ത ഇടം ഇപ്പോൾ നഗരോദ്യാനങ്ങളാണ്. കപ്പൽ നിർമ്മാണശാലയും തീവണ്ടിയാപ്പീസും കോടതിയും അവരെ തുടച്ചുമാറ്റിയ ഭൂമിയിലാണ്. അങ്ങനെ ഉയർന്ന നഗരസൗധങ്ങളുടെ ഭീകര പ്രതിബിംബങ്ങളാണ് ഈ കവിതയിൽ.

# കവിതകൾ




## അവധൂതൻ

(കവിതകൾ) ജയകുമാർ കാലടി

വില – 60/-



കവി കർമ്മകാണ്ഡമനുസരിച്ച് ഒരു അവധൂതനാണ്. കവിയുടെ അബോധമനസ്സിന്റെ ഇടപെടലിലൂടെയാണ് കവിത പിറവിയെടുക്കുന്നത്. മനസ്സിരുത്തി അവധൂതൻ വായിക്കാനൊരുമ്പെട്ടാൽ കവി നമ്മെ പലവഴിക്ക് കൈ പിടിച്ച് നടത്തും. നടക്കാൻ മനസ്സുള്ളവർക്ക് സ്വാഗതം.

–ഡോ. ജെ.കെ.എസ്. വീട്ടൂർ




## അഭയാർത്ഥികൾ

(കവിതകൾ) ജയകുമാർ കാലടി

വില – 70/-



ആൾക്കൂട്ടങ്ങൾക്കിടയിൽ ജീവിക്കുകയും അനാഥനാണെന്ന് കുറേദൂരം പിന്നിട്ടപ്പോൾ തിരിച്ചറിയുകയും ചെയ്ത ഒരു പാന്ഥനെയാണ് 'അഭയാർത്ഥികളി'ൽ വരച്ചിടുന്നത്.

–സ്വാമി നന്ദാത്മജാനന്ദ




## അഹം

(കവിതകൾ) അജിൻഷാ

വില – 80/-



സങ്കീർണ്ണമായ മാനസികവ്യാപാരങ്ങൾ ഉൾക്കൊള്ളുന്നവയാണ് അജിൻഷായുടെ കവിതകൾ. അവ തിരയുന്നത് തികച്ചും സമാന്തരമായ ഒരു ലോകമാണ്.




## ഇമ

(കവിതകൾ) ജയൻ പുക്കാട്ടുപടി


വില – 100/-



ഈ സമാഹാരത്തിലെ കവിതകളെല്ലാം തന്നെ കടുത്ത മനുഷ്യവിഷാദത്തിൽ നിന്നുയിർകൊണ്ടവയാണ്. നീതിനിഷേധങ്ങളെ ചെറുത്തു തോൽപ്പിക്കാൻ പുതിയ കാലത്ത് എങ്ങനെയാണ് ആയുധങ്ങൾക്ക് മൂർച്ച വർദ്ധിപ്പിക്കേണ്ടതെന്ന് ശക്തമായി ആഹ്വാനം ചെയ്യുന്ന കവിതകൾ.

–എസ്. രമേശൻ

# കവിതകൾ




## ഇരുപത്തൊമ്പത്

(കവിതകൾ) പൂജ പി. ബാലസുന്ദരം

വില – 80/-



കവികളെ വിഷംതീനികൾ എന്നു വിളിച്ചത് കേസരി എ.ബാലകൃഷ്ണപിള്ളയാണ്. ജീവിതത്തിന്റെ വിഷം മുഴുവൻ കോരിക്കുടിച്ച് അവർ അമൃതം ലോകത്തിനു നൽകുന്നു. ആ അർത്ഥത്തിൽ വാക്കിന്റെ അമൃതാനുഭവം കടഞ്ഞെടുത്ത കവിത എന്ന് പൂജ പി. ബാലസുന്ദരത്തിന്റെ കവിതയെ വിശേഷിപ്പിക്കാം.

–ആലങ്കോട് ലീലാകൃഷ്ണൻ




## എരിയുന്ന ഭൂമി

(കവിതകൾ) ആതിര ദാസ്

വില – 50/-



അനുഭവത്തിന്റെ തീച്ചൂളയിൽ ഉരുകുമ്പോൾ മാത്രമേ സൃഷ്ടിയുടെ നോവറിയാൻ കഴിയൂ. ആതിരയുടെ കുഞ്ഞറിവിന് തനിമയുടെ ശക്തിയുണ്ട്. തനിക്കുവേണ്ട പ്രതിബദ്ധതയെന്തെന്ന് എഴുത്തുകാരി തിരക്കുന്നുണ്ട്. മനക്കണ്ണിൽ കണ്ണീരൂറുമ്പോഴും കയ്യിൽ ചമ്മട്ടിയേന്താനുള്ള ശ്രമം കവിതകളിൽ സ്ഫുരിക്കുന്നുണ്ട്.

–പായിപ്ര ദമനൻ




## എലിക്കെണി


(കവിതകൾ) ഗോപൻ മെയ്ജി

വില – 80/-



ഭാഷയ്ക്കുള്ളിൽ ഭാഷകൊണ്ട് സാധ്യമാക്കുന്ന രചനാപാടവം, ഹൃദയം ചേർത്തെഴുതിയ നന്മയുടെ, കരുണയുടെ കവിത. ദിവസവും ആയിരക്കണക്കിന് കവിതകളും കവികളും പിറവി കൊള്ളുന്ന മലയാളത്തിൽ, മെയ്ജി സ്വന്തമായൊരു കാവ്യവഴി വെട്ടിയിരിക്കുന്നു.

–പവിത്രൻ തീക്കുനി




## ഉറുമ്പിൻകൂട്ടങ്ങൾ

(കവിതകൾ) റഷീദ് ഏലൂക്കര

വില – 50/-



കവിതാനദി അതിന്റെ പ്രയാണം തുടരുക തന്നെയാണ്. കവിതകളിൽ ഒരിക്കലും മായം ചേർക്കാനാവില്ല. മായം ചേരുന്നത് കണ്ടുപിടിക്കപ്പെടും. മായം ഇല്ലാത്ത ഒരു കവിയാണ് റഷീദ് ഏലൂക്കര. അദ്ദേഹത്തിന്റെ മായം ഇല്ലാത്ത 18 കവിതകളുടെ സമാഹാരമാണ് 'ഉറുമ്പിൻകൂട്ടങ്ങൾ.'

–ജോസഫ് ഓടയ്ക്കാലി

## കവിതകൾ




### ഉടൽ

(കവിതകൾ) **കെ. മുരളീധരൻ**

**വില – 100/-**

മണ്ണും മനുഷ്യനും സാമൂഹ്യവിചാരങ്ങളും ജീവിതമൂല്യങ്ങളും അറ്റുപോയ പുതിയകാലത്തിന്റെ വ്യാജ സർഗ്ഗാത്മക നാടകങ്ങളല്ല ഈ കവിതകൾ. മറിച്ച് ജോൺ എബ്രഹാമും എ അയ്യപ്പനും ആവേശിക്കപ്പെട്ട യൗവ്വന ബലിദാനകാലത്തിന്റെ തിരുശേഷിപ്പുകളാണ്.

**-സി. അഷറഫ്**






### ഒപ്പാരി

(കവിതകൾ) **മനു കാരയാട്**

**വില – 90/-**

'ഒപ്പാരി' മികച്ച വായന നൽകുന്ന ഒരു കാവ്യ പുസ്തകം തന്നെ എന്ന് ഉറപ്പിച്ച് പറയട്ടെ. ഉള്ള് ഒന്നുപിടയ്ക്കാതെ ഇതിലെ ഒരു കവിതയും വായിച്ചു പോകാനാവില്ല. മനുവിനെ നേരിൽ കാണാനും കെട്ടിപ്പിടിക്കാനും കൊതിച്ചുപോയി. അത്രമേൽ തീവ്രമായ ഭാഷ, ശക്തമായ ബിംബങ്ങൾ.

**-പവിത്രൻ തീക്കുനി**







### ഒരു കൊച്ചുസ്വപ്നം

(കവിതകൾ) **ലച്ചു വിച്ചാട്ട്**

**വില – 60/-**

കളങ്കരഹിതമായ വാക്കും പ്രത്യാശയുമാണ് ലച്ചുവിന്റെ കവിതകൾ. അതിനാൽത്തന്നെ വരികളിൽ അകൃത്രിമ സൗന്ദര്യമുണ്ട്. എഴുതിപ്പോയ കവിതകളാണവ. ജീവിതദുഃഖങ്ങളെയൊക്കെയും സൗഖ്യമാക്കി മാറ്റാനുള്ള സ്വയം സമാധാനപ്പെടലുകളാണ് പ്രധാനമായും ഈ കവിതകൾ.

**-ആലങ്കോട് ലീലാകൃഷ്ണൻ**






### ഒന്നിങ്ങുവന്നാലും കണ്ണാ

(കവിതകൾ) **ചേലാമറ്റം രുഗ്മിണി**

**വില – 60/-**

ശ്രീകൃഷ്ണനെപ്പോലെ കവിഭാവനയിൽ ആകർഷിച്ച മറ്റൊരു കഥാപാത്രമില്ല. ശ്രീമതി ചേലാമറ്റം രുഗ്മിണിയുടെ 'ഒന്നിങ്ങു വന്നാലും കണ്ണാ' എന്ന കവിതാസമാഹാരത്തെ ആകർഷകമാക്കുന്നതും കൃഷ്ണൻ തന്നെയാണ്. കവയിത്രി ശ്രീകൃഷ്ണനെ ആത്മാവിൽ ചേർത്തിട്ടുണ്ടെന്ന് ഇതിലെ പല കവിതകളും വിളിച്ചുപറയുന്നു.

**-ഡോ. കെ.എൻ. ഉണ്ണികൃഷ്ണൻ**



## കവിതകൾ





### ഓർമ്മയിൽ ഒരു മയിൽപ്പീലി
(കവിതകൾ) കെ. വിജയം

വില – 60/-

ഈ കവിതകളിലെല്ലാം ഹൃദയംകൊണ്ടാണ് എഴുതിയത്. മസ്തിഷ്കങ്ങൾ കൊണ്ടുള്ള വായനകൾക്ക് ഇവ അനുയോജ്യമല്ല. സർവ്വതിലും സാരം കാണുന്നവനാണ് കവി. നിസാരമായതിന്റെ കീഴ്ക്കോണിൽ നിന്നുള്ള ദൃഷ്ടിയാണ് യഥാർത്ഥ ലോകദർശനം

–ഡോ. കെ.എസ്. കൃഷ്ണകുമാർ






### ഒറ്റയിതൾപ്പൂവ്
(കവിതകൾ) ശിവശങ്കരൻ കിണാശ്ശേരി

വില – 80/-

ആത്മനിഷ്ഠ രചനകൾ അനുഭവത്തിന്റെ തീപ്പടർപ്പുമായി ഉയിർക്കൊള്ളുന്നവയാണ്. ഏതൊരു എഴുത്തുകാരുടെയും ആദ്യകൃതി തികച്ചും വൈയക്തികാനുഭവങ്ങളുടെ രേഖപ്പെടുത്തലായിരിക്കും. ശിവശങ്കരൻ കിണാശ്ശേരിയുടെ 'ഒറ്റയിതൾപൂവും' അതിൽ നിന്നും മാറി നിൽക്കുന്നില്ല.

–തസ്മിൻ ഷിഹാബ്






### കഥ പറയുന്ന കവിതകൾ
(കവിതകൾ) ഹാഫിസ അസീസ് കടവത്ത്

വില – 70/-

പോയകാലത്തെ കൊച്ചുകൊച്ചനുഭവങ്ങൾ ഓർത്തെടുക്കുമ്പോൾ മനസിൽ കുളിരുപരക്കും. ഓർമകളാണ് മനസിന് യുവത്വം തരുന്നത്. കവയിത്രിയുടെ മാത്രമല്ല, ഈ കൃതി വായിക്കുന്നവർക്കും തങ്ങളുടെ ഓർമകളെ ചികഞ്ഞെടുക്കാനുള്ള അവസരം ഈ സമാഹാരത്തിലെ ഓരോ കവിതയും നൽകുന്നു.

–ഹുസൈൻ രണ്ടത്താണി






### കനൽജീവിതം (മൂന്നാം പതിപ്പ്)
(കവിതകൾ) കൗസല്യ കൃഷ്ണൻ

വില – 70/-

ഇനിയും മനസ്സിൽ കവിത ശേഷിക്കുന്നത് എങ്ങനെയെന്ന് ഏഴാംക്ലാസ്സുവരെ മാത്രം പഠിച്ച കൗസല്യക്ക് അറിയില്ല. അക്ഷരങ്ങളുടെ നിലാവിൽ നിന്ന് തീച്ചൂടിലേക്ക് ജീവിതം പറിച്ചുനട്ടിട്ടും കവിത ചാമ്പലായില്ല. പതിറ്റാണ്ടുകൾക്കുശേഷം വീണ്ടും തളിർത്തപ്പോൾ അനുഭവങ്ങളുടെ ഉൾക്കനം കവിതയ്ക്ക് കരുത്തായി.

–ആർ. സാംബൻ, ദേശാഭിമാനി



# കവിതകൾ




## കല്ലുളി
(കവിതകൾ) ചന്ദ്രൻ തുരുത്തിമാലി

വില – 70/-

'കല്ലുളി'യിലെ മിക്ക കവിതകളും ശക്തമായ വിചാരണകളും ചോദ്യങ്ങളും പ്രതിഷേധങ്ങളുമാണ്. അതിനാൽത്തന്നെ ഈ കവി മനുഷ്യപക്ഷത്തിന്റെ കവിയാകുന്നു. ഈയൊരു കാലത്തേയും രാഷ്ട്രീയബോധത്തേയും നിലപാടുകളേയും അടയാളപ്പെടുത്തുവാൻ എത്ര ശക്തമായ രീതിയിലാണ് കവിയ്ക്ക് സാധിച്ചിരിക്കുന്നത്.

–പവിത്രൻ തീക്കുനി






## കാലത്തിന്റെ ഗീതം
(കവിതകൾ) കുമാർ കെ മുടവൂർ

വില – 50/-

കുമാർ കെ മുടവൂർ മൗനതീരങ്ങളിൽ നിന്നു വിട്ടുമാറി കവിതയുടെ വഴികളിലൂടെ സഞ്ചരിക്കുകയാണ്. നിശബ്ദതയല്ല, സഹനമല്ല, പ്രതിഷേധങ്ങളാണ് വർത്തമാനകാലം ആവശ്യപ്പെടുന്നതെന്ന നിഗമനം പൂർണ്ണത കൈ വരിക്കുന്നു. കുമാർ കെ മുടവൂരിന്റെ ഈ സമാഹാരം പ്രതിഷേധത്തിന്റെ കാവ്യമായി നമുക്കുമുന്നിൽ കൈകൂപ്പി നിൽക്കുന്നു.

–എസ് രമേശൻ






## കാവൽക്കിനാക്കൾ
(കവിതകൾ) ഗോപീകൃഷ്ണ

വില – 80/-

ഗോപീകൃഷ്ണയുടെ കവിതകളിൽ മലയാളത്തിന്റെ മാധുര്യമുണ്ട്. ഇമ്പമാർന്ന, താളത്തിലുള്ള ഭാഷയും മനസ്സിന്റെ അഗാധഗർത്തങ്ങളിൽ നിന്ന് വിരിഞ്ഞിറങ്ങുന്ന സ്വപ്നങ്ങളുമുണ്ട്. പേനത്തുമ്പിൽ നിന്ന് അടർന്നുവീണ വാക്കുകൾ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് തന്നെയാണെന്ന് ഓരോ കവിതയിലൂടെയും വെളിപ്പെടുത്തുന്നു.

–ബീന ബിനിൽ






## കാളിന്ദിയുടെ പാട്ട്
(കവിതകൾ) ജയകുമാർ വാഴപ്പിള്ളി

വില – 50/-

സാഹിത്യത്തെയും സംഗീതത്തെയും അകമഴിഞ്ഞ് ഉപാസിക്കുന്ന കവി. അതുകൊണ്ടുതന്നെ സാഹിത്യത്തിൽ സംഗീതത്തിന്റെ സ്വരമാധുരി അദ്ദേഹത്തിന് നിർബന്ധമാണ്. കവിതയുടെ വായന, വാദനത്തോട് അടുക്കും. അദ്ദേഹത്തെ സംബന്ധിച്ച് കവിത സമം സദിര് തന്നെ. ആലോചനയേക്കാൾ ആലാപനമാണ്, കോടിപുണ്യമുള്ള ആത്മനിവേദനമെന്ന് കവിയുടെ നിലപാട്.

–ജിനീഷ് ലാൽ രാജ്



# കവിതകൾ




## കാറ്റുറങ്ങാത്ത വീഥികൾ

(കവിതകൾ) **ഓമന എൻ. സി.**

**വില – 50/-**

നിർമലവാക്കുകളുടെ നീർപ്രവാഹമാണ് ഓമന എൻ. സിയുടെ കവിതകൾ. കരളിന്റെ ഉള്ളുരുക്കങ്ങളിൽ നിന്നും കടഞ്ഞെടുത്ത വാക്കുകളാണ് തന്റെ കവിതയെന്ന് കവി കവിതയിലൊരിടത്ത് കുറിച്ചിടുന്നുണ്ട്. അവയിൽ പ്രണയവും നോവും നനവും പ്രാണന്റെ ചിറകനക്കങ്ങളും ഉണ്ട്. ചിലപ്പോൾ കവിതകൾ പ്രാർത്ഥനപോലെ അഞ്ജലീബദ്ധമാകുന്നു.

**-ബൃന്ദ**






## കയ്യൊപ്പ്

(കവിതകൾ) **അഖിൽ**

**വില – 70/-**

ജീവിതത്തിന്റെ വിവിധഭാവങ്ങളിലൂടെയുള്ള യാത്രയാണ് അഖിലിന്റെ കവിതകൾ. ഓരോ വായനയിലും നെഞ്ചോട് ചേർത്തുപിടിക്കാൻ, ദുഃഖങ്ങളുടെ മഴയേൽക്കുമ്പോഴും കരുത്താർജ്ജിക്കുവാൻ പ്രതീക്ഷയുടെ, നന്മയുടെ ഒരു മഴവില്ല്. സ്നേഹത്തിന്റെ, കരുതലിന്റെ, ഓർമ്മകളുടെ ഒരു 'കയ്യൊപ്പ്.'

**-സിന്ധു നായർ**






## ഗുൽമോഹർ ചോക്കുമ്പോൾ


(കവിതകൾ) **കസ്തൂരി മാധവൻ**

**വില – 130/-**

സ്ത്രൈണാനുഭൂതികളുടെ വൈവിദ്ധ്യമാർന്ന അനുഭവപരിസരം 'ഗുൽമോഹർ ചോക്കുമ്പോൾ' എന്ന ഈ സമാഹാരത്തിലുണ്ട്. സാമൂഹിക കുടുംബപശ്ചാത്തലത്തിൽ സ്ത്രീകൾ അടയാളപ്പെടുന്നത് വിമർശനാത്മകമായും വൈകാരികാനുഭൂതിയായും കവിതയിൽ നിറയുന്നു.

**-ഡോ. ജൂലിയ ഡേവിഡ്**






## ഗോത്രജ്വാലകൾ

(കവിതകൾ) **കാവിൽ രാജ്**

**വില – 90/-**

നമ്മുടെ കാലഘട്ടം ജീവപ്രപഞ്ചത്തിന്റെ അസ്തിത്വത്തിനു നേരെ ഉയർത്തിയിട്ടുള്ള വെല്ലുവിളികളെ ധീരതയോടെ ഉൾക്കൊണ്ട കവിയാണ് ശ്രീ. കാവിൽ രാജ്. ഭാഗിക വീക്ഷണങ്ങളുടെ ചങ്ങലകൾ ഈ കവിയുടെ കാലടികളെ ബന്ധിക്കുന്നില്ലെന്നതു സവിശേഷ ശ്രദ്ധയാകർഷിക്കുന്ന വസ്തുതയാണ്.

**-മഹാകവി അക്കിത്തം**



## കവിതകൾ




### ചതുർന്നവഗീതങ്ങൾ
(കവിതകൾ) കെ.പി. മാളിയേക്കൽ

വില – 50/-



ആവിഷ്കാര വൈവിദ്ധ്യതയുടെ പ്രകടനവേദിയായി ഈ സമാഹാരത്തിലെ കവിതകൾ ആത്മപ്രകാശനം ചെയ്യുന്നു. കാലഘട്ടങ്ങളുടെ വൈകാരികതകൾ ഉൾക്കൊണ്ട് വിപ്ലവാത്മക രൂപം പ്രാപിക്കുന്ന ചിന്തകളുടെ കരുത്തുറ്റ പ്രവാഹമാണിത്. ഒമ്പതുകവിതകൾ വീതം വിന്യസിപ്പിച്ച നാലുഭാഗങ്ങടങ്ങിയ ഈ സമന്വയം സുഗന്ധം വിരിയുന്ന അക്ഷരമാല തന്നെയാണ്.




### ചങ്ങാത്തം
(കവിതകൾ) ഇന്ദിര കെ. നായർ

വില – 60/-



വ്യവസ്ഥാപിതമായ സിദ്ധാന്തങ്ങളുടെയോ, നിർവ്വചനങ്ങളുടെയോ അകമ്പടിയില്ലാതെ, കാട്യലേശമെന്യേ എഴുതപ്പെട്ട 33 കവിതകൾ. ഓരോ കവിതയും നേരിട്ടുള്ള പറച്ചിലാണ്. ലളിതം, വ്യക്തം.

**-ജയകുമാർ ചെങ്ങമനാട്**





### ചാഞ്ഞുചാഞ്ഞൊരു മഴ
(കവിതകൾ) കസ്തൂരി മാധവൻ

വില – 80/-



കസ്തൂരിയുടെ രചനയിൽ തന്റെ ചുറ്റുപാടുകൾ, ആന്തരിക സഞ്ചാരങ്ങൾ, ചരിതസ്മൃതികൾ, ഉത്കണ്ഠകൾ ഒക്കെ എഴുത്തിന് വിഷയമായി വരുന്നുണ്ട്. ക്ഷണികമാണ് ജീവിതം എന്ന തിരിച്ചറിവിലും മോഹത്തിര നിർത്താതെ തുള്ളിത്തുളുമ്പുന്നതുകാണാം.

**-ജയകുമാർ ചെങ്ങമനാട്**




### ചാപിള്ളകൾ
(കവിതകൾ) ജോസഫ് പൂണോളി

വില – 50/-



മണ്ണും മനസ്സും നഷ്ടമാകുന്ന പ്രവാസം കാൽശതാബ്ദം അനുഭവിച്ചതിന്റെ ആഘാതം ഏൽപിച്ച ഹൃദയമിടിപ്പുകളാണ് 'ചാപിള്ളകൾ' എന്ന ജോസഫ് പൂണോളിയുടെ കവിതാസമാഹാരം. അതുണർത്തുന്ന അലകൾ, ഉയർത്തുന്ന ചിന്തകൾ അത്ര നിസ്സാരവുമല്ല. 'ചാപിള്ളകൾ' ആരേയും ഭൗതികമായി നോവിക്കുന്നില്ല. പക്ഷേ അത് മാനസികമായി തളർത്തുന്നവയാണ്.

# കവിതകൾ




## चिराग तले अंधेरा
कविता

**Price - 120/-**

जीवन में वही जीता है जो विद्रोह करता है । विद्रोह के साथ जीना ही जीना है। कवि का रास्ता वही है । जीवन क्या है, जीना कैसा होना चाहिए जैसे विषयों पर अपने निर्णय की उद्घोषणा कर रही है बिन्दु की कविताएँ।






## ജീവിതലഹരി
(കവിതകൾ) മൻമഥൻ വളയൻചിറങ്ങര

**വില - 70/-**

തികട്ടിവരുന്ന കവിത ഉരുവിട്ടുരുവിട്ട് തേച്ചുമിനുക്കി നോട്ടുപുസ്തകത്താളുകളിലേക്ക് പകർത്തി, ഇടയ്ക്കൊക്കെ വായിച്ച് അർത്ഥവും പ്രാസവും ഭാഷാപ്രയോഗവും താളവുമൊക്കെ നോക്കി വെട്ടേണ്ടതുവെട്ടിയും കൊള്ളേണ്ടതുകൊണ്ടും ചെത്തേണ്ടത് ചെത്തിയും മിനുക്കേണ്ടത് മിനുക്കിയും പല തച്ചുകൾ പണിത് രൂപപ്പെടുത്തിയ സമാഹാരം.

-രവി കുറ്റിക്കാട്






## ഞാനെന്ന ഉടൽച്ചെടി
(കവിതകൾ) ശ്രീജിത് പെരുമാനി

**വില - 60/-**

സമകാലിക ജീവിതത്തിന്റെ പരിഛേദങ്ങളും വിമർശനങ്ങളും ഉൾച്ചേർന്ന കവിതകൾ. ആത്മബലിയെന്നോ ആത്മരതിയെന്നോ വിശേഷിപ്പിക്കാനാവുന്ന വിധത്തിലുള്ള കവിതയ്ക്കുള്ളിലെ കവിതകളും ഈ രചനകളെ ശ്രദ്ധേയമാക്കുന്നു.

-പവിത്രൻ തീക്കുനി






## ഞാനും നീയും മൂന്നുവരിയിലെ കുരുന്നു കവിത
(കവിതകൾ) മെഹബൂബ് എം.

**വില - 80/-**

ഈ കവിതകളുടെ വലിപ്പം കുറവാണെന്നേയുള്ളൂ. അവയിൽ നിലവിട്ടു കാണുന്ന കാഴ്ചകളും അനുഭൂതികളും ചെറുതാണെന്ന് പറഞ്ഞുകൂടാ. കടലിനെ ഒരു തുള്ളിയിൽ കാണിച്ചുതരുന്ന കൈയടക്കം കുറുകവിതകളെന്നു വിളിക്കാവുന്ന ഇവയിലുണ്ട്.

-ഒ.വി. ഉഷ



# കവിതകൾ




## ടെസ്റ്റ് ഡോസ്

(കവിതകൾ) രാമകൃഷ്ണൻ

വില – 80/-



ലഘുവായ വാക്കുകളിൽ, ഭാഷാവൃത്തങ്ങളിൽ എഴുതപ്പെട്ട കവിതകൾ. കേകയിലും നതോന്നതയിലുമാണ് കവിതകളിൽ ഏറെയും. എല്ലാ കവിതകളും താളലയ പ്രാധാന്യമുള്ളവ. ഓരോ കവിതയിലും ഓരോ കഥയുണ്ട്. കൃത്യമായ കാഴ്ചപ്പാടും.




## ഡിക്റ്റേറ്റർഷിപ്പ് ഓഫ് ദി ക്യാപ്പിറ്റലിസ്റ്റ്

(കവിതകൾ) ടോം മുളന്തുരുത്തി

വില – 300/-



അനുഭവങ്ങളുടെ തീക്കടൽ കടഞ്ഞെടുത്ത അതിശക്തമായ ആവിഷ്കാരങ്ങൾ. വാക്കുകൾ ചാട്ടുളിയാകുന്ന കരുത്തുറ്റ കവിതകൾ. അടിച്ച മർത്തപ്പെടുന്നവന്റെ തേങ്ങലുകൾ, അരികുജീവിതങ്ങളുടെ പൊലിഞ്ഞുപോകുന്ന പ്രതീക്ഷകൾ.

–ബാബു തോമസ്





## തലതെറിച്ചവളുടെ സുവിശേഷം

(കവിതകൾ) തസ്മിൻ ഷിഹാബ്

വില – 80/-




അസ്വസ്ഥസീമകളിൽ നിന്നും മുളപൊട്ടിയ ഈ കവിതകൾ ബിംബങ്ങളിലൂടെ, ധ്വനികളിലൂടെ വാക്കുകൾ പൂക്കുന്ന വഴിതേടി നടക്കുന്നു. കുത്തൊഴുക്കിൽ ബലി കൊടുക്കപ്പെടുന്ന സൂക്ഷ്മ വൈയക്തികതയുടെ പ്രകാശത്തിന് ഉതകുംവിധം 'തലതെറിച്ചവളുടെ സുവിശേഷ'മായി.




## തിരഞ്ഞെടുത്ത കവിതകൾ

(കവിതകൾ) കൈപ്പട്ടൂർ നാരായണൻകുട്ടി

വില – 100/-



കാവ്യരചനയിൽ ആത്മാർത്ഥത മാത്രം മതിയെന്നും ബാക്കിയെല്ലാം തനിയെ വന്നുകൊള്ളുമെന്നും ഗാഢമായി വിശ്വസിച്ചിരുന്ന കവിയായിരുന്നു കൈപ്പട്ടൂർ നാരായണൻകുട്ടി. പൂർത്തിയാകാത്ത വിഷയങ്ങൾ നൽകിയ നൈരാശ്യം കാവ്യവിഷയമാക്കിയ കവികളുടെ കൂട്ടത്തിലാണ് അദ്ദേഹത്തിന്റെ സ്ഥാനം.

# കവിതകൾ




## തീവണ്ടി (രണ്ടാം പതിപ്പ്)

(കവിതകൾ) **തസ്മിൻ ഷിഹാബ്**

**വില – 70/-**



ആത്മഹത്യയ്ക്കും ജീവിതത്തിനും ഇടയിലിരുന്നുകൊണ്ട് എഴുതുന്നത് കവിതയാകുമ്പോൾ അതിജീവനത്തിന്റെ പര്യായപദമായി കവിത മാറുന്നു. തസ്മിന്റെ കവിതകളിൽ നിരന്തരം കടന്നുവരുന്ന സംവാദപ്രകൃതം പ്രതിരോധങ്ങളിലൂടെ പിടിച്ചുനിൽക്കാനും തന്റെ കയ്യൊപ്പുമായി ജീവിതത്തെ അടയാളപ്പെടുത്താനുമുള്ള ശ്രമമാണ്.

**-മ്യൂസ്മേരി ജോർജ്ജ്**




## തുന്നോടം

(കവിതകൾ) **ജോൺ കാഞ്ഞിരത്തുങ്കൽ**

**വില – 70/-**



ഈ കവി സാമൂഹ്യയാഥാർത്ഥ്യങ്ങളുടെ ഞെട്ടിക്കുന്ന നിറങ്ങളെക്കുറിച്ച് എഴുതുന്നു. ഇതിൽ രാഷ്ട്രീയക്കാരുണ്ട്, പൊതുജനമുണ്ട്, നീയുണ്ട്, ഞാനുണ്ട്, നമ്മൾ ഉൾപ്പെട്ട ലോകമുണ്ട്. ജീവിതത്തിന്റെ ഈ തുണ്ടുകടലാസിൽ നമ്മൾ എടുക്കേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവാനാണ് ഈ കവി.

**-ബാബു ഇരുമല**




## ദലമർമ്മരം

(കവിതകൾ) **തോമസ് പോൾ**

**വില – 50/-**



കവിതകളിൽ വിചാരാംശത്തിനാണ് മുൻതൂക്കം. പ്രായത്തിന്റെ പക്വതയും അനുഭവജ്ഞാനത്തിന്റെ സൗമ്യസഹിഷ്ണുതയുമാവാം അതിന് കാരണം. ഈ കവിതാസമാഹാരത്തിൽ ഉചിതമായ ഭാഷയും ഭാവനയും യഥാശക്തി ഉപയോഗപ്പെടുത്താനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

**-എൻ. കെ. ദേശം**




## ദേശാടനക്കിളികൾ ഇനി വരില്ല

(കവിതകൾ) **ജോസഫ് ഓടയ്ക്കാലി**

**വില – 70/-**



'ദേശാടനക്കിളികൾ ഇനി വരില്ല' എന്ന ഈ പുസ്തകം കൈവിട്ടുപോകുന്ന വസന്തകാലത്തെക്കുറിച്ചുള്ള സങ്കടപ്പാട്ടല്ല. ഉടച്ചുവാർക്കേണ്ട സാമൂഹ്യക്രമങ്ങളെക്കുറിച്ചുള്ള സമരാഹ്വാനമാണ്. അതിന് ശ്രീ ജോസഫ് ഓടയ്ക്കാലി തന്റെ ജീവിതാനുഭവത്തിന്റെ മുഴുവൻ പാഠഭാഗങ്ങളേയും ഉപാധികളായി സ്വീകരിച്ചിരിക്കുന്നു.

**-ജയകുമാർ ചെങ്ങമനാട്**

# കവിതകൾ




## നഷ്ടപ്രതാപം

(കവിതകൾ) ഒ.കെ. തങ്കപ്പൻ

വില – 70/-

തോല മഹാകവി മുതൽ കുഞ്ചനും വി.കെ.എന്നും ചെമ്മനം ചാക്കോയുമൊക്കെ ഏറ്റെടുത്ത വഴിയാണ് ഒ.കെ. തങ്കപ്പനും സ്വീകരിച്ചിരിക്കുന്നത്. ഈ വരിഷ്ഠത ചുമ്മാ ഉണ്ടായല്ല. ഈ പുസ്തകത്തിലെ വിഷയങ്ങൾ ജീവിതവുമായി ബന്ധപ്പെട്ടതാണ്.

–ജയകുമാർ ചെങ്ങമനാട്






## നിശബ്ദതയുടെ ജ്യാമിതികൾ

(കവിതകൾ) സാബു ചോലയിൽ

വില – 80/-

സാമൂഹികജീവി എന്ന നിലയിൽ ലോകത്തോടും കാലത്തോടുമുള്ള പങ്ക് മറച്ചുവയ്ക്കാതെ, ഇരുളലകൾ താഴ്ന്നിറങ്ങുന്ന ഇന്നിനെ തൊട്ടറിഞ്ഞ്, പ്രണയവും പരിഭവവും പറയാതെ പറയുന്ന പെയ്തൊഴിയാത്ത മഴ പോലെയാണ് സാബുവിന്റെ കവിതകൾ.

–ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ






## നിഷ്കാസിതരുടെ ആരൂഢം

(കവിതകൾ) മായാ ബാലകൃഷ്ണൻ

വില – 80/-

മായയുടെ കവിതയിൽ മായം കലർന്ന ലോകത്തോടുള്ള അമർഷമുണ്ട്. സ്വാർത്ഥത നിറഞ്ഞ ആണധികാരത്തോടുള്ള ചെറുത്തുനിൽപ്പുണ്ട്. ഭക്തിയും വിഭക്തിയുമുണ്ട്. താളവും താളപ്പിഴയുമുണ്ട്. പെൺമയും വീറും വീര്യവും ഈ കവിതകളിൽ നിവർന്നുനിൽക്കുന്നുണ്ട്. കവിതകൊണ്ട് മായ ഒരു കൊച്ചുസ്വപ്നം പണിയുകയാണ്.

–രാവുണ്ണി






## പട്ടുറുമ്മാൽ പടിയിറങ്ങുന്നു

(കവിതകൾ) കയ്യുമ്മു കോട്ടപ്പടി

വില – 80/-

ഒരു മഴക്കാലത്തിരുന്നാണ് ഞാൻ കയ്യുമ്മുവിന്റെ കവിതകൾ വായിച്ചത്. ഞാൻ അറിയാതെ ഒഴുകിയെത്തിയ ഒരു പുഴ എന്റെ മുന്നിൽ രൂപപ്പെടുന്നുണ്ട്. വേനൽക്കാലത്തിന്റെ തീയിൽ കുരുത്ത ഒരപ്പൂപ്പൻ താടി ഞാനിതാ കടലാസുതോണിയിൽ വയ്ക്കുന്നു. ശവഗന്ധികൾ നിറഞ്ഞ വസന്തവനികയിലേക്ക് ഞാനിതിനെ ഒഴുക്കിവിടുന്നു.

–എ. അയ്യപ്പൻ



## കവിതകൾ




### പകർന്നാട്ടം


(കവിതകൾ) **രവിത ഹരിദാസ്**

**വില – 80/-**



കവിത ജലരൂപങ്ങൾ പോലെയാണ്. ചിലത് കെട്ടിനിൽക്കുന്ന കുളം പോലെ, ചിലവ പാറക്കെട്ടുകളിൽ തട്ടിയുലഞ്ഞ് വെള്ളച്ചാട്ടമായി കുത്തിയൊഴുകുന്നു. ഇവിടെ ഓളവും കുളിരും കൊണ്ട് കുണുങ്ങിയൊഴുകുന്ന അരുവി പോലെയാണ് രവിതയുടെ കവിതകൾ.

**-മുരുകൻ കാട്ടാക്കട**




### പിറവി

(കവിതകൾ) **അമൃത എം. നായർ**

**വില – 50/-**



കവിതയുടെ മഹാദുർഗത്തിന്റെ കിളിവാതിലുകളിൽ അമൃതയുടെ ചിറകടികൾ കേൾക്കാം. പടിയിറങ്ങൽ, പിറവി, ഗുല്മക്കായ്, പുനർജ്ജനി, സെൽഫി തുടങ്ങിയ രചനകളിൽ വേറിട്ട പ്രതിഭയുടെ തൂവൽ സ്പർശങ്ങൾ കാണാം. പുതിയ കാലത്തിന്റെ വൈറസുകളെ സെൽഫിയിൽ ദർശിക്കാം.

**-പായിപ്ര രാധാകൃഷ്ണൻ**




### പുലരിമഴത്തുള്ളികൾ

(കവിതകൾ) **ജോസ് അൽഫോൺസ്**

**വില – 120/-**



ചെറുചിന്തകൾക്കൊപ്പം വിപുലമായ ലോകവും നിറയുന്ന കവിതകൾ. പ്രണയവും പ്രകൃതിയും അമ്മയും വീടും നാടുമൊക്കെയാണ് വിഷയങ്ങൾ. ഓരോന്നിലും വിഷയം വ്യത്യസ്തമാണെങ്കിലും എല്ലാത്തിനുമൊരു ചേർച്ചയുള്ള പോലെ തോന്നും വായനയിൽ. കവിതയോരോന്നും സമ്പൂർണമാണ്.

**-അനൂബ് ശ്രീധരൻ**




### പെൺകൊട

(കവിതകൾ) **കെ. ഓമന അമ്മ**

**വില – 80/-**



ഒരാൾ കവിതയെഴുതുമ്പോൾ പ്രപഞ്ചത്തിന്റെ അഗാധതകളിൽ ഹൃദയത്തെ കുടിയിരുത്തുന്നു. ഭൂമിയ്ക്കായി സ്നേഹത്തിന്റെ വാതിലുകൾ തുറന്നിടുന്നു. ഉള്ളകങ്ങളുടെ ഇരുണ്ടവഴികളെ തെളിച്ചമുള്ളതാക്കി മനോഹരമായ സ്വപ്നങ്ങൾകൊണ്ട് മനുഷ്യനെ പുതുക്കിപ്പണിയാനുള്ള പൂവിതളുകളെ ശേഖരിച്ചുവയ്ക്കലാണ്.

**-ബൃന്ദ**

## കവിതകൾ

### പൊൻ ശൈശവമേ
(കവിതകൾ) ഗംഗ ആർ

വില – 60/-




ജീവിതയാത്രയിൽ ഒരിക്കലെങ്കിലും ബാല്യത്തിലേക്ക് സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓർമ്മയിൽ സൂക്ഷിക്കാൻ ഉതകുന്ന കവിതകൾ. ഇവ ഇളം മനസുകളെ വളരെയധികം ആകർഷിക്കുന്നു.

-ദീപ ദിലീപ്



### പ്രണയത്തിലും വൈ ടു കെ
(കവിതകൾ) മഞ്ഞപ്ര ഉണ്ണികൃഷ്ണൻ

വില – 80/-




മഞ്ഞപ്ര ഉണ്ണികൃഷ്ണന്റെ കവിതകളിൽ രാഷ്ട്രീയമുണ്ട്. നമ്മൾ ആ കാവ്യാത്മക രാഷ്ട്രീയത്തിലെ മനുഷ്യനിലപാട് തിരിച്ചറിയുന്നു. അദ്ദേഹം അദ്ദേഹത്തിന് മാത്രം സാധ്യമായ രീതിയിൽ പ്രപഞ്ചത്തെ സംബോധനചെയ്യുന്നു.

-കുരീപ്പുഴ ശ്രീകുമാർ



### പ്രതികരണം
(കവിതകൾ) ഗംഗ ആർ

വില – 90/-



Out of Stock

ആത്മാവിന്റെ ആവിഷ്ക്കാരത്തിൽ നിന്നും പിറവിയെടുക്കുന്നതാണ് കവിത. ഗംഗ ടീച്ചറുടെ കവിതകളിലൂടെ സഞ്ചരിക്കുമ്പോൾ ചെമ്പകപ്പൂവിന്റെ സുഗന്ധവും ജീവിതത്തിന്റെ മാധുര്യവും നമുക്ക് അനുഭവിച്ചറിയാന് കഴിയുന്നു.

-ദീപ ദിലീപ്



### മാംവിധി ജനകാത്മജാം
(കവിതകൾ) കാരുകുളം ശിവശങ്കരൻ

വില – 50/-




എവർക്കും സുപരിചിതമായ കഥയാണ് വരരുചിയുടേത് എങ്കിലും ഈ കവിത വായിക്കുമ്പോൾ നവ്യമായ ഒരനുഭൂതിയാണ് ഉണ്ടാവുക. കൺമുന്നിൽ നടക്കുന്നതുപോലെ വരരുചിയോടൊപ്പം അനുവാചകരും സഞ്ചരിക്കുന്നു. എത്ര യാദൃശ്ചികം, എത്ര ആസൂത്രിതം വിധി നിയോഗങ്ങൾ എന്ന് വിസ്മയിച്ചു പോകും.

-വി. ആർ. ചെമ്പകക്കുട്ടി



## കവിതകൾ




### മുഖമറയ്ക്കുള്ളിലെ മിഴിയടയാളങ്ങൾ
(കവിതകൾ) റസിയ മമ്പാട്

വില - 70/-



എല്ലാ തോൽവികളും ജയമാണെന്നും ഏത് മുറിവിലും മുറിവുണക്കാനുള്ള മരുന്നുണ്ടെന്നും ഒരു സ്ത്രീയും അബലയല്ലെന്നും ഒരു ജീവിതവും നിരർത്ഥകമല്ലെന്നും കവിതയിലൂടെ സാക്ഷ്യപ്പെടുത്തുവാനാണ് റസിയ മമ്പാട് കവിതയെഴുതുന്നത്. റസിയ മമ്പാടിന്റെ കവിതകളിൽ സാർത്ഥകമായ ആ സർഗ്ഗാന്വേഷണമുണ്ട്.

**-ആലങ്കോട് ലീലാകൃഷ്ണൻ**





### മൂന്നുകാലങ്ങൾ
(കവിതകൾ) നീണ്ടൂർ വിജയൻ

വില - 80/-



തനിക്കുചുറ്റും ദൃശ്യവൽകൃതമായ ജീവിതത്തിന്റെ ബാഹ്യരൂപങ്ങൾക്കപ്പുറത്ത്, സത്യത്തിന്റെ കാണാമറയത്തെ അദൃശ്യങ്ങളായ ബീഭത്സഭാവങ്ങളെ, വെളിയട നീക്കി പ്രദർശിപ്പിക്കാൻ വ്യഗ്രതപ്പെടുന്ന കവി. ആർജ്ജവവും ആത്മാർത്ഥതയും സമവായങ്ങൾക്കതീതമായ സത്യദർശനവെമ്പലും തുടിച്ചുനിൽക്കുന്ന കവിതകൾ.

**-പൂയ്യപ്പിള്ളി തങ്കപ്പൻ**




### രുദാലി
(കവിതകൾ) ദീപ ജയചന്ദ്രൻ

വില - 80/-



സ്വന്തമായ കവിതകളുടെ ഉടമയായ എഴുത്തുകാരിയാണ് ദീപ ജയചന്ദ്രൻ. കണ്ണിലൂടെ കാണുന്നതും കാതിലൂടെ കേൾക്കുന്നതും കവിതയാക്കി മാറ്റാനുള്ള ഉൾപ്രേരകശക്തി ഈ എഴുത്തുകാരിക്കുണ്ട്. നിരന്തര സംഭാഷണമാണ് ദീപയ്ക്ക് കവിത. 'രുദാലി' എന്ന സമാഹാരത്തിലെ കവിതകൾ വായനക്കാരുടെ ഹൃദയത്തോട് ചേർത്തുവയ്ക്കുമ്പോൾ ഉൾവെളിച്ചം പരത്തുന്ന ദീപസ്തംഭങ്ങളാവും.

**-നാലപ്പാടം പത്മനാഭൻ**




### രൂപാന്തരം
(കവിതകൾ) വസന്ത രാധാകൃഷ്ണൻ

വില - 50/-



സർഗ്ഗാത്മകതകൊണ്ടാണ് അനുഭവങ്ങളെ ഒരാൾ മറ്റൊരു സൃഷ്ടിയായി ആവിഷ്ക്കരിക്കുന്നത്. വസന്ത രാധാകൃഷ്ണന്റെ ഈ സമാഹാരത്തിലെ പല കവിതകളിലും കവിത്തം നിറഞ്ഞു തുളുമ്പുന്നതു കാണാം.

**-അഗസ്റ്റിൻ കുട്ടനെല്ലൂർ**

## കവിതകൾ




### ലിംഗജാതകം
(കവിതകൾ) റ്റോം മുളന്തുരുത്തി

വില – 110/-



സ്ത്രീത്വത്തിന്റെ വിപണിവൽക്കരണത്തിനെതിരെ തീവ്രമായി പ്രതികരിക്കുന്ന കവിതകൾ. ലിംഗസമത്വവും ലിംഗനീതിയും വാക്കുകളിൽ മാത്രം ഒതുങ്ങുമ്പോൾ 'ലിംഗജാതകം' വായനയ്ക്ക് പുതിയ മാനങ്ങൾ നൽകുന്നു. കാമ്പസും പ്രണയവും പ്രതിഷേധവും രതിയും വിഷയമാകുന്ന അമ്പത്തിയൊന്ന് കവിതകൾ.




### വാക്കിന്റെ വിലാപ്പുറങ്ങൾ
(കവിതകൾ) എഡിറ്റർ. ജിതേഷ് വേങ്ങൂർ

വില – 80/-



സമകാലീന കവിതയുടെ ദീപ്തമുഖമാണ് 'വാക്കിന്റെ വിലാപ്പുറങ്ങൾ.' ലോകത്തെ പുതുക്കിപ്പണിയാൻ മൂല്യബോധത്തിന്റെ അടിത്തറകൾ കെട്ടിയുയർത്താൻ കവിതയ്ക്കാവുമെന്ന് ഈ സമാഹാരം നമ്മോടു പറയുന്നു. കൽപറ്റ നാരായണൻ, കുരീപ്പുഴ ശ്രീകുമാർ, റഫീക്ക് അഹമ്മദ്, ആര്യാ ഗോപി തുടങ്ങിയവരുടെ കവിതകൾ.




### വാടാത്ത പൂക്കൾ
(കവിതകൾ) ആയിഷ ഫൗസിക് കടുക്കാപ്പിള്ളി

വില – 100/-



പുതുകവിതയുമായി കുഞ്ഞിച്ചിറകുകളിൽ പറക്കുന്ന വാനമ്പാടി. ഈ പക്ഷി താഴേലോകത്തിലെ സമകാലിക ചലനങ്ങൾക്ക് കാതോർക്കുന്നു. ഈ പെൺകുട്ടിനമ്മുടെ ഭാവി പ്രതീക്ഷയാണ്.

**-എം.കെ. മുനീർ**




### വേർപാടിനുശേഷം
(കവിതകൾ) സുജ ഗോപാലൻ


വില – 50/-



വേർപാടിന്റെ മുൾമുനയിൽ ജീവിതം ഹോമിക്കുന്ന അനേകം സ്ത്രീകഥാപാത്രങ്ങളെ ഓർമ്മിപ്പിക്കുന്ന കവിതകൾ. ബിംബകൽപനകൾ കൊണ്ട് മനോഹരമായിരിക്കുന്നു ഓരോ കവിതകളും. അനുഭവതലങ്ങളെ തനിക്ക് സാധിക്കുന്ന രീതിയിൽ സന്നിവേശിപ്പിക്കാൻ സുജ ശ്രമിച്ചിട്ടുണ്ട്.

**-രവിത ഹരിദാസ്**

## കവിതകൾ




### വിരുന്ന്
(കവിതകൾ) പ്രദീപ് എസ് എസ്

വില – 60/-



മിഴിച്ചെപ്പ് ചിമ്മി വിടർത്തി, നിരന്തരം ഉപാസിച്ചുണർത്തിയ വാക്കുകളുടെ സൂര്യകാന്തിയെ ഒരു നോക്കു കാണാതെ പോകാനാവില്ല, ആർക്കും. ജീവിതത്തിന്റെ വരണ്ട പ്രതലങ്ങളിൽ പുതുമഴയുടെ പുളകങ്ങൾ പച്ചത്തളിരുകൾക്ക് ജന്മം നൽകും പോലെ ഒരാൾ കവിതയുടെ തിരുപ്പിറവി ആഘോഷിക്കുന്നു.

-പി.കെ. ഗോപി





### വിറകുമരം
(കവിതകൾ) ഗിരീഷ്കുമാർ ശ്രീലകം

വില – 100/-



കടലിന്നക്കരെയുള്ള മലയാളകവിത ഒരു വലിയ മാറ്റത്തിന് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. പുതിയ ഒരു മലയാളത്തിൽ, തങ്ങളുടെ അനുഭവങ്ങൾക്ക് പാകമായ ഒരു ആധുനികമലയാളത്തിന് വേണ്ടിയുള്ള ശ്രമമാണ് അവരുടെ കവിതയിലെ ഭാഷ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

-പി.എൻ. ഗോപികൃഷ്ണൻ




### വീണ്ടും പ്രശാന്തം
(കവിതകൾ) പി.കെ. ഭാർഗ്ഗവൻപിള്ള

വില – 60/-



എഴുപത്തഞ്ചു വയസ്സു കടന്ന് പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു കഴിഞ്ഞ ഈ കവിയുടെ രചനകളിൽ നിന്ന് ഉദ്ഗമിക്കുന്നത് ഇരുപത്തഞ്ചിലേക്കടുക്കുന്ന രജത ജൂബിലിയുടെ വെള്ളിത്തിളക്കമാണ്. സരളവും മധുരവുമാണ് അവ. ഏറിയ കൂറും പ്രണയജന്റെ സ്മണകളാനുതാനും.

-എൻ.കെ. ദേശം




### വേലത്തിക്കല്ല്
(കവിതകൾ) സദാനന്ദൻ ക്രാരിയേലി

വില – 80/-



അനുഭൂതിമേഖലകളെ ധന്യമാക്കുന്ന ഏതാനും കവിതകളുടെ രചനയിലൂടെ തന്റെ കാവ്യയാത്രയുടെ ആദ്യചുവടുകൾ ആശയങ്ങളുടെ സമന്വയവും സംഘട്ടനവും കൊണ്ട് സദാനന്ദൻ ശ്രദ്ധേയമാക്കിയിരിക്കുന്നു. മനുഷ്യപക്ഷത്ത് നിന്നുള്ള കവിതകൾ വായനക്കാരന്റെ ഹൃദയത്തിൽ തറഞ്ഞുനിൽക്കുന്നു.

-ശ്രീമൂലനഗരം മോഹൻ

# കവിതകൾ




## ശരവർഷം

(കവിതകൾ) കുമാരൻ മാസ്റ്റർ

വില – 70/-



കുമാരൻ മാസ്റ്ററുടെ കവിതകളിലൂടെ സഞ്ചരിക്കുമ്പോൾ വിദ്യാഭ്യാസമേഖലയിലെ നിരവധി ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളാണ് അനാവരണം ചെയ്യുന്നത്. പൊതുസമൂഹത്തിലും സാംസ്കാരികമേഖലയിലുമൊക്കെ ഇന്നു കാണുന്ന മൂല്യഭ്രംശത്തിനും സാമൂഹ്യതിന്മകൾക്കുമെതിരെ ആക്ഷേപഹാസ്യത്തിന്റെ ശരവർഷം ഉതിർക്കുന്ന 26 കവിതകൾ.


-ചെമ്മനം ചാക്കോ




## ശിഥിലകവിതകൾ


(കവിതകൾ) ഉണ്ണികൃഷ്ണൻ നമ്പൂതിരി

വില – 190/-



പുതുമയ്ക്കും പഴമയ്ക്കും മധ്യത്തിലാണ് ശ്രീ. ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ രചനാശൈലി നിലകൊള്ളുന്നത്. സമൂഹമനസിൽ തങ്ങിനിൽക്കുന്ന നഷ്ടബോധങ്ങളും അധർമ്മവീഥിയും കാടുകയറിയ ജനാധിപത്യവ്യവസ്ഥിതി ഒഴുക്കിവിടുന്ന കയ്പുനീർച്ചാലുകളും ഒക്കെ ഈ രചനകളിൽ കാണാം.

-ഡോ. കൈപ്പിള്ളി കേശവൻ നമ്പൂതിരി




## ശരീരത്തിന്റേതല്ലാത്ത അവയവങ്ങൾ

(കവിതകൾ) പ്രദീപ് എസ് എസ്

വില – 80/-



അവയവങ്ങളുടെ നീട്ടലായി ഉപകരണങ്ങളുണ്ടാവുകയും അങ്ങനെ ജീവിതം യന്ത്രബദ്ധമായിത്തീരുകയും ചെയ്യുന്ന നാഗരികനരഭാഗധേയത്തെ കുറിച്ചൊരു സൗമ്യധ്യാനം. സരളമെങ്കിലും അമൂല്യമായ ബോധ്യത്തിന്റെ സാദ്ധ്യതകളാകുന്നു ഈ കവിതകൾ.

-സജയ് കെ വി




## സ്നേഹത്തിന്റെ ചിരി

(കവിതകൾ) സാബു പണ്ടാല


വില – 100/-



എന്നും എപ്പോഴും സമൂഹനന്മയ്ക്ക് വേണ്ടി, സമൂഹഭദ്രതയ്ക്ക് വേണ്ടി നിലകൊള്ളാനാണ് ഈ കവി ശ്രമിക്കുന്നത്. അതിന്റെ വ്യക്തമായ തെളിവുകളാണ് ഈ കവിതകൾ.

-ഡോ.പി കെ ബീലാകുമാരി

## കവിതകൾ




Out of Stock

### സാന്ധ്യരാഗങ്ങൾ

(കവിതകൾ) പ്രൊഫ. കെ.എം. ബാലകൃഷ്ണൻ

വില – 60/-



കവിത പലപ്പോഴും ജീവിതത്തെ അടയാളപ്പെടുത്തുന്നു. ഈ അടയാളപ്പെടുത്തൽ കവിതയെ കൂടുതൽ വികാരസാന്ദ്രമാക്കുന്നു. ഈ വികാരസാന്ദ്രതയാണ് പ്രൊഫ. കെ.എം. ബാലകൃഷ്ണന്റെ കവിതകളുടെ മനോഹാരിത.

-പ്രൊഫ. ഡോ. പി.കെ. ബീലാകുമാരി




### സ്മൃതിനിലാവ്

(കവിതകൾ) കെ.എൻ. രാമചന്ദ്രൻ

വില – 70/-



അതിവിപുലമായ ചിന്തകളും സമകാലിക വസ്തുതകൾ ദർശനവിധേയമാക്കിയുള്ള കവിതകളും ഈ കാവ്യഗ്രന്ഥത്തിലുണ്ട്. വായനാസുഖം മാത്രമല്ല കാലത്തിലലിയുന്ന പിറന്ന മണ്ണിന്റെ വേദനയുടെ സാക്ഷിപത്രമാവുകയാണ് ഈ കവിതകൾ.

-ചുനക്കര ജനാർദ്ദനൻ നായർ




### സൂര്യസാന്ത്വനം

(കവിതകൾ) കെ. ഓമന അമ്മ

വില – 80/-



ശ്രീമതി കെ ഓമന അമ്മയുടെ കാവ്യസങ്കൽപ്പനങ്ങളിൽ പ്രകൃതിയോടും പ്രപഞ്ചസത്യങ്ങളോടുമുള്ള ഇഴയടുപ്പം നമുക്ക് കാണാൻ കഴിയും. ശാന്തമായ കാവ്യാന്തരീക്ഷവും കറയില്ലാത്ത സൃഷ്ടിയാണ് ഈ കവിതാസമാഹാരം. സൂര്യന് ഭൂമിയോടുള്ള നിർമ്മലപ്രണയത്തെ പ്രപഞ്ചഭിത്തിമേൽ കവി കോറിയിടുന്നു.

– ഓമന എൻ. സി. കാർത്തിക




### സൈബർ മുറ്റത്ത് ഒരു തുമ്പി

(കവിതകൾ) പ്രദീപ് എസ് എസ്

വില – 120/-



പ്രദീപ് എസ്. എസിന്റെ കവിതകളിൽ ഭാഷ, രൂപം, ഭാവം, ആശയം ഇവയുടെയൊക്കെ ദീപ്തി തെളിഞ്ഞുകാണുന്നു. അവ അതിന്റെ ഏറ്റവും സമുന്നതമായ അവസ്ഥയിലെത്താനുള്ള ശ്രമം നടത്തുന്നു. കവിത വെറുമൊരു ഭാഷാപ്രകടനമല്ല എന്ന തിരിച്ചറിവാണ് പ്രദീപിനെ നയിക്കുന്നത്. അതിൽ ചാലിച്ചുചേർക്കേണ്ടത് ജീവിതമാണ് എന്ന് കവിക്ക് നന്നായി അറിയാം. .

-ശ്രീകുമാർ മുഖത്തല

## കവിതകൾ




### ഹൃദയത്തിലെന്തുണ്ടു ബാക്കി?

(കവിതകൾ) ഡോ. നിശാന്ത് പുതക്കാവ്


വില – 50/-



ഒരു കവിക്ക് ഈ ആസുരകാലത്തോട് ചോദിക്കാനാവുന്ന ഏറ്റവും ഉചിതമായ ചോദ്യമാണ് 'ഹൃദയത്തിലെന്തുണ്ടു ബാക്കി.' പുസ്തകത്തിലൂടെയുള്ള യാത്രയിൽ ഈ കവിതയ്ക്കരികിൽ ഞാൻ കുറേനേരം നിന്നുപോയി.

–പവിത്രൻ തീക്കുനി

## ബാലസാഹിത്യം




### അപ്പൂപ്പൻതാടി

(ബാലസാഹിത്യം) കുഞ്ഞുമോൾ സി. എൻ.

വില – 70/-



ബാലമനസ്സുകളിൽ ആഹ്ലാദവും കൗതുകവും ഭാവനയും ഉണർത്തുന്ന നല്ല കവിതകളാണ് ഈ സമാഹാരത്തിലുള്ളത്. ലളിതമായ ഭാഷ, ഹൃദ്യമായ ശൈലി, ബാലമനസുകളെ ഉണർത്തുന്ന അവതരണ രീതി, പ്രമേയവൈവിദ്ധ്യം തുടങ്ങിയ ഗുണങ്ങൾ കൊണ്ട് അപ്പൂപ്പൻതാടി നല്ല നിലവാരം പുലർത്തുന്നു.

–സിപ്പി പള്ളിപ്പുറം




### അക്ഷരപ്പാട്ടുകൾ

(ബാലസാഹിത്യം) കുമാരൻ മാസ്റ്റർ

വില – 40/-



കൊച്ചുകുട്ടികളെ മലയാള അക്ഷരമാല പഠിപ്പിക്കാൻ ഉപയോഗിക്കാവുന്ന നാലുവരിക്കവിതകളുടെ സമാഹാരം. അക്ഷരങ്ങൾ പഠിക്കുന്നതിനൊപ്പം കുട്ടികളിൽ താളബോധം രൂപപ്പെടാനും വാങ്മയചിത്രങ്ങളിലൂടെ ഭാവന വിടരുവാനും ഈ വരികൾ വഴി വയ്ക്കും. രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും 'അക്ഷരപ്പാട്ടുകൾ' ഒരു കൈപ്പുസ്തകമായി ഉപയോഗിക്കാം.




### അപ്പുവിന്റെ ആവലാതികൾ


(ബാലസാഹിത്യം) മീര ദീപക്

വില – 120/-



കഥകൾ കേൾക്കാൻ എല്ലാവർക്കും ഇഷ്ടമാണ്. പ്രത്യേകിച്ചും കുട്ടികൾക്ക്. മീര ദീപക് എന്ന യുവകഥാകാരി കുട്ടികൾക്കുവേണ്ടി രസകരമായ കഥകൾ പറയുന്നു. അപ്പു എന്ന ആൺകുട്ടിയാണ് എല്ലാ കഥകളിലേയും പ്രധാനകഥാപാത്രം. അവന്റെ ആവലാതികളും സംശയങ്ങളും കാഴ്ചകളും രസകരമായി അവതരിപ്പിക്കുന്നു.

# ബാലസാഹിത്യം




## ചക്രഗിരിയിലെ വീരന്മാർ


(ബാലസാഹിത്യം) രഞ്ജിത് ജോർജ്ജ്

വില - 50/-

ഈ നോവൽ ശ്വാസമടക്കിപ്പിടിച്ചു മാത്രമേ ഏതൊരു കുട്ടിയ്ക്കും വായിക്കാനാവൂ. അത്രയ്ക്ക് ആകർഷകവും ആകാംഷാഭരിതവുമായ മട്ടിലാണ് രഞ്ജിത് ജോർജ്ജ് കഥ അവതരിപ്പിച്ചിട്ടുള്ളത്. മിഴിവുറ്റ കഥാപാത്രങ്ങളെയാണ് ഗ്രന്ഥകാരൻ ഈ കൃതിയിൽ അണിനിരത്തിയിട്ടുള്ളത്.

-സിപ്പി പള്ളിപ്പുറം






## കുഞ്ഞിക്കിളിയുടെ പാട്ട്


(ബാലസാഹിത്യം) ടി. വി. ഹരികുമാർ

വില - 50/-

പ്രപഞ്ചവും മനുഷ്യനും അതിന്റെ മനോഹാരിതയും നിലനിൽക്കണമെങ്കിൽ സ്നേഹമെന്ന വികാരത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതാണെന്ന് ഓരോ കവിതയിലും കവി നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു മുതിർന്ന വായനക്കാരനുപോലും സ്വയം കുഞ്ഞായി മാറിപ്പോവുന്ന അനുഭവം ഈ കവിത സമ്മാനിക്കുന്നു.

-സി. എൻ. ബാബു






## കുഞ്ഞിക്കിളിയും മഞ്ഞുതുള്ളിയും


(ബാലസാഹിത്യം) മാത്യു മാണിക്കത്താഴെ

വില - 70/-

മഴയും പുഴയും പൂക്കളും പൂമ്പാറ്റയും മണ്ണും വിണ്ണും മരവും അക്ഷരവും മഴവില്ലും സ്നേഹവുമെല്ലാം നിറഞ്ഞ വിഷയങ്ങൾ വളരെ ലളിതവും സുന്ദരവുമായിട്ടാണ് വിവിധ കവിതകളിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. കുട്ടികളുടെ മനസിനെ ആകർഷിക്കുന്ന അവർക്ക് ഇഷ്ടാനുസരണം ചൊല്ലി രസിക്കാവുന്ന രീതിയിൽ എഴുതപ്പെട്ട കവിതകൾ.

-സി. എം. വിനയചന്ദ്രൻ






## KUTTAPPU

(CHILDREN'S LITERATURE) **ARIF KHAN P Y**

PRICE - 140/-

Kuttappu is one among us, a silent victim of our own education system, unnoticed by everyone. Incidents after incidents he is slashed by the hands of destiny. It doesn't matter the book was written decades ago, 'Kuttappu' rings a chord across time even after our education system has changed a lot. The book illustrates the happiness and sorrows of childhood.



## ബാലസാഹിത്യം




### കൊന്നപൂക്കുന്ന അമ്മവീട്

(ബാലസാഹിത്യം) മോളി എബ്രഹാം

വില – 80/-



ഒരു മെട്രോനഗരത്തിന്റെ തിരക്കുകൾക്കിടയിൽ നിന്നും ഗ്രാമത്തിന്റെ നഷ്ടമായിക്കൊണ്ടിരിക്കുന്ന നിറവും മണവും അനുഭവിക്കാൻ അവസരം കിട്ടിയ മിക്കുവിന്റെ അവധിക്കാലമാണ് 'കൊന്ന പൂക്കുന്ന അമ്മവീട്' എന്ന ഈ പുസ്തകം.




### ക്ലാസ്സിലെ താരം

(ബാലസാഹിത്യം) വിനയകുമാർ തുറവൂർ

വില – 50/-



കുട്ടികളിൽ സ്നേഹം, കരുണ, പരോപകാരതൽപരത തുടങ്ങിയ സദ്ഗുണങ്ങൾ വളർത്തി അവരെ നന്മയുള്ളവരാക്കി മാറ്റാനുതകുന്ന പത്തുകഥകൾ. കുട്ടികൾക്ക് മാത്രമല്ല ഇളം മനസ്സു നഷ്ടപ്പെടാത്ത മുതിർന്നവർക്കും ഇവ വായിക്കാം, ആസ്വദിക്കാം.




### കാട്ടുമൂപ്പൻ പറഞ്ഞ കഥ

(ബാലസാഹിത്യം) ശ്രീകുമാർ കല്ലറ

വില – 60/-



അപ്പു, ശരത്, റോഷൻ എന്നീ കുട്ടികൾ വിനോദയാത്രയ്ക്കിടയിൽ ഒരു ഘോരവനത്തിൽ അകപ്പെടുന്നു. അവർ അഭിമുഖീകരിക്കുന്ന കാടനുഭവങ്ങൾ നാം മുമ്പു കേട്ടുശീലിച്ചതിൽ നിന്നും തീർത്തും വിഭിന്നമാണ്. അത് ഭീതിജനകമല്ല, ആനന്ദദായകമാണ്. കാടിനെക്കുറിച്ചും കാട്ടുമൃഗങ്ങളെകുറിച്ചും അനേകം അറിവുകൾ പങ്കുവെയ്ക്കുന്ന പുസ്തകം.




### കാലൻകരടിയും കാട്ടുകടന്നലും

(ബാലസാഹിത്യം) മോഹൻ മംഗലത്ത്

വില – 100/-



വായന തുടങ്ങിയാൽ അവസാനിക്കും വരെ രസച്ചരടു പൊട്ടാതെ കഥാഖ്യാനം നിർവഹിക്കാനുള്ള സിദ്ധി മോഹൻ മംഗലത്തിനുണ്ട്. ഭാവനാത്മകമാണ് കഥകളെങ്കിലും സംഭവ്യതയുടെ പ്രതീതി ജനിപ്പിക്കാനും കഥാകാരന് കഴിയുന്നു. മാന്ത്രികമായ അനുഭവമണ്ഡലത്തിലേക്ക് ഒരു ജാലവിദ്യക്കാരന്റെ കയ്യടക്കത്തോടെ തന്റെ ഇളം വായനക്കാരെ കൂട്ടിക്കൊണ്ടുപോകാൻ കഥാകാരനു കഴിയുന്നുണ്ട്.

-ഡോ. നെടുമുടി ഹരികുമാർ

## ബാലസാഹിത്യം




### ദൃശ്യോത്സവം

(ബാലസാഹിത്യം) ജോസഫ്മാത്യു ആഞ്ഞിലിവേലിൽ

വില – 90/-



സുന്ദരമായ ഗ്രാമങ്ങളുടേയും നിബിഢമായ വനങ്ങളുടേയും പശ്ചാത്തലത്തിൽ കുട്ടികൾക്കായി എഴുതപ്പെട്ട രസകരമായ കഥകൾ. മനുഷ്യരും മൃഗങ്ങളും ഇവയിൽ കഥാപാത്രങ്ങളായി വരുന്നു. ചെറുവരികളിൽ ലളിതമായ ആഖ്യാനം. ഗുണപാഠങ്ങൾ, ഭാവന, വിജ്ഞാനം എന്നിവയാൽ സമ്പുഷ്ടം.




### പട്ടിക്കള്ളൻ

(ബാലസാഹിത്യം) രാമകൃഷ്ണൻ കൈപ്പട്ടൂർ

വില – 40/-



അപവാദപ്രചരണം, മറ്റുള്ളവരെ അവഹേളിക്കൽ, നുണപറച്ചിൽ തുടങ്ങിയ ദുഃസ്വഭാവങ്ങൾ കുട്ടികളിൽ നിന്ന് വേരോടെ പിഴുതുമാറ്റുക എന്ന ഉദ്ദേശത്തോടെ രചിക്കപ്പെട്ട നോവൽ. പണക്കാരനായ ഒരു വിദ്യാർത്ഥിയുടെ ദുഃസ്വഭാവങ്ങൾ മൂലം കടുത്ത വ്യഥകളനുഭവിക്കേണ്ടിവന്ന ബാലന്റെ കദനകഥ.




### പുത്തൂരം വീട്ടിൽ ആരോമർചേകവർ

(ബാലസാഹിത്യം) പ്രകാശൻ ചുനങ്ങാട്

വില – 180/-



മച്ചുനിയൻ ചന്തുവിനാൽ ചതിച്ചുകൊല്ലപ്പെട്ട ആരോമർചേകവരുടെ ത്രസിപ്പിക്കുന്ന കഥ. കേരളത്തിന്റെ ഐതിഹ്യപ്പെരുമകളിൽ പ്രമുഖസ്ഥാനത്തുള്ള വടക്കൻപാട്ടിന്റെ കവിത ചോർന്നുപോകാത്ത ഗദ്യാവിഷ്കാരം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടപ്പെടും ഈ പുസ്തകം.




### മഹാഭാരതകഥകൾ


(ബാലസാഹിത്യം) വിനയകുമാർ തുറവൂർ

വില – 60/-



കഥകളുടെ അക്ഷയഖനിയും അറിവിന്റെ ഭണ്ഡാകാരവുമാണ് ഇതിഹാസകാവ്യമായ മഹാഭാരതം. അതിൽ പ്രതിപാദിക്കാത്ത വിഷയങ്ങളില്ല. ജീവിതവുമില്ല. ഈ മഹാകാവ്യസാഗരത്തിൽ നിന്നും ഒരു തുള്ളി എടുത്ത് കുഞ്ഞുനാവുകളിൽ പകർന്നുകൊടുക്കാനുള്ള ശ്രമമാണ് ഇത്. വ്യാസമഹാഭാരതം മുഴുവൻ വായിച്ചറിയാനുള്ള ജിജ്ഞാസ ഈ പുസ്തകം കുഞ്ഞുമനസ്സുകളിൽ ജനിപ്പിക്കും.

# ബാലസാഹിത്യം




## മഹാഭാരതയുദ്ധം കുട്ടികൾക്ക്

(ബാലസാഹിത്യം) രാമകൃഷ്ണൻ കൈപ്പട്ടൂർ

**വില – 80/-**

മഹാഭാരതയുദ്ധത്തിന്റെ ഭാഗങ്ങൾ മാത്രം കുട്ടികൾക്കായി പുനരാവിഷ്ക്കരിക്കുന്ന പുസ്തകം. അങ്ങനെ മഹാഭാരതമെന്ന മഹത്കൃതിയിലേക്ക് തുറന്നിടുന്ന ഒരു വാതിലായി ഈ പുസ്തകം മാറുന്നു. കുട്ടികൾക്കു മാത്രമല്ല, ഒരു മുതിർന്നവർക്കും ഈ ചെറുഗ്രന്ഥം ഉപകാരപ്പെടും.






## മഴമുറ്റം (അഞ്ചാം പതിപ്പ്)


(ബാലസാഹിത്യം) സുരേഷ് കീഴില്ലം

**വില – 80/-**

മഴമുറ്റം കുട്ടികളേക്കാളേറെ അച്ഛനമ്മമാർ വായിച്ചിരിക്കേണ്ട കൃതിയാണ്. ജീവിതമുറ്റത്ത് പെയ്യുന്ന സ്നേഹമഴയുടെ കാഴ്ചയാണിത്. നമ്മുടെ പൊന്നോമനകൾ അനുഭവിക്കുന്ന ദൈനംദിന പ്രശ്നങ്ങളിലൂടെ ഈ കഥ കടന്നുപോകുന്നു. കുട്ടികളുടെ ജീവിതത്തെ മനഃശാസ്ത്രപരമായ കാഴ്ചപ്പാടോടെ വിശകലനം ചെയ്യുന്നു എന്നതാണ് ഈ കൃതിയുടെ ഏറ്റവും വലിയ പ്രത്യേകത.

–ഗംഗ കൈലാസ്






## മാജിക് ബുക്ക്

(ബാലസാഹിത്യം) ശാലിനി ടി. എസ്

**വില – 70/-**

ഭാവനയ്ക്കൊപ്പം താൻ വളർന്ന യാഥാർത്ഥ്യങ്ങളിലൂടേയും ശാലിനിയുടെ തൂലിക സഞ്ചരിക്കുന്നുണ്ട്. പ്രകൃതിയിലും താൻ ജീവിക്കുന്ന പരിസരങ്ങളിലും ഉണ്ടാകുന്ന പ്രശ്നങ്ങളെ തന്റെ എഴുത്തിൽ പ്രതിഫലിപ്പിക്കുവാൻ ഈ കുഞ്ഞെഴുത്തുകാരി ശ്രമിക്കുന്നു.

–കെ. സ്വാമിനാഥൻ പുറക്കാട്






## മുത്തശ്ശി പറഞ്ഞ കഥകൾ

(ബാലസാഹിത്യം) സതീദേവി വാര്യർ

**വില – 180/-**

മുത്തശ്ശി അടുത്തിരുന്ന് കഥപറയുന്ന അനുഭവമാണ് ഈ പുസ്തകം സമ്മാനിക്കുന്നത്. ഓരോ കഥകളും സാരാംശങ്ങളാൽ സമ്പന്നം. ചെറിയ കുട്ടികൾക്ക് നിർബന്ധമായും വാങ്ങിക്കൊടുക്കേണ്ട പുസ്തകം. ഇതിലെ കഥകൾ വായിക്കാൻ അവരെ പ്രേരിപ്പിക്കണം. അത് അവരുടെ വരും കാലത്തെ മൂല്യവത്താക്കും.



# ബാലസാഹിത്യം




## മുയലച്ചന്റെ നീന്തൽമത്സരം
(ബാലസാഹിത്യം) എസ്. ബി. പണിക്കർ

വില – 70/-

മൃഗങ്ങളും പക്ഷികളും മരങ്ങളും മനുഷ്യരും കഥാപാത്രങ്ങളായി വരുന്ന എട്ട് കഥകൾ. കുട്ടികളുടെ മനസിൽ കൗതുകമുണർത്തുക മാത്രമല്ല, മികച്ച മൂല്യങ്ങൾ സന്നിവേശിപ്പിക്കുകകൂടി ഈ കഥകളുടെ ലക്ഷ്യമാണ്.






**Out of Stock**


## തത്തമ്മക്കൂട്
(ബാലസാഹിത്യം) ശാലിനി ടി. എസ്

വില – 60/-

ഒത്തിരിവർഷം കുട്ടികളെ പഠിപ്പിച്ച ടി.എസ്.പി. നമ്പൂതിരിയുടേയും എഴുത്തുകാരിയായ ശാരദാമ്മാളിന്റേയും കൊച്ചുമകൾ ശാലിനി എഴുതിയ കഥകൾ.

-മണി കാക്കര






## തേൻമിഠായി (രണ്ടാം പതിപ്പ്)
(ബാലസാഹിത്യം) സുധീഷ് ഷേണായി

വില – 100/-

നമ്മുടെ കുഞ്ഞോമനകൾക്ക് നുണയാനും നുകരാനും വായിലിട്ട് പതുക്കെ പതുക്കെ അലിയിച്ചു തിന്നാനും പറ്റിയ പല നിറത്തിലും തരത്തിലും രുചിയിലുമുള്ള തേൻമിഠായികളാണ് ഈ സമാഹാരത്തിലുള്ളത്. നർമ്മവും കൗതുകവും ചാലിച്ചു ചേർത്താണ് സുധീഷ് ഷേണായി തേൻമിഠായികൾ മെനഞ്ഞിട്ടുള്ളത്.

-സിപ്പി പള്ളിപ്പുറം






**Out of Stock**

## വർണ്ണച്ചിറകുകൾ
(ബാലസാഹിത്യം) ഭുവന

വില – 80/-

ഭുവന സുഭാഷിനെ നേരിട്ടു കാണാനും ഈ കുട്ടി എഴുതിയ 'വർണ്ണച്ചിറകുകൾ' എന്ന സമാഹാരത്തിലെ കവിതകൾ വായിക്കാനും എനിക്ക് ഭാഗ്യമുണ്ടായി. സ്വന്തം അനുഭവത്തിലെ കൊച്ചുകൊച്ചു വിഷയങ്ങളെക്കുറിച്ചാണ് ഒന്നാംക്ലാസുകാരിയായ ഭുവന തന്റെ കവിതകളിൽ മെനഞ്ഞെടുത്തിട്ടുള്ളത്. ഈ കവിതകൾ വായിച്ചതിന്റെ മധുരവും ഈണവും എന്റെ ചുണ്ടിൽ ഇപ്പോഴും തങ്ങി നിൽക്കുന്നു.

-സിപ്പി പള്ളിപ്പുറം



## ബാലസാഹിത്യം




### സൂര്യകിരീടി
(ബാലസാഹിത്യം) സുരേഷ് കീഴില്ലം

വില - 80/-

നഷ്ടമായ സ്വന്തം രാജ്യം തിരിച്ചുപിടിക്കുന്ന വീരനായ രാജകുമാരൻ സൂര്യകിരീടിയുടെ കഥ. സൂക്ഷ്മബുദ്ധികൊണ്ടും മികച്ച രാജ്യതന്ത്രങ്ങൾ കൊണ്ടും സൂര്യകിരീടിയെ വിജയങ്ങളിലേക്ക് നയിക്കുന്ന ആത്മമിത്രം ഗോവിന്ദശർമ്മയുടെ കൗശലങ്ങളുടെ ഗാഥ. വിജയം നേടാൻ രക്തം ചീന്തുന്ന യുദ്ധങ്ങൾ മാത്രമല്ല വഴിയെന്ന് തെളിയിക്കുന്ന ഉദ്വേഗഭരിതമായ നോവൽ.






### സ്വർണ്ണച്ചിറകുള്ള കാക്ക
(ബാലസാഹിത്യം) വാസു അരീക്കോട്

വില - 60/-

കുട്ടികളിൽ നന്മ ഉണർത്തുന്ന കഥകൾ. കാടും കാട്ടിലെ പക്ഷിമൃഗങ്ങളുമാണ് ഈ പുസ്തകത്തിലെ കഥാപാത്രങ്ങൾ. ഓരോ കഥയും വരും തലമുറയ്ക്കുനൽകുന്ന ഓരോ സന്ദേശമാണ്.






### ലോറൽമരത്തിന്റെ ഇലകൾ
(ബാലസാഹിത്യം) തോന്നയ്ക്കൽ കൃഷ്ണപ്രസാദ്

വില - 100/-

ഭാരതത്തിലും വിദേശരാജ്യങ്ങളിലും പ്രചാരത്തിലുള്ള 18 നാടോടിക്കഥകളാണ് ഈ പുസ്തകത്തിലുള്ളത്. എല്ലാം ചെറിയ കഥകളാണ്. പക്ഷെ, ഇവ വായിക്കുന്നവർക്ക് തുറന്നുകിട്ടുന്നതാകട്ടെ, വലിയ ലോകവും.



## ലേഖനങ്ങൾ




### അമരസ്വപ്നങ്ങൾ
(ലേഖനങ്ങൾ) മാത്യു പനന്താനം

വില - 110/-

ഏകലോക ജനാധിപത്യഗവൺമെന്റും അതിന്റെ ഭരണക്രമവും എന്ന ആശയമാണ് 'അമരസ്വപ്നങ്ങൾ' എന്ന ഈ പുസ്തകത്തിന്റെ ഇതിവൃത്തം. ലോകം എങ്ങനെയായിരിക്കണം എന്ന ഒരു വ്യക്തിയുടെ സ്വപ്നം ശ്രീ. മാത്യു പനന്താനം ഇതിലൂടെ വ്യക്തമാക്കുന്നു.

-പി.സി. ജോർജ്ജ് എം.എൽ.എ.



## ലേഖനങ്ങൾ




### അവളുടെ വെളിപാടുകൾ
(ലേഖനങ്ങൾ) ത്രേസ്യാമ്മ തോമസ് നാടാവള്ളിൽ

വില – 110/-



ഈ ലേഖനങ്ങൾ വായിച്ചാൽ നമുക്ക് സുനിത കൃഷ്ണനെ ഒന്ന് പരിചയപ്പെടാൻ തോന്നും. സിസ്റ്റർ ജസ്മിയുടെ ആത്മകഥയായ 'ആമേൻ' വായിക്കുവാൻ തോന്നും. നമ്മുടെ അരികിൽ ഇല്ലാത്ത അമ്മയുടെ മടിയിൽ തല ചായ്ച്ച് കിടന്ന് ഒന്നു പൊട്ടിക്കരയാൻ തോന്നും. സിസ്റ്റർ സാറായോടൊപ്പം ഒരുവട്ടമെങ്കിലും എയ്ഡ്സ് രോഗികളെ പോയി കാണാൻ തോന്നും. ഇവരെല്ലാം ഇത്ര ആഴത്തിൽ വായനക്കാരുടെ മനസിലേക്ക് കയറിവരും.

-ശ്രീജ വാര്യർ




### അധ്യാത്മികതയുടെ പ്രയോഗവിജ്ഞാനം
(ലേഖനങ്ങൾ) പ്രൊഫ. കെ. ശശികുമാർ

വില – 120/-



ഭാരതത്തിന്റെ ബൃഹത്തായ അധ്യാത്മശാസ്ത്രം മഹത്തരം തന്നെ. ഈ ശാസ്ത്രഗ്രന്ഥങ്ങൾക്ക് മുന്നിൽ സാത്ഭുത പ്രേമഭക്ത്യാദരങ്ങളോടെ നിൽക്കുന്ന ഒരു ജിജ്ഞാസുവിന്റെ അന്വേഷണങ്ങൾ. പ്രൗഢഗംഭീരമായ ലേഖനങ്ങൾ.




### ആഴ്ചയുടെ ആകാശം
(ലേഖനങ്ങൾ) പായിപ്ര രാധാകൃഷ്ണൻ

വില – 100/-



കലാകൗമുദിയിൽ പ്രസിദ്ധീകരിച്ച 'ആഴ്ചവെട്ട'ത്തിൽ നിന്നും തെരഞ്ഞെടുത്ത ലേഖനങ്ങൾ. സാഹിത്യ - സാംസ്കാരിക - സാമൂഹ്യരംഗങ്ങളിലെ ചലനങ്ങൾ തൊട്ടറിഞ്ഞവയാണ് ഓരോ കുറിപ്പുകളും.




### ആചാരങ്ങൾക്ക് കിറുക്കുപിടിക്കുമ്പോൾ
(രണ്ടാം പതിപ്പ്) (ലേഖനങ്ങൾ) മുരളി സഹ്യാദ്രി

വില – 200/-



മലയാളമനോരമ വീക്കിലിയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച കൗതുകകരവും വിജ്ഞാനപ്രദവുമായ ലേഖനങ്ങളുടെ സമാഹാരം.ലോകത്ത് നിലനിൽക്കുന്ന വിചിത്രമായ ആചാരങ്ങളെപ്പറ്റിയുള്ള അറിവുകൾ നമ്മെ വിസ്മയിപ്പിക്കും.

## ലേഖനങ്ങൾ




### ഇനിയും പുഴയൊഴുകും

(ലേഖനങ്ങൾ) **കെ. ജയകുമാർ**

**വില – 130/-**



കൊറോണാകാലത്ത്, ലോകം മുഴുവൻ സ്തംഭിച്ച് നിന്നു പോയഘട്ടത്തിൽ എഴുതപ്പെട്ട കുറിപ്പുകൾ. ഉന്നത ഉദ്യോഗസ്ഥനെന്ന നിലയിലും എഴുത്തുകാരനെന്ന നിലയിലും കെ. ജയകുമാർ ഐ.എ.എസ് സ്വയം ഏറ്റെടുത്ത ദൗത്യമായിരുന്നു അത്. ഓരോ രചനയും സഹജീവികളെ അത്രമേൽ പ്രത്യാശാഭരിതരാക്കുന്നുവെന്നതാണ് ആ യത്നത്തിന്റെ സാഫല്യം.




### എനിക്ക് വോട്ടില്ല, സന്തോഷം

(ലേഖനങ്ങൾ) **ഡോ. കെ. ജെ. ജെയിംസ്**

**വില – 160/-**



ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ വിശദീകരിക്കുന്ന ഗ്രന്ഥം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന് അവകാശപ്പെടുമ്പോഴും ഇത് എത്രമാത്രം അപക്വവും അശാസ്ത്രീയവുമാണെന്ന് ഗ്രന്ഥകാരൻ അക്കമിട്ടു നിരത്തുന്നു. യഥാർത്ഥ ജനാധിപത്യം നടപ്പിലാക്കുന്നതിന് എന്തൊക്കെ ചെയ്യണമെന്നും വിശദീകരിക്കുന്നു.




### കോപിതയുടെ ശിഥിലചിന്തകൾ

(ലേഖനങ്ങൾ) **എസ്. ശാരദാമ്മാൾ**

**വില – 80/-**



സമൂഹത്തെ മൂന്നാംകണ്ണുകൊണ്ട് കാണുന്ന വേറിട്ട ലേഖനങ്ങൾ. നിലവിലുള്ള വ്യവസ്ഥിതിക്കെതിരായ കലഹം. ഓർമ്മകളും കാഴ്ചകളും വിലയിരുത്തലുകളുമായി കാലഘട്ടത്തോടുള്ള സംവാദമായി ഈ പുസ്തകം മാറുന്നു. മറ്റാരും കാണാത്തതും മറ്റാരും പറയാത്തതും ഈ രചനയിൽ വായിക്കുകയും ചെയ്യാം.




### ക്രൂരതയുടെ മുഖങ്ങൾ


(ലേഖനങ്ങൾ) **എ. കെ. ശശി വെട്ടിക്കവല**

**വില – 60/-**



ഓരോദിനവും മാധ്യമങ്ങൾ നമുക്ക് സമ്മാനിക്കുന്നത് മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന വൃത്താന്തങ്ങളാണ്. സ്ത്രീപീഡനങ്ങളും പിഞ്ചുകുഞ്ഞുങ്ങളെ ഉപദ്രവിക്കുന്നതും നാം നിരന്തരം കാണുന്നു. അത്തരം ക്രൂരതയുടെ മുഖങ്ങളാണ് ഈ പുസ്തകത്തിൽ.

# ലേഖനങ്ങൾ




## DISPLACEMENT
(ESSAYS) **PAULOSE MUKALATH**

Price - 130/-



Displacement is a natural phenomenon, a reality inevitable for the existence of mankind. It may either with a will and intension like migration to foreign countries dreaming a better life there or compelled to leave the place of origin on the label of refugees as a result of many factors like natural calamities, war, religious persecution and massacre, after all terror activities by some radical elements.




## നഃസ്ത്രീ സ്വാതന്ത്ര്യമർഹതി
(ലേഖനങ്ങൾ) **എസ്. ശാരദാമ്മാൾ**

വില - 80/-



സ്ത്രീത്വത്തിന്റെ ത്യാഗവും കരുതലും തലോടലും സ്വാന്ത്വനവും കൈവിടാതെ സ്വയം തിരിച്ചറിഞ്ഞ് തന്റേതായ ഇടം നേടിയെടുക്കാൻ കേരള വനിതയെ സജ്ജമാക്കുന്ന ലേഖനങ്ങൾ. സ്ത്രീ ശാക്തീകരണത്തിന്റെ സമസ്തഭാവങ്ങളും സ്ത്രീ പക്ഷത്തുനിന്ന് വരച്ചുകാണിക്കുകയാണ് ഈ എഴുത്തുകാരി.

**-ശാരി ശിവദത്ത്**




## നിത്യജീവിതത്തിലെ അന്ധവിശ്വാസങ്ങൾ
(ലേഖനങ്ങൾ) **ജോസഫ് വടക്കൻ**

വില - 310/-



അശാസ്ത്രീയ സമീപനങ്ങളോടുള്ള തുറന്ന യുദ്ധമാണ് 'നിത്യജീവിതത്തിലെ അന്ധവിശ്വാസങ്ങൾ' എന്ന ജോസഫ് വടക്കന്റെ ഈ പുസ്തകം. കാലാകാലങ്ങളായി നാം വിശ്വാസപ്രമാണങ്ങളായി നെഞ്ചേറ്റിയ പല വിശ്വാസങ്ങളും ഇവിടെ ഉടച്ചുവാർക്കുന്നു.




## പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി
(ലേഖനങ്ങൾ) **ഡോ. ജോസ് പാറക്കടവിൽ**

വില - 160/-



പ്രകൃതിയിലേക്ക് നാം മടങ്ങേണ്ടത് നമ്മുടെ നിലനിൽപ്പിന് അനിവാര്യമാണ്. അത്തരമൊരു മടക്കത്തിന് ചുറ്റുമുള്ള സസ്യജാലങ്ങൾ ഏതെല്ലാം വിധത്തിൽ നമുക്ക് പ്രയോജനപ്പെടുന്നുവെന്ന് വിശദമായി പ്രതിപാദിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. എൺപതിലേറെ സസ്യങ്ങളെക്കുറിച്ച് അറിവുപകരുകയാണ് ഡോ. ജോസ് പാറക്കടവിൽ.

## ലേഖനങ്ങൾ




### മന്ദബുദ്ധികളുടെ സ്വർഗ്ഗം

(ലേഖനങ്ങൾ) എ.കെ. ശശി വെട്ടിക്കവല

വില – 60/-

ഹൈടെക് യുഗത്തിലേക്ക് കുതിക്കുന്ന മനുഷ്യർ ഈ ഭൂമിയിൽ പടുത്തുയർത്തുന്നത് മന്ദബുദ്ധികളുടെ സ്വർഗം കൂടിയാണ്. ദുരന്തം പതിയിരിക്കുന്ന ഒട്ടേറെ കാര്യങ്ങളിലേക്ക് ഈ പുസ്തകം വെളിച്ചം വീശുന്നു.






### ഹിന്ദു അറിഞ്ഞിരിക്കേണ്ടത്

(ലേഖനങ്ങൾ) കെ.ആർ.ഗോപി കവണപ്പിള്ളി

വില – 80/-

ഹിന്ദുവിനെ അറിഞ്ഞാൽ ഇച്ഛാശക്തിയോടെ ദൃഢവിശ്വാസത്തോടെ സൂക്ഷ്മബുദ്ധിയോടെ മുന്നേറുവാനാകും. അതിന് പ്രയോജനകരമാണ് ഈ ഗ്രന്ഥം. വേറിട്ടുനിൽക്കുന്ന ശൈലിയിൽ സുഖകരമായി എന്നാൽ ഗൗരവപൂർവ്വം വായിച്ചുപോകാവുന്ന പുസ്തകം.

–ബൈജു ബാലകൃഷ്ണൻ



## മോട്ടിവേഷൻ




### ടെൻഷൻ ഫ്രീ ലൈഫ്

(മോട്ടിവേഷൻ) വി.പി. അബൂബക്കർ

വില – 100/-

സ്വയം ഉൽപാദിപ്പിക്കുന്ന കസ്തൂരിയുടെ വിലയറിയാത്ത, മണമറിയാത്ത കസ്തൂരിമാനെപ്പോലെയാണ് മനുഷ്യൻ. തന്റെ മനസ്സിൽ നിന്നുതന്നെ ഉണ്ടാക്കേണ്ട സമാധാനവും ശാന്തിയും അന്വേഷിച്ചു നടക്കുകയാണ്. മനസ്സിനെ നിയന്ത്രിക്കുകയും സ്വഭാവപെരുമാറ്റങ്ങളെ നന്നാക്കിയെടുക്കുകയും ചെയ്യുമ്പോഴാണ് മനഃശ്ശാന്തി കൈവരുന്നത്.നല്ലൊരു വ്യക്തിത്വം എങ്ങനെ ഉണ്ടാക്കിയെടുക്കാം എന്നതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇവിടെ വായിക്കാം.






### തലക്കെട്ടില്ലാത്ത പുസ്തകം

(മോട്ടിവേഷൻ) ഡോ. ഗിന്നസ് മാടസാമി

വില – 160/-

ജീവിക്കുന്ന കാലത്തിന്റെ ഹൈപ്പർ ടെൻഷനുകളെയാണ് ഈ ഗദ്യാർച്ചനകൾ അഡ്രസ് ചെയ്യുന്നത്. നമുക്ക് ചുറ്റുമുള്ളത് ഒരു അപായകരമായ ദ്വീപാണെന്നും അത് നമ്മുടെ ജീവിതപ്രതലങ്ങളിൽ ഇനി വിതറാൻ പോകുന്നത് ശബ്ദരസശൂന്യതകളുടെ അന്ധതയായിരിക്കുമെന്നും സാക്ഷ്യപ്പെടുത്തുന്ന നേർക്കുറിപ്പുകളുടെ പുസ്തകമാണിത്.



# മോട്ടിവേഷൻ




## THESE SMALL THINGS ARE SO GREAT

(MOTIVATION) **MANDAKINI NAMPOOTHIRI**

Price - 200/-



A book about the little things that happened in the lives of people like Christopher Columbus, Napoleon, Swami Vivekanandha, Albert Einstein, Mahatma Gandhi, Jawaharlal Nehru, Raveendranada Tagore etc. It is These Small things that made each of them great people. These short articles will help you to organise a great life for the younger generation.




## പൂവിരിയും പോലെ ജീവിതം (രണ്ടാം പതിപ്പ്)

(മോട്ടിവേഷൻ) **ശോഭന വെങ്ങോല**

വില - 90/-



നിത്യജീവിതത്തിൽ കുട്ടികൾക്ക് കൊടുക്കാൻ കഴിയാത്ത മൂല്യബോധവും ആത്മവിശ്വാസവും ക്യാപ്സൂൾ പരുവത്തിൽ കൊടുക്കുന്ന ഇടങ്ങൾ തേടി നെട്ടോട്ടമോടുന്ന ഇക്കാലത്ത് രക്ഷിതാക്കൾക്കും അധ്യാപകർക്കും തീർച്ചയായും ഇതൊരു കൈപ്പുസ്തകമായിരിക്കും. ഏറെ കാലിക പ്രസക്തിയുള്ളതാകുന്നു ഈ പുസ്തകം.

-മോളി എബ്രഹാം




## വിജയത്തിലേക്കുള്ള പടവുകൾ

(രണ്ടാം പതിപ്പ്) (മോട്ടിവേഷൻ) **വി.പി. അബൂബക്കർ**

വില - 60/-



ഏകാഗ്രതയുണർത്താനും ഓർമ്മശക്തി വർദ്ധിപ്പിക്കാനും അതുവഴി വിജയത്തിലേക്ക് എത്താനും ഉതകുന്ന പ്രായോഗിക പാഠങ്ങൾ. പോസിറ്റീവായി ചിന്തിക്കുന്നവർക്ക് കൃത്യമായ ടൈം മാനേജ്മെന്റിലൂടെ ജീവിതവിജയം നേടാൻ കഴിയുമെന്ന് ഈ പുസ്തകം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. വിദ്യാർത്ഥികൾക്ക് പരീക്ഷയെ നേരിടാനുള്ള വഴികളും ഇവിടെ ഉണ്ട്.




## വളരെ വലുതാണ് ഈ ചെറിയ കാര്യങ്ങൾ

(മോട്ടിവേഷൻ) **സതീദേവി വാര്യർ**

വില - 80/-



ക്രിസ്റ്റഫർ കൊളമ്പസ്, നെപ്പോളിയൻ, സ്വാമി വിവേകാനന്ദൻ, ആൽബർട്ട് ഐൻസ്റ്റീൻ, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, രവീന്ദ്രനാഥ ടാഗോർ തുടങ്ങിയ വലിയ മനുഷ്യരുടെ ജീവിതത്തിൽ സംഭവിച്ച ചെറിയ കാര്യങ്ങളെപ്പറ്റിയുള്ള പുസ്തകം. ഈ ചെറിയ കാര്യങ്ങളാണ് അവരോരുത്തരേയും മഹത് വ്യക്തികളാക്കി മാറ്റിയതെന്ന് കാണാം.

## ചരിത്രം




### ഈഴത്തുനാട് :ആദിഇറാനിയൻ നാഗരികത

(ചരിത്രം) **സി. രാജശേഖരൻ**

വില –100/-



പന്തീരായിരം വർഷങ്ങൾക്കു മുൻപ് മനുഷ്യൻ കർഷകനായി മാറിയ ആദ്യ കാർഷിക ഗ്രാമം സ്ഥിതി ചെയ്യുന്ന നാട്. ആറായിരത്തിയഞ്ഞൂറുവർഷങ്ങൾക്കുമുൻപ് സ്ഥാപിക്കപ്പെട്ട സൂസ എന്നെ നഗരം കേന്ദ്രീകരിച്ചുണ്ടായ ആദ്യ ലോകനാഗരികത സൃഷ്ടിച്ച നാട്. രണ്ടായിരത്തിഅഞ്ഞൂറുവർഷത്തെ രാജഭരണപാരമ്പര്യമുള്ള, ബി.സി. 6-ാം നൂറ്റാണ്ടിൽ തകർക്കപ്പെട്ട രാജ്യം. ഈലം എന്ന ആദി ഇറാനിയൻ നാഗരികതയെ പരിചയപ്പെടുത്തുന്നു.



### മൂവാറ്റുപുഴയുടെ നഗരപുരാവൃത്തങ്ങൾ

(ചരിത്രം) **മോഹൻദാസ് സൂര്യനാരായണൻ**

വില –490/-



മൂവാറ്റുപുഴ ഒരു ജില്ല ആയാൽ ആ ജില്ലയുടെ ഗസറ്റിയർ നിർമ്മിക്കുന്ന ചരിത്രകാരന് മോഹൻദാസിന്റെ ഈ കൃതിയെ ആശ്രയിക്കേണ്ടിവരും.

**-ഡോ. ഡി. ബാബുപോൾ**

മൂവാറ്റുപുഴയുടെ ചരിത്രത്തിൽ ഒരു ചരിത്രസംഭവമായിരിക്കും ഈ പുസ്തകം. കഠിനമായ പരിശ്രമത്തിന്റെ സ്വാഗതാർഹമായ ഫലശ്രുതി.

**-വൈശാഖൻ**




### നീലീശ്വരം: സാംസ്കാരിക പാദമുദ്രകൾ

(ചരിത്രം) **പീതാംബരൻ നീലീശ്വരം**

വില –180/-



നീലിശ്വരം എന്ന സുന്ദരഗ്രാമത്തിലെ രാജവാഴ്ചയുടേയും പടയോട്ടത്തിന്റേയും ചരിത്രപരമായ കുറിപ്പുകൾ, ചതിയുടേയും കൊലയുടേയും ഞെട്ടിപ്പിക്കുന്ന കഥകൾ, പ്രതാപചരിത്രമുള്ള എഫ്.ഐ.ടി കമ്പനിയുടേയും കാർഷികവൃത്തിയുടേയും കീർത്തി, ഗ്രാമസംസ്കാരത്തിന്റെ നാട്ടരങ്ങുകൾ, ഇവിടെ ഒഴുകിയെത്തിയ പുഴയിൽ അന്തർലീനമായ സംസ്കൃതി, നാടിന്റെ അഭിമാനങ്ങളായ പ്രഗത്ഭവ്യക്തികൾ എന്നിങ്ങനെ ഗ്രാമജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലൂടെയുള്ള സമഗ്രമായ ഒരു അന്വേഷണം.

## പഠനം / സാഹിത്യനിരൂപണം




### അന്ധകാരബ്രഹ്മാണ്ഡം

(സാഹിത്യപഠനം) **ലക്ഷ്മി പി**

വില –50/-



ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ലേഖനം. കേരളത്തിലെ മലയാളം അധ്യാപകരിൽ വളരെ കുറച്ചു പേർ മാത്രമെ സി.വിയുടെ നോവലുകൾ വായിച്ചിട്ടുള്ളുവെന്ന് എൻ. കൃഷ്ണപിള്ള സാർ ഒരിക്കൽ പറഞ്ഞു. പുതിയ തലമുറയിലെ വിദ്യാർത്ഥിനിയായ ലക്ഷ്മി യുടെ സി.വി. സാക്ഷരത എന്നെ സന്തോഷിപ്പിക്കുന്നു.

**-ബാലചന്ദ്രൻ ചുള്ളിക്കാട്**

## പഠനം / സാഹിത്യനിരൂപണം




### ആധുനികാനന്തര കവിത: വായന വിചാരം

(സാഹിത്യപഠനം) ബിന്ദു പി

വില – 100/-



സമകാലീന മലയാളകവിതയിലെ ഭാവുകത്വ പരിണാമങ്ങളെ ആഴത്തി ൽ വിശകലനം ചെയ്യുന്ന പഠനഗ്രന്ഥം. സാഹിത്യവിമർശന ഗവേഷണരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരുടെ പണ്ഡിതോചിതമായ ലേഖനങ്ങൾ ഈ പുസ്തകത്തിന് മികവേകുന്നു.




### ആത്മാവിൽ മുറിവേറ്റ മാലാഖമാർ

(രണ്ടാം പതിപ്പ്) (സാഹിത്യപഠനം) റഷീദ് പാനൂർ

വില – 180/-



അറുപതുകൾക്ക് ശേഷം മലയാളസാഹിത്യത്തെ ഉടച്ചുവാർത്ത ആധുനിക - ആത്യാധുനിക പ്രവണതകളെ പടിക്കാൻ ഈ എഴുത്തുകാരൻ ഏറെസമയം ചിലഴിച്ചു. ഒ.വി. വിജയന്റേയും ആനന്ദിന്റെയും സേതുവിന്റെയും കമലാസുരയ്യയുടെയും കൃതികളെ പുതിയ രീതിയിൽ വിലയിരുത്താൻ ശ്രമിക്കുന്ന രഷീദ് പാനൂരിന്റെ ഈ പുസ്തകം ഇനിയും മരിക്കാത്ത മലയാള നിരൂപണസാഹിത്യത്തിന് ഒരപൂർവ്വ ഉപലബ്ധിയാണ്.


–എം. കെ. ഹരികുമാർ




### കപ്പൽക്കാഴ്ചകൾ

(പഠനം) പി.പി. രവീന്ദ്രൻ നായർ

വില – 50/-



ദീർഘകാലം വിവിധ കപ്പലുകളിൽ സേവനമനുഷ്ഠിച്ച പി പി രവീന്ദ്രൻ നായരുടെ രണ്ടാമത് പുസ്തകം. അദ്ദേഹം ജോലിചെയ്ത കപ്പലുകൾ, കടന്നുപോയ കടലുകൾ, എത്തിച്ചേർന്ന തുറമുഖങ്ങൾ, ശ്രദ്ധയിൽപ്പെട്ട സംസ്കാരങ്ങൾ... അങ്ങനെ വൈവിദ്ധ്യമാർന്നതും വിജ്ഞാനപ്രദമായതുമായ ഉള്ളടക്കമാണ് ഇതിലുള്ളത്.




### ഗണിതം കൗതുകം

(പഠനം) പള്ളിയറ ശ്രീധരൻ

വില – 70/-



ഗണിതവിജ്ഞാനത്തെ കുട്ടികളിലേക്കും സാധാരണക്കാരിലേക്കും എത്തിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പുസ്തകം. അക്കങ്ങൾകൊണ്ട് വിസ്മയം സൃഷ്ടിക്കുന്ന പള്ളിയറ ശ്രീധരൻ പുതുതലമുറയിൽ ശാസ്ത്രാഭിരുചി വളർത്തി ബുദ്ധിവികാസത്തിന് കളമൊരുക്കുന്നു.

## പഠനം / സാഹിത്യനിരൂപണം




### പുതുകഥ; സൗന്ദര്യവും രാഷ്ട്രീയവും

(സാഹിത്യപഠനം) ഡോ. ജോബിൻ ചാമക്കാല

വില – 150/-



പുതിയ തലമുറയിലെ പതിനൊന്ന് എഴുത്തുകാരുടെ കഥകളെ മുൻനിർത്തി പ്രമുഖനിരൂപകരായ ഇ. പി. രാജഗോപാലൻ, ഡോ. എം. കൃഷ്ണൻ നമ്പൂതിരി, എം. വി. ഷാജി, ഡോ. എം.എൻ. രാജൻ, ഡോ. റ്റി. എം. മാത്യു, ഡോ. എസ്. ഗിരീഷ്കുമാർ, ആർ. രാജേഷ്കുമാർ, ഡോ. ജിസ ജോസ്, ഡോ. നസീറ എം. എസ്., കെ. ദയാനന്ദൻ, ഡോ. ജി. ശ്രീജിത് എന്നിവരുടെ പഠനങ്ങൾ.




### ഫാഷന്റെ മനശാസ്ത്രം

(പഠനം) ഡേവിഡ് ജോസഫ്

വില – 100/-



ലോകത്തെവിടേയും ഫാഷന് വലിയ പ്രാധാന്യമുണ്ട്. എന്നാൽ അതിന്റെ ഉത്ഭവവും ചരിത്രവും സംബന്ധിച്ച അന്വേഷണങ്ങൾ കുറവാണ്. വിവിധ രാജ്യങ്ങളിൽ അദ്ധ്യാപകനായിരുന്ന ശ്രീ. ഡേവിഡ് ജോസഫ് ഫാഷന്റെ മനശാസ്ത്രവുമായി ബന്ധപ്പെട്ട ആധികാരികമായ പഠനഗ്രന്ഥമാണ് നമുക്ക് സമ്മാനിക്കുന്നത്.




### വീട്ടിൽ ഒരു സൗരോർജ്ജനിലയം

(പഠനം) അരുൺ സി. ഉത്തമൻ

വില – 110/-



സൗരോർജ്ജത്തിന്റെ പ്രാധാന്യം, വൈദ്യുതോദ്ത്പാദനത്തിന്റെ സാങ്കേതികവിദ്യ, സാമ്പത്തിക അവലോകനം, പദ്ധതി നടപ്പിലാക്കേണ്ട രീതികൾ തുടങ്ങിയവയെപ്പറ്റി ഇതിലുണ്ട്. പുതിയ സാങ്കേതികവിദ്യകൾ അഭ്യസിക്കുന്ന വിദ്യാർത്ഥികൾക്കും സാങ്കേതിക വിദഗ്ധർക്കും മാത്രമല്ല, സാധാരണക്കാർക്കുവരെ ഈ പുസ്തകം പ്രയോജനം ചെയ്യും.

–രാജൻ കെ. ആർ




### സോപാനസംഗീതം

(പഠനം) ഊരമന രാജേന്ദ്രമാരാർ

വില – 390/-



സോപാനസംഗീതത്തിന്റേയും പക്കവാദ്യങ്ങളുടേയും ഒരു സമഗ്രപഠനഗ്രന്ഥമാണ് ഈ കൃതി. സോപാനസംഗീതശാഖയ്ക്ക് ഈ ഗ്രന്ഥം വിലപ്പെട്ട സംഭാവന നൽകും.

–പത്മശ്രീ പെരുവനം കുട്ടൻമാരാർ

## മതം/പുരാണപുനരാഖ്യാനം




### ഇതിഹാസത്തിന്റെ നേർക്കാഴ്ചകൾ

(പുരാണ കഥാഖ്യാനം) ടി.ഐ. നാരായണൻ

വില – 110/-



ലോകക്ലാസിക്കായ മഹാഭാരതത്തിലെ അത്യുജ്ജ്വലമായ കഥാസന്ദർഭങ്ങളേയും കഥാപാത്രങ്ങളേയും പുനരാവിഷ്ക്കരിക്കുന്ന ഈടുറ്റ ഗ്രന്ഥം. ലാളിത്യം കൊണ്ടും ഇതിഹാസത്തിന്റെ അന്തസത്ത കാത്തു സൂക്ഷിക്കുന്ന പ്രൗഢമായ ആഖ്യാനം കൊണ്ടും മഹാഭാരതത്തിലേക്കുള്ള പ്രവേശനഗോപുരമായി മലയാള വായനക്കാർക്ക് ഈ പുസ്തകം ഉപകാരപ്പെടും.




### ബൈബിൾ പഴയനിയമത്തിലെ കഥകൾ

(പുരാണ കഥാഖ്യാനം) ലീലാമ്മ രവി

വില – 200/-



'ബൈബിൾ പഴയനിയമത്തിലെ കഥകൾ' എന്ന പുസ്തകം മനോഹരമായ ഒരു സൃഷ്ടിയാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ മനസ്സിലാകത്തക്കവിധത്തിൽ പുനരാഖ്യാനം ചെയ്തിരിക്കുന്നു. ശ്രീമതി ലീലാമ്മരവിയുടെ കൈകളിലൂടെ ഇവിടെ ദൈവത്തിന്റെ പദ്ധതിയും ഇഷ്ടവും നിറവേറുകയാണ്.

–ഫാ. സജി ജോബ് മുണ്ടയ്ക്കൽ




### മഹാഭാരതത്തിലെ ഉജ്ജ്വലമുഹൂർത്തങ്ങൾ

(പുരാണ കഥാഖ്യാനം) ടി.ഐ. നാരായണൻ

വില – 210/-



കഥകളുടെ അക്ഷയഖനിയാണ് മഹാഭാരതം. അനന്യമായ ജീവിതസന്ദർഭങ്ങളുടേയും. മഹാഭാരതത്തിന്റെ ആഴങ്ങളിൽ നിന്ന് മുങ്ങിയെടുത്ത രത്നശേഖരമാണ് ഈ പുസ്തകം. ഇനിയും മഹാഭാരതം വായിക്കാത്തവർക്ക് പ്രൗഢോജ്ജ്വലമായ ഇതിഹാസത്തിലേക്ക് ഈ പുസ്തകം വഴി തെളിക്കും.




### ദാവീദിന്റെ സുവിശേഷം

(മതവിമർശനം) ഡേവിഡ് ജോസഫ്

വില – 160/-



ക്രിസ്തീയവിശ്വാസങ്ങളും പൂർണ്ണനഗ്നമയിലധിഷ്ഠിതമായ ക്രിസ്തു എന്ന യാഥാർത്ഥ്യവും ഇരുധ്രുവങ്ങളിൽ ചരിക്കുന്നവയാണെന്ന വസ്തുതയാണ് 'ദാവീദിന്റെ സുവിശേഷം' പറഞ്ഞുവയ്ക്കുന്നത്. യേശുക്രിസ്തുവിനുമുമ്പുള്ള കാലവും ദേശചരിത്രങ്ങളും വിശദമായി പഠിച്ചുകൊണ്ടാണ് ഗ്രന്ഥകാരൻ വിഷയത്തിലേക്ക് വരുന്നത്.

# മതം/പുരാണപുനരാഖ്യാനം




## യേശു ക്രിസ്ത്യാനിയോ?

(മതവിമർശനം) പ്രൊഫ. ജോൺ. എം. ഇട്ടി

വില – 180/-



ലോകത്തിൽ ഒരു ക്രിസ്ത്യാനി മാത്രമേ ഉണ്ടായിരുന്നൊള്ളൂ. അവർ അവനെ ക്രൂശിച്ചു എന്ന് യേശുക്രിസ്തുവിനെക്കുറിച്ച് പറയാറുണ്ട്. 'യേശു ക്രിസ്ത്യാനിയോ' എന്ന പുസ്തകത്തിൽ സാമ്പത്തിക ശാസ്ത്രവിദഗ്ദനും ചിന്തകനും എഴുത്തുകാരനുമായ പ്രൊഫ. ജോൺ എം. ഇട്ടി വിശ്വാസത്തിന്റെ സാമൂഹ്യ- സാമ്പത്തിക താൽപര്യങ്ങളെ വിശകലനം നടത്തുന്നു.

–റവ. ഡോ. ആർ.സി. തോമസ്




## രാമായണ വിസ്മയം

(പുരാണ കഥാഖ്യാനം) ഭാരതി സുശീല

വില – 100/-



രാമായണം സ്വാധീനിക്കാത്ത മഹാകവികളോ കാവ്യങ്ങളോ നമുക്ക് ഉണ്ടായിട്ടില്ല. എന്നാൽ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ വിരചിതമായിട്ടുള്ള രാമായണ കഥകളിൽ അത്ഭുതകരമായ വ്യത്യാസങ്ങളുണ്ട്. പല കൃതികൾ പരിശോധിച്ചും കഥകൾ പലതും സംയോജിപ്പിച്ചും തയ്യാറാക്കിയിട്ടുള്ള വിശിഷ്ടഗ്രന്ഥമാണ് 'രാമായണ വിസ്മയം.'




## രാമൻ മര്യാദപുരുഷോത്തമനോ?

(പുരാണ കഥാഖ്യാനം) ടി.ഐ. നാരായണൻ

വില – 100/-



രാമായണത്തിന് ഭക്തിപ്രസ്ഥാനകാലത്ത് വലിയ ദൈവികപരിവേഷം ലഭിച്ചു. വിശുദ്ധഗ്രന്ഥമായി പ്രതിഷ്ഠിക്കപ്പെട്ടു. എന്നാൽ ശ്രീരാമചന്ദ്രന്റെ പിഴവുകളുടെ കഥ കൂടിയാണ് രാമായണം. പുരുഷമേധാവിത്വത്തിന്റെ, നിർദ്ദയമായ സാമൂഹികവ്യവസ്ഥയുടെ ചിത്രങ്ങളും നമുക്കതിൽ കാണാം.

–എസ്. പ്രതാപചന്ദ്രൻ




## രാമായണസുധ

(പുരാണ കഥാഖ്യാനം) പ്രൊഫ. കെ. ശശികുമാർ

വില – 60/-



ഭാരതത്തിന്റെ അത്യുജ്ജ്വല സംഭാവനയാണ് 'രാമായണം.' ലോകസാഹിത്യത്തിലെ ക്ലാസിക്ക് കൃതിയാണിത്. 'രാമായണ'ത്തിന്റെ ആത്മാവിനെ അതിസൂക്ഷ്മമായി ആവാഹിച്ചെടുക്കുന്ന രചനയാണ് പ്രൊഫ. കെ. ശശികുമാറിന്റെ 'രാമായണസുധ.'

## മതം/പുരാണപുനരാഖ്യാനം




### ഹസ്തിനാപുരിയിലെ ചാവേറുകൾ
(പുരാണ കഥാഖ്യാനം) രാജീവ് സുധാകരൻ

വില – 100/-



ഇരുത്തം വന്ന എഴുത്തുകാരന്റെ പരിപക്വമായ രചനയാണ് രാജീവിന്റേത്. കുട്ടികൃഷ്ണമാരാരുടെ രചനയുടെ അനന്ദിഗമ്യമായ രീതിശാസ്ത്രം സ്വാംശീകരിച്ച് വിജയസോപാനത്തിൽ അവരോ ദിക്കപ്പെടാൻ അർഹനായ ഒരു സർഗ്ഗപ്രതിഭയാണ് രാജീവ് സുധാകരൻ. ഹസ്തിനപുരിയിലെ ചാവേറുകൾ ഗൗരവമായി വായിക്കപ്പെടേണ്ട കൃതിയും.

–ഇ. വി. നാരായണൻ

## യാത്ര



Out of Stock

### ദക്ഷിണഭാരതമണ്ണിലൂടെ
(യാത്രാവിവരണം) മനോജ് ടി മുക്കോലിൽ

വില – 80/-



കർമനിരതമായ [illegible] പുതുജീവൻ നൽകാൻ [illegible] യി നിലനിന്നിരുന്ന നാടുകളുടെയും [illegible] യുടെയും [illegible] ഭാരതീയ സംസ്കാരത്തിന്റെ വർത്തമാനത്തിലേക്ക് നടത്തിയ ചില യാത്രകളുടെയും അനുഭവങ്ങളുടെയും വിവരണങ്ങൾ.

–കെ. എൽ. മോഹനവർമ





### മൗണ്ട് അബുവിൽ (രണ്ടാം പതിപ്പ്)
(യാത്രാവിവരണം) സി.എ. ശശിധരൻ

വില – 160/-




ബ്രഹ്മാകുമാരീസ് ഈശ്വരീയ വിദ്യാലയത്തിന്റെ അന്തർദേശീയ ആസ്ഥാനമായ 'മൗണ്ട് അബുവിലേ'ക്ക് അക്ഷരോപാസകനായ സി.ഐ. ശശിധരൻനായർ നടത്തിയ തീർത്ഥാടനത്തിന്റെ ത്രിമധുരമാണ് ഈ ലഘു ഗ്രന്ഥം.




Out of Stock

### മാഫി മുശ്ഖില
(യാത്രാവിവരണം) എൻ. എ. പരീത്

വില – 270/-



എഴുതാതിരിക്കാൻ കഴിയാത്തതുകൊണ്ടാണ് പരീത് എന്ന മനുഷ്യൻ തന്റെ ജീവിതം ഇവിടെ പകർത്തുന്നത്. ഈ ജീവിതം നമ്മോട് പറയുന്നത് അവഗണിക്കാൻ കഴിയാത്ത ഒട്ടേറെ പാഠങ്ങളാണ്. ഭാഷയുടെ പകിട്ടും അലങ്കാരങ്ങളുടെ സമൃദ്ധിയുമല്ല, ജീവിതത്തിന്റെ സത്യസന്ധമായ പകർച്ചയാണ് വായനക്കാരനെ തൊടുന്നത്.

## നാടകം




### ഛത്രപതികൾ
(നാടകം) കെ. മുരളീധരൻ

**വില - 100/-**



അധികാരവാഴ്‌വുകളുടെ ഒട്ടും ദയയില്ലാത്ത അടിച്ചമർത്തലും നിലനിൽപ്പിനായുള്ള മനുഷ്യന്റെ ചെറുത്തുനിൽപ്പും സുരക്ഷിതമായ ഒരിടത്തിനുവേണ്ടിയുള്ള വന്യമായ ആർത്തിയും ഒരേസമയം ഈ രചനയിലൂടെ കടന്നുപോകുന്നുണ്ട്. ഈ നാടകങ്ങൾ മുമ്പോട്ടുവയ്ക്കുന്നത് വികൃതമായിപ്പോയ ഈ ചെടിച്ച കാലത്തിന്റെ വികൃതമുഖങ്ങൾ തന്നെ.

-സതീഷ് കെ. സതീഷ്





Out of Stock

### മന്ദാകിനി
(നാടകം) കെ. കെ. കുമാരൻ

**വില - 50/-**



കെ.കെ. കുമാരൻ ആവിഷ്കരിക്കുന്ന യക്ഷി സ്നേഹത്തിന്റെയും മാതൃവാത്സല്യത്തിന്റെയും പ്രതീകമാണ്. ഒപ്പം ഒരു പുരുഷന്റെ സ്നേഹവും സാമീപ്യവും ആഗ്രഹിക്കുന്ന സ്ത്രീയും. പക്ഷേ അവഹേളിക്കപ്പെട്ടപ്പോൾ അവൾ പൊട്ടിത്തെറിച്ച് ഭീകരരൂപിണിയാകുന്നു. ഐതിഹ്യമാലയിൽ നിന്നും അടർത്തിയെടുത്ത ഒരു യക്ഷിക്കഥയുടെ നാടകാവിഷ്കാരം.



Out of Stock

### മണ്ണ്
(നാടകം) എൽദോസ് യോഹന്നാൻ

**വില - 180/-**



മലയാള നാടകവേദിയിൽ മണ്ണ് നാടകത്തിന്റെ അവതരണം ഒരു ചരിത്രമുഹൂർത്തമാണ്. വളയൻചിറങ്ങര എന്ന ഗ്രാമത്തിൽ ഇരുന്നൂറോളം ഗ്രാമീണർ അരങ്ങിലും അണിയറയിലുമായി ഒത്തുചേർന്ന് യാഥാർത്ഥ്യമാക്കിയ മഹാസംഭവം. മണ്ണ് നാടകത്തിന്റെ രചനാപാഠവും അവതരണാനുഭവങ്ങളും കാഴ്ചകളും ചേർന്ന ഒരു ഓർമ്മപ്പുസ്തകമാകുന്നു ഇത്.




### വിഷക്കാറ്റ്
(നാടകം) ജോസഫ് മുളപ്പുറം

**വില - 50/-**



'യൗവ്വനത്തിന്റെ ചോരത്തിളപ്പിൽ അവൻ സ്വയം മറന്നു. പച്ചനോട്ടുകളുടെ തിളക്കത്തിൽ തന്നെ ജയിക്കാൻ ആരുമില്ലെന്ന് അഹങ്കരിച്ചു. പരിമളം പരത്തിയിരുന്ന ആ കുടുംബത്തിലെ ഇളം കാറ്റിൽ അവൻ വിഷം കലർത്തി. അതൊരു കൊടുങ്കാറ്റായി മാറി.' ആ വിഷക്കാറ്റിൽ പലതും തകർന്നുവീണു. വേദിയിൽ അവതരിപ്പിക്കാനും വായിച്ച് ആസ്വദിക്കാനും കഴിയുന്ന നാടകം.

## നാടകം




**Out of Stock**


### സുവർണയുടെ നാടകങ്ങൾ

(നാടകം)

വില – 50/-

കേരളസംഗീതനാടകഅക്കാദമിയുടേതുൾപ്പെടെ സംസ്ഥാനതലപുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുള്ള സുവർണ്ണ തീയ്യറ്റേഴ്സ് അവതരിപ്പിച്ചിട്ടുള്ള ലഘു നാടകങ്ങളിൽ ചിലത്. വേദികളിൽ കാണികളെ ആകർഷിച്ച ഈ നാടകങ്ങൾ വായനാസുഖവും പ്രദാനം ചെയ്യുന്നു.

## പാചകം



**Out of Stock**

### കുട്ടികൾക്കുമാവാം പാചകം


(പാചകം) ശാരിക ടി എസ്

വില – 50/-



ടിൻ ഫുഡിലേക്കും ഫാസ്റ്റ് ഫുഡിലേക്കും ആവേശത്തോടെ നീങ്ങിക്കൊണ്ടിരിക്കുന്ന പുതിയ തലമുറയ്ക്ക് ഒരു പിൻവിളിയാണ് ഈ പുസ്തകം. ധാരാളിത്തവും ആർഭാടവും ഒഴിവാക്കിക്കൊണ്ടുള്ള തികച്ചും ലളിതമായ പാചകം. ഭാവിയിലെ നല്ലൊരു വീട്ടമ്മയുടെ നിഴലാണ് ഈ പുസ്തകത്തിൽ ദൃശ്യമാകുന്നത്.

–താര പി. എൻ.




### Thani illam special cooking

(COOKERY) T S P NAMBOOTHIRI

Price - 150/-



Thani illam special cooking becomes special because it is added with love and concern for each and every one of you. When you come for a cooking class you are getting the lessons, along with practical experiences, reminding us the old gurukulam of Indian culture.

## ഓർമ്മ / ആത്മകഥ / ജീവചരിത്രം



**Out of Stock**

### അദ്ദേഹം പറയുന്നു ഞാൻ എഴുതുന്നു

(ഓർമ്മകൾ) എസ്. ശാരദാമ്മാൾ

വില – 190/-



ആത്മകഥാ കുറിപ്പുകളാണ് ഈ പുസ്തകം. പക്ഷെ, അത് ഒരു വ്യക്തിയുടേത് മാത്രമല്ല. ഒരു നാടിന്റെ, ഒരു സമുദായത്തിന്റെ കൂടി ചരിത്രമാകുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെ നടപ്പാക്കലിനെ തുടർന്ന് കേരളത്തിലെ നമ്പൂതിരി സമുദായം നേരിട്ട വെല്ലുവിളികളും പ്രതിസന്ധികളും ഈ പുസ്തകത്തിൽ കാണാം.

# ഓർമ്മ / ആത്മകഥ / ജീവചരിത്രം




## ഔദ്യോഗികം അനൗദ്യോഗികം


(സർവ്വീസ് സ്റ്റോറി) അജിത് വെങ്ങോല

**വില – 310/-**



സംസ്ഥാനസർക്കാർ സർവ്വീസിലെ കാണാപ്പുറക്കാഴ്ച്ചകൾ അറിയാൻ 'ഔദ്യോഗികം അനൗദ്യോഗികം' അവസരം നൽകുന്നു. താൻ നേരിൽക്കണ്ടതും അനുഭവിച്ചറിഞ്ഞതുമായ സംഭവങ്ങൾ ഈ പുസ്തകത്തിൽ അജിത് ഉൾപ്പെടുത്തിയിട്ടുണ്ട്. വളരെ ലളിതമായ ഭാഷയിൽ ഏതൊരു സാധാരണക്കാരനും മനസിലാകുന്ന തരത്തിലാണ് പുസ്തകത്തിന്റെ രചന.

–ഫാ. ഡേവിസ് ചിറമേൽ




## കുമാരനാശാൻ : എഴുത്തും ജീവിതവും

(ജീവചരിത്രം) ഡോ. എസ്. വിനോദ്

**വില – 130/-**



നവോത്ഥാനനായകനായ ശ്രീനാരായണഗുരുവിന്റെ പ്രിയശിഷ്യനായ കുമാരു എങ്ങനെ പിൽക്കാലത്ത് ആശാനായി, ആരാധ്യനായി, വേദാന്തിയായി, മഹത്തായ ചിന്തകൾവരെ മനോഹരമായ കവിതകളിലാക്കി ലോകത്തിനു സമ്മാനിച്ചു? മഹാകവി കുമാരനാശാന്റെ ജീവിതകഥ മാത്രമല്ല, ആശാൻ കവിതകളേയും ഈ പുസ്തകം പരിചയപ്പെടുത്തു. ആശാന്റെ കവിതാപ്രപഞ്ചത്തിലേക്കുള്ള വാതായനമാകും ഈ ചെറുഗ്രന്ഥം.

–പ്രൊഫ. എസ്. ശിവദാസ്




## കപ്പൽജീവിതം

(ഓർമ്മകൾ) പി.പി. രവീന്ദ്രൻ നായർ

**വില – 80/-**



രവീന്ദ്രൻനായരുടെ 'കപ്പൽജീവിത'ത്തിലുടനീളം സത്യസന്ധതയും വിനയവും പ്രകടമാകുന്നു എന്നതാണ് എന്നെ ഏറ്റവും ആകർഷിച്ച ഘടകം. ജീവിതത്തിന്റെ വിവിധ മേഖലകളിലെ വിജയങ്ങൾ നേടാൻ കഴിഞ്ഞത് വെറും യാദൃശ്ചികത കൊണ്ടാണെന്ന് ഗ്രന്ഥകാരൻ പറയും.

–ഡോ. കെ. എൻ. ഉണ്ണികൃഷ്ണൻ




## ഗൾഫിന്റെ കാണാക്കാഴ്ച്ചകൾ

(ഓർമ്മകൾ) ഷെരീഫ് ഇബ്രാഹിം

**വില – 100/-**



ഗൾഫിലെ മലയാളിയുടെ ജീവിതം സാഹിത്യത്തിൽ വേണ്ടപോലെ വന്നിട്ടുണ്ടോ എന്ന ചോദ്യത്തിനുള്ള ഉത്തരവുമായാണ് തന്റെ വിലപിടിച്ച അനുഭവങ്ങളുമായി ഷെരീഫ് വായനക്കാർക്കു മുമ്പാകെ വരുന്നത്.

# ഓർമ്മ / ആത്മകഥ / ജീവചരിത്രം




## നമ്പൂരിമാഷ്

(ഓർമ്മകൾ) എസ്. ശാരദാമ്മാൾ

വില – 70/-



സ്നേഹവാത്സല്യങ്ങളുടെ പര്യായമാണ് നമ്പൂരിമാഷ്. മാഷെ മറ്റാരെക്കാളും മനസിലാക്കിയിട്ടുള്ളതും ഹൃദയത്തോട് ചേർത്തുനിർത്തിയിട്ടുള്ളതും അദ്ദേഹത്തിന്റെ സഹധർമ്മിണി ശാരദാമ്മാൾ തന്നെ. ഒരു ഭാര്യ തന്റെ ഭർത്താവിനെ അടയാളപ്പെടുത്തുകയാണിവിടെ. നല്ല മനുഷ്യൻ എന്നാൽ എന്ത് എന്നതിന്റെ ഉത്തരം നമുക്ക് ഈ പുസ്തകം തരും.




## നിറങ്ങൾ വേണ്ടെന്നു പറഞ്ഞവർ


(ജീവിതം) ബാബു ഇരുമല

വില – 70/-



വ്യത്യസ്തരായ പത്ത് വ്യക്തികളുടെ ഹൃദയത്തിലേക്ക് കടന്നുചെല്ലുന്ന ഈ എഴുത്ത് നമ്മെ ഏറ്റവും ആകർഷിക്കുക അതിന്റെ വൈവിധ്യം കൊണ്ടാകും. തങ്ങളുടെ ജീവിതപഥം സഹാനുഭൂതി മൂലം ഞൊടിയിടയിൽ മാറ്റി ചവിട്ടിയവരാണ് ഈ ചിത്രങ്ങളിലെ പലരും. നിറമില്ലാത്ത ലോകത്തിൽ ഇങ്ങനെ കുറെ നല്ല മനുഷ്യർ ദീപ്തമായ പ്രകാശം ചൊരിഞ്ഞുനിൽക്കുന്നു.

–പി. എസ്. ജോസഫ്




## പായ (രണ്ടാം പതിപ്പ്)

(ഓർമ്മകൾ) മനോജ് വെങ്ങോല

വില – 200/-



മനുഷ്യരും അവരുടെ ജീവിതവും നടന്ന പാതകളും അലഞ്ഞ ദൂരവും കുറച്ചധികം പുസ്തകങ്ങളും അഗാധമായ ഇരുട്ടും വെയിലും നിലാവും നിറഞ്ഞതാണ് പായ.




## ശാന്തിസന്ദേശയാത്രകൾ

(രാഷ്ട്രീയ ലേഖനങ്ങൾ) കുന്നത്ത് പരമേശ്വരൻ

വില – 130/-



ലോകസമാധാനത്തിനുവേണ്ടി ഒറ്റയാൾ പോരാട്ടം നടത്തുന്ന കുന്നത്ത് പരമേശ്വരന്റെ ജീവിതം പറയുന്ന പുസ്തകം. പതിവ് ആത്മകഥാഖ്യാനങ്ങൾക്ക് വിരുദ്ധമായി പത്രവർത്തകൾ കോർത്തിണക്കി താൻ നടത്തിയ ശാന്തിസന്ദേശയാത്രകളുടെ ചരിത്രം വരുംതലമുറയ്ക്കായി അദ്ദേഹം രേഖപ്പെടുത്തുന്നു.

## ഓർമ്മ / ആത്മകഥ / ജീവചരിത്രം




### ശേഷം ചിന്ത്യം
(ആത്മകഥ) പ്രൊഫ. പാർവ്വതി കെ. എസ്.

വില – 260/-

യോഗക്ഷേമസഭയിലൂടെ നമ്പൂതിരി സമുദായത്തിന്റെ ഉയർത്തെഴുന്നേൽപ്പിനുള്ള ആഹ്വാനങ്ങളും പ്രവർത്തനങ്ങളുമായി വി.ടി., ഇ.എം.എസ്., ആര്യ പള്ളം, പാർവ്വതി നെന്മെനിമംഗലം തുടങ്ങിയവർ എല്ലാവരെയും ബോധവത്ക്കരണം നടത്തി മുന്നേറുമ്പോൾ അതിനേക്കാളേറെ ആവേശത്തോടെ ഓരോ പ്രവർത്തിയിലും വിപ്ലവം സൃഷ്ടിച്ച് മുന്നേറിയ ഒരു കുടുംബത്തിന്റെ കഥയാണിത്.

–എസ്. ശാരദാമ്മാൾ






### സഹധർമ്മം ചരത
(ഓർമ്മകൾ) മിസ്റ്റർ ആന്റ് മിസിസ്സ് ടി.എസ്.പി. നമ്പൂതിരി

വില – 180/-

ഊർജ്ജവും ഉൽസാഹവും ഒരിക്കലും കൈവിടാത്ത ടി.എസ്.പി. നമ്പൂതിരി എന്ന പ്രതിഭാശാലിയായ അദ്ധ്യാപകനും അദ്ദേഹത്തിന്റെ പ്രിയപത്നി എഴുത്തുകാരിയായ ശാരദാമ്മാളും ചേർന്ന് സ്വന്തം ജീവിതം രേഖപ്പെടുത്തുന്നു. ഈ ദമ്പതിമാർ ജീവിതത്തെ എത്രമാത്രം സൗകുമാര്യത്തോടെയാണ് അഭിമുഖീകരിക്കുന്നതെന്ന് ഈ പുസ്തകം നമുക്ക് പറഞ്ഞുതരുന്നു.






### ഹോട്ടൽ ഡി മലബാർ
(ഓർമ്മകൾ) സി വി കെ കുറുപ്പ്

വില – 100/-

അറിവും അനുഭവവും നർമ്മത്തിൽ ചാലിച്ച് വരച്ചെടുത്ത ഓർമ്മകളുടെ നിറക്കൂട്ടാണ് ഈ ചെറു പുസ്തകം. ഈ പുസ്തകത്ത ിലെ ഓരോ അദ്ധ്യായത്തിലും ഒരു കഥയുണ്ട്. ഗ്രന്ഥകർത്താവിന്റെ ഗൃഹാതുരത്വവും സ്വന്തം ഗ്രാമത്തോടുള്ള അഗാധമായ സ്നേഹവും ഉടനീളം തെളിഞ്ഞുകാണുന്നു.

–ഏല്യാമ്മ യാക്കോബ്



## തിരക്കഥ




### ആക്ഷൻ ഹീറോയിൻ പേളിമാണി
(തിരക്കഥ) ഡോ. കെ. ജെ. ജെയിംസ്

വില – 150/-

പ്രണയകഥ, ക്യാമ്പസ് സ്റ്റോറി, കുടുംബചിത്രം തുടങ്ങിയ വിവിധ ക്യാപ്ഷനുകളിൽ തീയേറ്ററിലെത്തിക്കാൻ കഴിയുന്ന തിരക്കഥ. സ്ത്രീപാത്രകേന്ദ്രീകൃതമായ രചനയാണ് 'ആക്ഷൻ ഹീറോയിൻ പേളീമാണി.' അവയവദാനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയാണ് തിരക്കഥ നൽകുന്ന മുഖ്യ സന്ദേശം.



## തിരക്കഥ




**പള്ളീപ്പോയ് പറഞ്ഞാമതി**
(തിരക്കഥ) ഡോ. കെ. ജെ. ജെയിംസ്

വില – 90/-

ഇരുപത്തിയഞ്ച് വർഷം നീണ്ടുനിൽക്കുന്ന കാലഘട്ടത്തിൽ നടക്കുന്ന രണ്ട് പ്രണയകഥകൾ. അഭ്രപാളികളിൽ സാക്ഷാത്കരിക്കാൻ ഉതകുന്ന രചന.



## പൊതുവിജ്ഞാനം




**ക്വിസ് ഭാരതപ്പുഴ**
(ക്വിസ്) അബിൻ കെ. ഐ.

വില – 100/-

മലയാളക്കരയുടെ മഹാനദിയാണ് ഭാരതപ്പുഴ. ദൈർഘ്യക്കൂടുതൽകൊണ്ട് മാത്രമല്ല, സാംസ്കാരികപ്പെരുമകൊണ്ടുകൂടിയാണ് ഈ നീരൊഴുക്ക് കേരളക്കരയുടെ അനിവാര്യഘടകമായത്. നിളയെന്ന പേരിൽ നാം ഈ നദിയെ ഹൃദയത്തോട് ചേർത്ത് പിടിക്കുന്നു. ഭാരതപ്പുഴയുമായി ബന്ധപ്പെട്ട എഴുന്നൂറിൽ ഏറെ ചോദ്യോത്തരങ്ങൾ സമാഹരിച്ചിട്ടുള്ള പുസ്തകം.







**സ്കൂൾ ക്വിസ്**
(ക്വിസ്) പി. എസ്. പണിക്കർ

വില – 100/-

അറിവാണ് ആയുധം. അറിവില്ലാത്തവർ ഈ ലോകത്ത് പിന്തള്ളപ്പെട്ടുപോകും. മത്സരപരീക്ഷകളിൽ മാത്രമല്ല, ജീവിതത്തിലും. അറിയപ്പെടുന്ന പൊതുവിജ്ഞാന പരിശീലകനായ പി.എസ്. പണിക്കർ കുട്ടികൾക്ക് നൽകുന്ന അതിവിശിഷ്ടമായ ഉപഹാരമാണ് 'സ്കൂൾ ക്വിസ്' എന്ന ഈ പുസ്തകം.



# *New Arrivals*




## ആന്ത്രപ്പോളജി

(കഥകൾ) സജീഷ് വേങ്ങശ്ശേരി

വില – 130/-

മനുഷ്യരുടെ ഉള്ളിലെ ഒറ്റപ്പെട്ടുകിടക്കുന്ന തുരുത്തുകൾ പോലെയാണ് ഇതിലെ ഓരോ കഥയും. അവയെ തീർത്തും വ്യത്യസ്തമായ രീതിയിൽ അലങ്കരിക്കാനും സൂക്ഷ്മീകരിക്കാനും സജീഷ് വേങ്ങശ്ശേരി എന്ന കഥ പറച്ചിലുകാരൻ പുലർത്തുന്ന മിടുക്കിന്റേയും കൃത്യതയുടേയും ആകെ തുകയാണ് ആന്ത്രപ്പോളജി എന്ന ഈ കഥാസമാഹാരം.

**അജിജേഷ് പച്ചാട്ട്**






## ചിത്രദർശനഘട്ടം

(കവിതകൾ) കെ. മുരളീധരൻ

വില – 130/-

തന്റെ ചിത്രങ്ങളുടേയും കവിതകളുടേയും സമാഹാരമായിട്ടാണ് ചിത്രദർശനഘട്ടം ഒരുക്കപ്പെട്ടിരിക്കുന്നത്. കവിതയിൽ പറയാത്തവ ചിത്രങ്ങളിലേയ്ക്കും ചിത്രങ്ങളിൽ പറയാത്തവ കവിതകളിലേയ്ക്കും ബന്ധങ്ങൾ തേടുന്നു. ഈ കവിതകളുടെ മുഖഭാഷ സംവാദപരമാകുന്നു.

**നിക്സൺ പി ഗോപാൽ**






## LOVE IN THE STRANGEST PLACES

(ESSAYS) SUE ANN ZACHARIAH

Price - 100/-

Love in the strangest places is an anthology of poems, conveying simple, yet powerful ideas. These poems and depth to our perspectives about the little things in life, asking us to look beyond the written words into our hearts and souls.






## RETRACING MY STEPS

(AUTO BIOGRAPHY) DR. CHINNAMMA VARGHESE

Price - 320/-

Dr. Chinnamma Varghese is a retired Nuclear Chemist from Bhabha Atomic Research Cetnre (BARC). She is one of the few female Indian scientists working in this area since the 1960s. Dr. Varghese's work focused on managing nuclear reactor effluents; and she was pivotal in setting up public - private research partner- ships



*New Arrivals*




## നീ ധ്യാനമായെരിയും നിലാവും ചാരം

(കവിതകൾ) സി സി കൃഷ്ണകുമാർ

**വില – 230/-**



പ്രപഞ്ചത്തിലെ സമസ്തഭാവങ്ങളും ഈ കവിതകളിലുണ്ട്. ഋതുഭാവങ്ങളുടെ മനോഹാരിതയുണ്ട്. കോസ്മിക് അനുഭവങ്ങളുണ്ട്. ആഴത്തിന്റെ നീലിമ ഞാനറിയുന്നു. ഈ പുസ്തകത്തിന്റെ മറ്റൊരു സവിശേഷത കാതറിന്റെ ഇംഗ്ലീഷ പരിഭാഷയാണ്. മലയാള വരികളുടെ സാന്ദ്രത ഇംഗ്ലീഷിലേക്ക് ആവാഹിക്കുന്നു കാതറിൻ. മലയാളത്തിന്റെ അതിരുവിട്ട് സഞ്ചരിക്കാൻ ഈ കവിതാശലഭങ്ങളെ പ്രാപ്തമാക്കുന്നു, ചിത്രകാരൻ കൂടിയായ കവി തന്റെ രചനകൾക്കു നൽകുന്ന ചിത്രവ്യാഖ്യാനങ്ങളും മനോഹരം.


**പി. സുരേന്ദ്രൻ**




## ഇതിഹാസപര്യടനം – ഭീഷ്മർ, കർണ്ണൻ

(പഠനം) രാജഗോപാൽ ഷേണായി

**വില – 130/-**



രാജഗോപാൽ ഷേണായി വളരെ പഠിച്ചുതന്നെയാണ് ഈ പ്രബന്ധം തയ്യാറാക്കിയിരിക്കുതെന്ന് തീർച്ചയാണ്. ഈ ആധുനികയുഗത്തിലും മഹാഭാരതം പഠിക്കാൻ നടത്തിയ ശ്രമത്തേയും ക്ഷമയേയും ഞാൻ അഭിനന്ദിക്കുന്നു.

**- പത്മശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി**





## കൂടൊഴിയുമ്പോൾ

(നോവൽ) മുടക്കാരിൻ

**വില – 180/-**



ഒരു വ്യക്തിയുടെ മാത്രമല്ല, ഒരു കാലഘട്ടത്തിന്റെ കൂടി സമഗ്രമായ ജീവിതം ആഖ്യാനം ചെയ്യുന്ന നോവൽ. വ്യക്തിജീവിതത്തിലെ വൈകാരിതകൾ മുതൽ സാമൂഹ്യരാഷ്ട്രീയമാറ്റങ്ങളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ വരെ സൂക്ഷ്മമായി വരച്ചുചേർത്ത വിശാലമായ ക്യാൻവാസായി മാറുന്നു, ഈ ചെറുകൃതി.




## ശ്രീമദ് ഭഗവദ്ഗീത

(പുരാണഖ്യാനം) കെ. എൻ. രാമചന്ദ്രൻ

**വില – 410/-**



ശ്രീമദ് ഭഗവദ്ഗീതയുടെ ഭാഷാവൃത്തപരിഭാഷ ഏറെ പുതുമകൾ നിറഞ്ഞതാണ്. ഗീതയിലെ സംസ്കൃത ശ്ലോകങ്ങൾ ഈണത്തിൽ ചൊല്ലാവുന്ന ഭാഷാവൃത്ത നിബദ്ധങ്ങളായ പദ്യങ്ങളിലൂടെ പകർന്നുകിട്ടുമ്പോൾ അനുവാചകർക്കുണ്ടാവുന്ന ആശയാവബോധവും ആനന്ദാനുഭൂതിയും അവാച്യമായിരിക്കും. ശ്രേഷ്ഠഭാഷയായ മലയാളത്തേയും ഗീതാജ്ഞാന ജിജ്ഞാസുക്കളായ മലയാളികളേയും സംബന്ധിച്ചിടത്തോളം കാലാതിശായിയായ ഈ പരിഭാഷ മഹദനുഗ്രഹമാണ്. സംസ്കൃത മൂലശ്ലോകങ്ങൾ മലയാളലിപിയിൽ ഒപ്പം കൊടുത്തിട്ടുള്ളത് ഉപകാരപ്രദമാണ്.

**– ഡോ. കെ. എച്ച് സുബ്രഹ്മണ്യൻ**



# അവാർഡുകൾ അംഗീകാരങ്ങൾ



**വിവിധ അവാർഡുകളും അംഗീകാരങ്ങളും യെസ്പ്രസ് ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളെ തേടിയെത്തി**

| | |
|---|---|
| **അവധൂതൻ** | ജയകുമാർ കാലടി<br>**പ്രൊഫ. ഹൃദയകുമാരി കവിതാപുരസ്കാരം** |
| **ആകാശത്തേക്കുള്ള ദൂരം** | സുരേഷ് കീഴില്ലം<br>**ഗോപി കോട്ടൂരേത്ത് കഥാപുരസ്കാരം, മലയാളപുരസ്കാരം** |
| **ആത്മാവിൽ മുറിവേറ്റ മാലാഖമാർ** | റഷീദ് പാനൂർ<br>**ആത്മയനങ്ങളുടെ ഖസാക്ക് അവാർഡ്** |
| **കനൽജീവിതം** | കൗസല്യകൃഷ്ണൻ<br>**സഹൃദയ കലാ – സാംസ്കാരിക വേദി സാഹിത്യ അവാർഡ്** |
| **ഡിക്റ്റേറ്റർഷിപ്പ് ഓഫ് ദി ക്യാപിറ്റലിസ്റ്റ്** | ടോം മുളന്തുരുത്തി<br>**ചെമ്മനം കവിതാപുരസ്കാരം** |
| **തീവണ്ടി** | തസ്മിൻ ഷിഹാബ്<br>**നവകേരള സാഹിത്യപുരസ്കാരം** |
| **ദൂത്ത് സാഗറിലെ ദുൾപോഡ്** | ഇടപ്പോൺ അജികുമാർ<br>**മംഗളം ഗോൾഡൻ ജൂബിലി ചെറുകഥാ പുരസ്കാരം** |
| **നിഷ്കാസിതരുടെ ആരൂഢം** | മായ ബാലകൃഷ്ണൻ<br>**ഭിന്നശേഷിക്കാരുടെ സാഹിത്യ സൃഷ്ടികൾക്കുള്ള സംസ്ഥാന സർക്കാരിന്റെ 2019–2020 വർഷത്തെ കവിതാസമാഹത്തിനുള്ള അവാർഡ്** |

| | |
|---|---|
| **പകർന്നാട്ടം** | രവിത ഹരിദാസ്<br>**സംസ്ഥാനസർക്കാരിന്റെ സ്വാമി വിവേകാനന്ദപ്രതിഭാപുരസ്കാരം, കേരളസാഹിത്യ വേദി കവിതാ പുരസ്കാരം** |
| **പറയപ്പതി** | മനോജ് വെങ്ങോല<br>**തിരുനെല്ലൂർ സാഹിത്യപുരസ്കാരം, കേരളസാഹിത്യ വേദി കഥാപുരസ്കാരം** |
| **പാഠം ഒന്ന് എന്റെ അമ്മ** | റസിയ പയ്യോളി<br>**യുവസാഹിത്യ പ്രതിഭാപുരസ്കാരം** |
| **പിറവി** | അമൃത എം. നായർ<br>**പി.എൻ പണിക്കർ സാഹിത്യപുരസ്കാരം, സർഗ്ഗശ്രീപുരസ്കാരം** |
| **മണ്ണ്** | എൽദോസ് യോഹന്നാൻ<br>**തൂലികാ സാഹിത്യ അവാർഡ്** |
| **മത്സ്യഗന്ധി** | സുനിൽകുമാർ എം.ജി.<br>**രാജു നിള പുരസ്കാരം** |
| **മുലക്കരം** | സോമൻ ചെമ്പ്രേത്ത്<br>**മലയാളപുരസ്കാരസമിതി പുരസ്കാരം** |
| **മുവാറ്റുപുഴയുടെ നഗരപുരാവൃത്തങ്ങൾ** | മോഹൻദാസ് സൂര്യനാരായണൻ<br>**കുഞ്ചൻ നമ്പ്യാർ അവാർഡ്**<br>**പ്രൊഫ. ടി.വി.കെ. കുറുപ്പ് പുരസ്കാരം** |
| **ശരീരത്തിന്റേതല്ലാത്ത അവയവങ്ങൾ** | പ്രദീപ് എസ് എസ്<br>**മഴവില്ല് പുരസ്കാരം** |
| **ശിഖരങ്ങൾ തേടുന്ന വവ്വാലുകൾ** | അഡ്വ. ഡോ. കെ. സി. സുരേഷ്<br>**സാഹിത്യ ശ്രേഷ്ഠപുരസ്കാരം (ഓസ്ട്രേലിയ)** |

| | |
|---|---|
| **സാന്ധ്യരാഗങ്ങൾ** | പ്രൊഫ. കെ. ബാലകൃഷ്ണൻ<br>**സഫ്ദർ ഹാശ്മി പുരസ്കാരം** |
| **സൂര്യകിരീടി** | സുരേഷ് കീഴില്ലം<br>**കെ.ഡി. ചാക്കോ സ്മാരക ബാലസാഹിത്യ പുരസ്കാരം** |
| **സ്വർണ്ണച്ചിറകുള്ള കാക്ക** | വാസു അരീക്കോട്<br>**പി.എൻ പണിക്കർ പുരസ്കാരം, കുഞ്ചൻ നമ്പ്യാർ സ്മാരകസമിതി ബാലസാഹിത്യ കഥാപുസ്കാരം** |
| **സൈബർ മുറ്റത്തൊരു തുമ്പി** | പ്രദീപ് എസ് എസ്<br>**തപസ്യ സാഹിത്യ എൻഡോവ്മെന്റ് അവാർഡ്, കവി മുട്ടത്ത് സുധ കവിതാ അവാർഡ്** |